# ഗിരിദീപം

ഏപ്രിൽ 2024

പുതുഞായർ ആശംസകൾ



എന്റെ കർത്താവേ എന്റെ ദൈവമേ (യോഹ 20:28)







ഏപ്രിൽ 24 ന്

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

മാർ ജോർജ് വലിയമറ്റം പിതാവിനും

മാർ ജോർജ് ഞറളക്കാട്ട് പിതാവിനും

തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ

# പ്രാർത്ഥനാശംസകൾ

# സ്നേഹസ്മരണക്ക്

18-ാം ചരമവാർഷികം



**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി**

ജനനം 04.08.1911 മരണം 04.04.2006

| ഏപ്രിൽ 2024 | വാല്യം 07<br>ലക്കം 04 |
| --- | --- |

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 100/2024, Circular No. 05/2024 ..... 05
2. കെസിബിസി സർക്കുലർ - മെയ്ദിന സന്ദേശം ..... 09
3. കച്ചേരിക്കാര്യം ..... 14
4. സെമിനാരി വാർത്തകൾ ..... 20
5. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ് ..... 23
6. ബൈബിൾ അപ്പൊസ്റ്റോലേറ്റ് . ..... 30
7. ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ് ..... 33
   തിരുബാലസഖ്യം ..... 37
8. യൂത്ത് അപ്പൊസ്റ്റോലേറ്റ് ..... 39
9. ഫാമിലി അപ്പൊസ്റ്റോലേറ്റ് ..... 42
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ് ..... 47
   നിർമ്മലഗിരി കോളേജ് ..... 53
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ..... 57
   സാൻജോസ് അക്കാദമി ..... 60
11. ലെയ്റ്റി അപ്പൊസ്റ്റോലേറ്റ് ..... 62
   കുടുംബക്കൂട്ടായ്മ ..... 65
   SiFam ..... 66
   ADAM ..... 68
   ഫ്രാൻസിസ്ക്കൻ അല്മായ സഭ (AD) ..... 71
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ..... 72
12. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ് ..... 74
   ബയോ മൗണ്ടൻ ഫാർമേഴ്സ് ..... 77
13. ധ്യാനകേന്ദ്രങ്ങളിലൂടെ ..... 79
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ..... 80
15. Engagements - April (Archbishop Mar Joseph Pamplany) ..... 84
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..... 86
17. Engagements - April (Archbishop Mar George Njaralakatt) ..... 88
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ..... 89
19. Engagements - April (Archbishop Mar George Valiamattam) ..... 90

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 100 /2024, Circular No. 05/2024

## കത്തോലിക്ക കോൺഗ്രസ്
## ഈ കാലഘട്ടത്തിന്റെ ആവശ്യം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

സീറോ മലബാർ സഭാംഗങ്ങളുടെ സാമൂഹികവും, സാമ്പത്തികവും, സാമുദായികവും, സാംസ്കാരികവും, രാഷ്ട്രീയവുമായ താൽപര്യങ്ങളുടെ പരിരക്ഷണത്തിനും സമുദായത്തിന്റെ സർവതോന്മുഖമായ ഉത്കർഷത്തിനും വേണ്ടി നിലകൊള്ളുന്ന സഭയുടെ സമുദായ സംഘടനയാണ് കത്തോലിക്ക കോൺഗ്രസ്. സത്യം, നീതി, ഉപവി എന്ന മുദ്രാവാക്യത്തിൽ അധിഷ്ഠിതമായി അതതുകാലങ്ങളിൽ പ്രാധാന്യമർഹിക്കുന്ന പൊതുപ്രശ്നങ്ങൾ സംബന്ധിച്ച് സമുദായ അംഗങ്ങൾക്ക് പ്രബോധനം നൽകുവാനും പൊതു ജനാഭിപ്രായം രൂപവൽക്കരിക്കാനും കത്തോലിക്ക കോൺഗ്രസിലൂടെ സഭയ്ക്കു സാധിക്കും.

സമുദായാംഗങ്ങളുടെ പൗരാവകാശങ്ങളും ഇതര ആവശ്യങ്ങളും ഗവൺമെന്റുകൾക്കു മുൻപിൽ ബോധിപ്പിക്കാനും പരിഹാരം കണ്ടെത്താനും, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ പക്ഷം ചേർന്നു നീതി നടപ്പാക്കി കിട്ടുവാനും യുക്തമായ നടപടികൾ സ്വീകരിക്കുക എന്നതും സംഘടനയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പെടുന്നതാണ്.

1918 ൽ ചങ്ങനാശ്ശേരിയിൽ ആരംഭിച്ച കത്തോലിക്ക കോൺഗ്രസ് എന്ന സമുദായ സംഘടന നിരവധി സമര പോരാട്ടങ്ങളിലൂടെയാണ് വളർന്നുവന്നത്.

1936 ലെ നിവർത്തന പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത് കത്തോലിക്ക കോൺഗ്രസ് നേതാക്കൾ ആയിരുന്നു. തുടർന്ന് നടന്ന സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭം, സർ സി.പിയുടെ വിദ്യാഭ്യാസ ദേശസാൽക്കരണ നയത്തിനെതിരെയും, പനമ്പള്ളിയുടെ വിദ്യാഭ്യാസ പദ്ധതി എന്നിവയ്ക്കെതിരെയും നടത്തിയ പ്രക്ഷോഭങ്ങൾ തുടങ്ങിയ വയല്ലാം കത്തോലിക്ക കോൺഗ്രസിന്റെ നിർണായകമായ ഇടപെടലി ലൂടെ സംജാതമായ ചരിത്ര നേട്ടങ്ങളാണ്.

കേരളത്തിൽ ക്രൈസ്തവരുടെ ജനസംഖ്യ കുറഞ്ഞുവരികയും അവശേഷിച്ചവർപോലും അതിജീവനത്തിനായി വിവിധ സ്ഥലങ്ങളി ലേക്ക് ചേക്കേറുകയും രാഷ്ട്രീയ - സാമൂഹിക മണ്ഡലങ്ങളിൽ സമുദായം പിന്തള്ളപ്പെടുകയും ചെയ്യുമ്പോൾ ക്രൈസ്തവ സമൂഹത്തിൽ പരിഹൃതമാകേണ്ട നിരവധി പ്രശ്നങ്ങൾ രൂപപ്പെടുന്നുണ്ട്. സമുദായ ത്തെകുറിച്ചുള്ള ബോധവൽക്കരണംവഴി സംഘടിച്ചു ശക്തരാവുക മാത്രമാണു ഇതിനുള്ള പോംവഴിയെന്നു കേരളത്തിലെ ക്രൈസ്തവ സമുദായം മനസ്സിലാക്കിവരുന്നതിന്റെ തുടർച്ചയാണ് സീറോ മലബാർ സിനഡ് പിതാക്കന്മാർ മുൻകൈയെടുത്തു നടപ്പിൽ വരുത്തിയ കത്തോലിക്ക കോൺഗ്രസിന്റെ പുനർശാക്തീകരണം.

സഭയാകുന്ന ക്രിസ്തുവിന്റെ മൗതിക ശരീരത്തിന് ചുറ്റും സംരക്ഷ ണത്തിന്റെ പടച്ചട്ട ആയി മാറുക എന്നുള്ളതാണ് സമുദായത്തിന്റെ ദൗത്യം. നമ്മുടെ വിശ്വാസത്തിനും സമുദായത്തിന്റെ അവകാശ ങ്ങൾക്കും നേരെ കടന്നുകയറ്റം ഉണ്ടാകുമ്പോൾ അതിനെ പ്രതിരോധി ക്കാൻ സമുദായ സംഘടന കൂടുതൽ ശക്തമാക്കണം. സീറോ മലബാർ സഭയിലെ വിവിധ രൂപതകളെയും വിവിധ സംഘടനകളെയും ഒരു ചരടിൽ കോർത്തിണക്കിയതുപോലെ സംഘാതാത്മകതയുടെ പുതിയ വഴി വെട്ടി തെളിച്ചുകൊണ്ടാണ് വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ കത്തോലിക്ക കോൺഗ്രസ് മുൻപോട്ടു പോകുന്നത്.

സമുദായത്തിന്റെ ജനസംഖ്യാശോഷണം, സംവരണതത്വങ്ങളിലെ അട്ടിമറി, ന്യൂനപക്ഷ അവകാശലംഘനം, ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരെയുള്ള കടന്നു കയറ്റം, സാധാരണക്കാരായ കർഷകരുടെ ദുരിതങ്ങൾ, സമർപ്പിതർക്കെതിരെ നിരന്തരമായി നടക്കുന്ന ബോധപൂർവ്വകമായ വേട്ടയാടലുകൾ തുടങ്ങിയവ ഇന്നത്തെ നമ്മുടെ സമുദായം നേരിടുന്ന ചില സുപ്രധാന വെല്ലുവിളികളാണ്. ഈ വെല്ലുവിളികളെ അതിജീവിക്കാനുള്ള കർമ്മപദ്ധതി നടപ്പിലാ ക്കുക എന്നത് കത്തോലിക്ക കോൺഗ്രസിന്റെ കാലികമായ ലക്ഷ്യ

മാണ്. ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ഈ സംഘടനയിലൂടെ സമുദായനേതൃത്വവും സമുദായ അംഗങ്ങളും ശക്തിപ്പെടുമ്പോഴാണ് ഇത് സാധ്യമാകുന്നത്.

സാമുദായിക ശാക്തീകരണത്തിലൂടെ ദൈവജനത്തിന്റെ വളർച്ച കത്തോലിക്ക കോൺഗ്രസ് ലക്ഷ്യം വെക്കുന്നതുകൊണ്ട് മറ്റു സംഘടനകളിൽ അംഗമായിരിക്കുന്നവരടക്കം സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസിൽ അംഗത്വം ഉണ്ടായിരിക്കേണ്ടത് ഈ കാലഘട്ടത്തിൽ സഭയെ വളർത്തുന്നതിനും ഒരുമിച്ച് നിർത്തുന്നതിനും ആവശ്യമാണ്. പൊതുവിഷയങ്ങളിൽ ക്രിയാത്മകമായ നിരവധി മുന്നേറ്റങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതയിൽ നടത്തിക്കൊണ്ടിരിക്കുന്നു എന്നതിന് നാം സാക്ഷികളാണല്ലോ.

അർഹതയുണ്ടായിട്ടും EWS സംവരണവും, സ്കോളർഷിപ്പുകളും നിഷേധിക്കപ്പെടുന്ന സാഹചര്യം ഈ കഴിഞ്ഞ വർഷങ്ങളിൽ അതിശക്തമായിരുന്നു. കത്തോലിക്ക കോൺഗ്രസിന്റെ കാര്യക്ഷമമായ പ്രവർത്തനം വഴി അർഹതപ്പെട്ടവർക്ക് സംവരണത്തിന്റെയും സ്കോളർഷിപ്പിന്റെയും ആനുകൂല്യങ്ങൾ മേടിച്ചു കൊടുക്കാൻ പല ഫൊറോനാകളിലും സാധിച്ചു. ഹാർട്ട്ലിംക്സ് പ്രവർത്തനങ്ങളിലൂടെ സമുദായ അംഗങ്ങൾക്ക് ഗുണപരമായ ചാരിറ്റി പ്രവർത്തനങ്ങൾ ചെയ്യാനും ഉത്തരേന്ത്യയിൽ വിശിഷ്യാ മണിപ്പൂരിൽ ക്രിസ്ത്യാനികളെ ഉൽമൂലനം ചെയ്യുന്നതിനെതിരെയും പള്ളികൾ ആക്രമിക്കപ്പെടുന്നതിനെതിരെയുള്ള പ്രതിഷേധസമരങ്ങൾ, 'കക്കുകളി'പോലുള്ള ക്രൈസ്തവ വിരുദ്ധമായ ആവിഷ്കരണങ്ങളിൾക്കെതിരെയുള്ള പ്രതിഷേധങ്ങൾ, കർഷക വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് സർക്കാരിനുള്ള ഭീമ ഹർജി സമർപ്പണം, സമുദായ നേതാക്കൾക്കുള്ള നേതൃപരിശീലനം, കർഷകരുടെ അപേക്ഷകൾ കർഷക കടാശ്വാസ കമ്മീഷണൻ മുൻപിൽ സമർപ്പിക്കുവാനുള്ള ബോധവൽക്കരണ സെമിനാറുകൾ, ജസ്റ്റീസ് ജെ. ബി. കോശി കമ്മീഷൻ - ജസ്റ്റീസ് ഹരിഹരൻ നായർ കമ്മീഷൻ എന്നിവർക്ക് മുൻപിൽ സമർപ്പിച്ച സമഗ്രമായ റിപ്പോർട്ടുകൾ, വിശ്വാസ പ്രഘോഷണ-സമുദായ ശാക്തീകരണ റാലികൾ തുടങ്ങിയവയെല്ലാം കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതാസമിതിയുടെ ഈ കാലയളവിലെ പ്രശംസനീയമായ പ്രവർത്തനങ്ങളാണ്. ഇന്ന് കത്തോലിക്കാ കോൺഗ്രസിനെ കത്തോലിക്കന്റെ ശബ്ദമായി പൊതുസമൂഹം

അംഗീകരിച്ചിട്ടുണ്ട് എന്നുള്ളത് സമീപകാല മാധ്യമ ഇടപെടലുകളിലൂടെ നമുക്ക് തിരിച്ചറിയാം.

കത്തോലിക്ക കോൺഗ്രസ് നടത്തുന്ന മുന്നേറ്റങ്ങളുടെ സമ്പൂർണ്ണ വിജയത്തിനായി നിങ്ങളുടെ ഓരോരുത്തരുടെയും പങ്കാളിത്തവും സഹായസഹകരണവും അത്യന്താപേക്ഷിതമാണ്. അതിന് 35 വയസ്സിന് മുകളിലുള്ള സമുദായ അംഗങ്ങളായ എല്ലാവരും ഈ സമുദായ സംഘടനയിൽ അംഗത്വം എടുക്കണം എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. അതിനുള്ള മാർഗ്ഗനിർദ്ദേശം ഇടവകാംഗങ്ങൾക്ക് നൽകാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കണം. മാർച്ച് മാസത്തിൽ കത്തോലിക്ക കോൺഗ്രസ്സിന്റെ അംഗത്വനവീകരണവും വിതരണവും തുടർന്ന് സംഘടന തിരഞ്ഞെടുപ്പും നടക്കുകയാണ്. കത്തോലിക്കരായ എല്ലാവരും നമ്മുടെ സമുദായസംഘടനയിൽ ഔദ്യോഗികമായി അംഗങ്ങൾ ആകുന്നുവെന്ന് ബഹുമാനപ്പെട്ട വികാരി അച്ചന്മാർ ഉറപ്പുവരുത്തണം.

നമ്മുടെ അതിരൂപതയിൽ നാളിതുവരെ കത്തോലിക്ക കോൺഗ്രസിൽ നിസ്വാർത്ഥമായി പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ച് നേതൃസ്ഥാനങ്ങൾ അലങ്കരിച്ചിരുന്നവരെ ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

'വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരു ആത്മാവും ആയിരുന്നു. അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല' (അപ്പ 4:32,34). എന്ന ആദിമ ക്രൈസ്തവ ചൈതന്യം സ്വന്തമാക്കാൻ നമുക്കൊന്നിച്ച് മുന്നേറാം.

മിശിഹായിൽ നിങ്ങളുട പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2024 ഫെബ്രുവരി 23 ന് വി. പോലിക്കാർപ്പിന്റെ ദിനം നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 മാർച്ച് 3-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിച്ചതാണ്.

No.: 4010/K-5/KCBC/OL/DS 22.03.2024

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2024**

**"തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുക എന്നതിനേക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല"**
**(ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തൂത്തി 162)**

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരി സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ സർവ്വവിധ മംഗളങ്ങളും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളി സമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് 1 ന് തന്നെയാണ് ആഗോള കത്തോലിക്കാസഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചു വരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായിരുന്ന യേശുവും തൊഴിലാളിയായിരുന്നുവെന്നു (മർക്കോ 6:3) നമുക്ക് ഓർക്കാം.

"ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽ മാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്" തിരുസ്സഭ പഠിപ്പിക്കുന്നത് (263, തിരുസ്സഭയുടെ സാമൂഹിക പ്രബോധനം-സംക്ഷേപം). തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽ സഭയായി രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞു നിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവത്തിനായി പരിശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്നു ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷ പ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ ഇങ്ങനെ വിവരിക്കുന്നു. "പൊതുനന്മയ്ക്കുവേണ്ടിയും, മനുഷ്യജീവിത

ത്തിന്റെ അന്തസ്സുയർത്തുന്നതിനു വേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുക എന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹ ത്തിലെ സാമൂഹിക സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയ മുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അൽമായർ പ്രവർത്തനസജ്ജരാ കണം" (1, 4, g, സിനർജി ഡോക്കുമെൻറ് 28-10-2023)

"എല്ലാവർക്കും സാമൂഹിക നീതിയും അന്തസ്സുള്ള തൊഴിലും" എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ 'അന്തസ്സുള്ള തൊഴിൽ' എല്ലാവർക്കും ലഭ്യമാകണം. അന്താരാഷ്ട്രതൊഴിൽസംഘടന (ILO) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും, തൊഴിൽ അവകാശ ങ്ങളും, സാമൂഹിക സുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദം കൊണ്ട് ഐ. എൽ. ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻപത്തഞ്ച് കോടിയോളം തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ മാത്രമല്ല, അസംഘടിതതൊഴിലാളികൾ. പ്രത്യുത, തൊഴിൽ സംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്ന വരിലെ ബഹുഭൂരിപക്ഷവും 'അന്തസ്സില്ലാത്ത തൊഴിൽ' ചെയ്യുന്നവ രാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവ സ്ഥയാണ്.

ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് എറ്റവും വലിയ തൊഴിൽ വിഭാഗം. നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, സ്വയം തൊഴില ധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽ പരം തൊഴിൽ വിഭാഗങ്ങളെ സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിത മേഖലയിലെ അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നത് സമകാലിക പ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങി

യവർ പുതിയ തൊഴിൽ വിഭാഗങ്ങളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിത മേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിതതൊഴിലാളികളിൽ വലിയ വിഭാഗം കുടിയേറ്റ തൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാത്തതിനാൽ വിലപേശൽശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും, രാഷ്ട്രീയ നേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി സമ്മർദ്ദശക്തി ആകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗനിർദ്ദേശ സംവിധാനങ്ങളുടെ അപര്യാപ്തതയും മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ചുരുക്കം ചില സാമൂഹിക സുരക്ഷാപദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജനവിഭാഗമായി അസംഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസും, സാമൂഹിക നീതിയുമാണ്' തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷങ്ങളും പ്രതീക്ഷകളും, വ്യസനങ്ങളും ഉൽക്കണ്ഠകളും ക്രൈസ്തവരുടേതുകൂടിയായതു" (സഭ ആധുനിക ലോകത്തിൽ 1) കൊണ്ടാണ് തിരുസ്സഭ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ തത്പരരായിരിക്കുന്നത്. ബേത്സെഥാ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം (യോഹ 5:7) നീണ്ട മുപ്പത്തെട്ടു വർഷക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെ യേശു സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേക്ക് ഉയർത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തും എന്ന പ്രതീക്ഷയിൽ വർഷങ്ങളായി സമൂഹ

ത്തിന്റെ മുഖ്യധാരയിൽനിന്നും അകറ്റി നിറുത്തപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽ കാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെൻറ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചുവരുന്നു.  ഒരു സർക്കാരിതര സംഘടനയായ കെഎൽഎംന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന- കേന്ദ്ര സർക്കാരുകളുടെ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയം സഹായസംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക- അഗതീപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളുംപോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാ തലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള ഘടകമാണ് കെഎൽഎം.

സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്ക് വേണ്ട ഒത്താശ നൽകാനായി കെസിബിസി ചുമതലപ്പെടുത്തിയിരിക്കുന്നത് കെഎൽഎം നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ രൂപതകൾക്കും സന്യസ്ത സമൂഹങ്ങൾക്കും കെഎൽഎം ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെൻറ് പ്രവർത്തനം തുടങ്ങിയത്. ഈ വർഷം സുവർണ്ണ ജൂബിലി വർഷമാണ്. ലേബർ കോൺക്ലേവ്-സെമിനാറുകൾ, വിവിധ ഇനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാപനം ദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതുസമ്മേളനത്തിലും ഓരോ രൂപതാ ഘടകത്തിൽനിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെഎൽഎം-ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുവാൻ

അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ച് നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള ദിവ്യബലി, സാമൂഹിക സുരക്ഷാ കാമ്പെയ്ൻ, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽ കൂടി മെയ്ദിനാശംസകൾ നേരുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി - 682 025

---

NB: *2024 ഏപ്രിൽ 28 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

# കച്ചേരിക്കാര്യം
ഏപ്രിൽ 2024

**1. നിത്യാരാധനാ ചാപ്പൽ**

2024 തലശ്ശേരി അതിരൂപതയിൽ ദിവ്യകാരുണ്യ വർഷമായി ആചരിക്കുകയാണല്ലോ. ദിവ്യകാരുണ്യവർഷത്തിൽ അതിരൂപതാ കേന്ദ്രത്തിൽ ദിവ്യകാരുണ്യ ആരാധനയ്ക്കുള്ള പ്രത്യേക സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. 2024 മാർച്ച് 22 ന് നാല്പതാം വെള്ളിയാഴ്ചയിൽ നടന്ന 13 മണിക്കൂർ ആരാധനയോടെയാണ് നിത്യാരാധാന ചാപ്പലിൽ ദിവ്യകാരുണ്യ ആരാധന ആരംഭിച്ചത്. അതിരൂപതാ കച്ചേരിയുടെ മുകൾ നിലയിലാണ് നിത്യാരാധനാ ചാപ്പൽ സ്ഥിതി ചെയ്യുന്നത്. അതിരൂപതാ കേന്ദ്രത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് നിത്യാരാധന ചാപ്പലിലേക്ക് ഹൃദ്യമായ സ്വാഗതം.

**2. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പതിനെട്ടാം ചരമവാർഷികം 2024 ഏപ്രിൽ 4-ാം തീയതി വ്യാഴാഴ്ചയാണ്. അന്നേ ദിവസം നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി വി. കുർബാന അർപ്പിക്കുകയും പിതാവിനെ അനുസ്മരിച്ച് സന്ദേശം നൽകുകയും ചെയ്യണം. വിശ്വാസോത്സവത്തിന്റെ സമാപന ദിനം സൺഡേ സ്കൂൾ കുട്ടികൾക്ക് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിപിതാവിനെ പരിചയപ്പെടുത്തുകയും തലശ്ശേരി രൂപതയുടെ വളർച്ചയിൽ പിതാവിന്റെ സംഭാവനകൾ വിശദീകരിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

**3. നാമഹേതുക തിരുനാൾ**

ഏപ്രിൽ 24 ന് വി. ഗീവർഗീസ് സഹദായുടെ തിരുനാൾ ദിനമാണല്ലോ. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും നാമഹേതുക തിരുനാൾ ദിനം കൂടിയാണന്ന്. അഭിവന്ദ്യ പിതാക്കന്മാർക്കും ജോർജ് നാമധാരികളായ പ്രിയപ്പെട്ട വൈദികർക്കും തിരുനാൾ ദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**4. ആശംസകൾ**

ബഹു. ആന്റണി വെട്ടിയാനിക്കൽ അച്ചൻ ഉപരിപഠനത്തിനായി 2024 മാർച്ച് 20 ന് ജർമ്മനിയിലേക്ക് (Vinzenz Palloth University, Vallendar) പോയി. ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തുന്ന ബഹു. ആന്റണിയച്ചന് പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**5. ബഹു. വൈദികരുടെ പൊതുസ്ഥലം മാറ്റം**

ബഹു. വൈദികരുടെ ഈ വർഷത്തെ പൊതുസ്ഥലം മാറ്റം 2024 മെയ് 11 ശനിയാഴ്ച ആയിരിക്കും. 2024 ഏപ്രിൽ 27ന് സ്ഥലം മാറ്റവിവരം പ്രസിദ്ധീകരിക്കുന്നതാണ്.

**6. ഓശാന ഞായർ ദുഃഖവെള്ളി സ്തോത്രകാഴ്ചകൾ**

ഓശാന ഞായറാഴ്ചത്തെ സ്തോത്രകാഴ്ച വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായും ദുഃഖവെള്ളിയാഴ്ചത്തെ സ്തോത്രകാഴ്ച വിശുദ്ധനാടുകളുടെ സംരക്ഷണത്തിനുവേണ്ടിയുമാണ് സമാഹരിക്കുന്നത്. ദൈവജനത്തെ ഈ കാര്യങ്ങളുടെ പ്രാധാന്യം ഓർമ്മിപ്പിച്ച് സ്തോത്രകാഴ്ച സമാഹരിക്കുകയും അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**7. വാർഷിക പൊതുയോഗവും കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പും**

2023-24 വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേക്കുള്ള ബജറ്റ് എന്നിവ പാസാക്കുന്നതിനും പുതിയ കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള വാർഷികപൊതുയോഗം എല്ലാ ഇടവകകളിലും നിർബന്ധമായും 2024 ഏപ്രിൽ 14-ാം തീയതി ഞായറാഴ്ചയോ ഏപ്രിൽ 21-ാം തീയതി ഞായറാഴ്ചയോ ചേരേണ്ടതാണ്. ആണ്ടുതിരട്ടും പൊതുയോഗ തീരുമാനങ്ങളും 2024 മെയ് 02, 03 തീയതികളിൽ ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് പരിശോധിക്കുന്നതാണ്.

പൊതുയോഗങ്ങളിൽ ഇടവകയുടെ 2023-2024 വർഷത്തെ വാർഷിക കണക്കു പാസാക്കുകയും 2024-2025 വർഷത്തേക്കുള്ള കൈക്കാരന്മാരെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരെ തിരഞ്ഞെടുക്കുമ്പോൾ

അതിരൂപതാ നിയമാവലി (പേജ് 175) ൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഉള്ളവരാണെന്ന് ഉറപ്പു വരുത്തണം. നാലു കൈക്കാരന്മാരെയും തിരഞ്ഞെടുക്കേണ്ടത് പൊതുയോഗമാണ്. എന്നാൽ അവരിൽ 2 പേർ നിലവിലുള്ള പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കണം.

**8. ആണ്ട് തിരട്ട്, ബജറ്റ് പാസ്സാക്കൽ മെയ് 02, 03 തീയതികളിൽ**

ആണ്ട് തിരട്ടും വാർഷിക പൊതുയോഗതീരുമാനവും പരിശോധിച്ച് അംഗീകരിക്കാനായി ബഹു. വികാരി ജനറാൾ അച്ചന്മാരും ചാൻസലറും 2024 മെയ് 02, 03 തീയതികളിൽ ഫൊറോനകൾ സന്ദർശിക്കുന്നതാണ്. ഒരു ഫൊറോനയ്ക്ക് അരദിവസം എന്ന രീതിയിലാണ് സമയം നിശ്ചയിച്ചിരിക്കുന്നത്. രാവിലെ 9 മണിക്കും ഉച്ചകഴിഞ്ഞ് 2 മണിക്കും ഓഡിറ്റ് ആരംഭിക്കും.

**പരിശോധനക്കായി കൊണ്ടുവരേണ്ടവ**

1. വാർഷിക പൊതുയോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയ യോഗപുസ്തകം. പുതുതായി തിരഞ്ഞെടുക്കപ്പെട്ട നാലു കൈക്കാരന്മാരുടെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരുടെയും പേരുകൾ, ആണ്ടുതിരട്ടും ബജറ്റും പാസ്സാക്കിയ വിവരം എന്നിവ പൊതുയോഗ തീരുമാനങ്ങളിൽ ഉണ്ടായിരിക്കണം.
2. പ്രസ്തുതയോഗത്തിന്റെ മിനിട്സ് അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പി.
3. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽനിന്നും എടുത്ത വാർഷിക തിരട്ടിന്റെ ഒരു കോപ്പി.
4. 2024-2025 വർഷത്തേക്കുള്ള ബജറ്റ് - 2 കോപ്പി
5. 10% അതിരൂപതാ വിഹിതവും ഇതരപിരിവുകളും കുടിശ്ശികകൾ ഉണ്ടെങ്കിൽ അവയും അടച്ചതിന്റെ രശീതുകൾ.
6. പി.പി.എഫിലേക്കുള്ള 2024 ലെ വിഹിതവും കുടിശ്ശികയുണ്ടെങ്കിൽ അതും.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. ബഹു. വികാരി, നടത്തുകൈക്കാരൻ, സെക്രട്ടറി എന്നിവരാണ് ഓരോ ഇടവകയിൽനിന്നും വരേണ്ടത്.
2. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ 2024 മാർച്ച് 31 വരെയുള്ള കണക്കുകൾ ഇനിയും അപ്‌ലോഡ് ചെയ്യാത്തവർ ഉടനെ ചെയ്യണം. ഓരോ ഇടവകയും അടയ്ക്കാനുള്ള 10% തുക എത്രയെന്ന് മുൻകൂട്ടി അറിയിക്കാൻ സാധിക്കും.
3. പതിനായിരം രൂപക്ക് മുകളിൽ അതിരൂപതാവിഹിതവും മറ്റ് പിരിവുകളും അടയ്ക്കാനുള്ളവർ നിർബന്ധമായും ചെക്കുകളായി

നല്കണം. ജീവകാരുണ്യഫണ്ടും പി.പി.എഫ് വിഹിതവും വെവ്വേറെ ചെക്കുകളായും ബാക്കിയുള്ളവ ഒറ്റ ചെക്കിലും നല്കാവുന്നതാണ്.

| തീയതി | സമയം | ഫൊറോനകൾ |
|---|---|---|
| 02-05-2024 വ്യാഴം | രാവിലെ 9.00 - 12.30 | കാസർഗോഡ്, കാഞ്ഞങ്ങാട്, പേരാവൂർ വായാട്ടുപറമ്പ്, ആലക്കോട് |
| 02-05-2024 വ്യാഴം | ഉച്ചകഴിഞ്ഞ് 2.00 - 4.30 | മാലോം, പനത്തടി നെല്ലിക്കാംപൊയിൽ, മണിക്കടവ് |
| 03-05-2024 വെള്ളി | രാവിലെ 9.00 - 12.30 | ചെമ്പേരി, എടൂർ, തളിപ്പറമ്പ് പൈസക്കരി, കുന്നോത്ത് |
| 03-05-2024 വെള്ളി | ഉച്ചകഴിഞ്ഞ് 2.00 - 4.30 | വെള്ളരിക്കുണ്ട്, തോമാപുരം ചെമ്പന്തൊട്ടി, ചെറുപുഴ, മേരിഗിരി |

**9. ആദരാഞ്ജലികൾ**

**1. റവ. സി. എൽസി ടോം സി.എം.സി. (72) :** സി.എം.സി. സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായിരുന്ന ബഹു. സി. എൽസി ടോം മംഗലത്ത് 2024 ഫെബ്രുവരി 29ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 മാർച്ച് 01 ന് നെല്ലിക്കാംപൊയിൽ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ് സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. എടൂർ, കുന്നുംകൈ, പേരട്ട, നിർമ്മലഗിരി, ചെട്ട്യംപറമ്പ്, നെട്ടണ, പതാവ്, ധർമ്മസ്ഥല, മുണ്ടാജെ, പടന്നക്കാട് എന്നീ മഠങ്ങളിൽ ബഹു. സി. എൽസി ടോം സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.



**2. ശ്രീ. തോമസ് പൂന്നൂര് (81) :** ബഹു. ആന്റണി പുന്നൂരച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. തോമസ് പുന്നൂർ 2024 മാർച്ച് 11 ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 മാർച്ച് 12 ന് മണിക്കടവ് സെന്റ് തോമസ് ഫൊറോനാ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ആന്റണി പുന്നൂരച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.

**3. ശ്രീ. തോമസ് മുളയോലിൽ (80) :** ബഹു. മാത്യു മുളയോലിൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. തോമസ് മുളയോലിൽ 2024 മാർച്ച് 24 ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 മാർച്ച് 25 ന് കല്ലുമുതിരക്കുന്ന് സെന്റ് ജൂഡ് ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.

**10. സ്നേഹസ്മൃതി**

| | | | |
|---|---|---|---|
| 1. | റവ. ഫാ. മാത്യു മേക്കുന്നേൽ | - | 01-04-2008 |
| 2. | റവ. ഫാ. സേവ്യർ കണിയാന്തറ | - | 02-04-1990 |
| 3. | **അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** | **-** | **04-04-2006** |
| 4. | റവ. ഫാ. ജോസഫ് തുരുത്തേൽ | - | 05-04-2021 |
| 5. | **അഭിവന്ദ്യ മാർ ഇമ്മാനുവൽ പോത്തനാമൂഴി** | **-** | **06-04-2003** |
| 6. | റവ. ഫാ. പോൾ മണക്കാട്ടുമറ്റം | - | 08-04-2015 |
| 7. | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ | - | 10-04-1977 |
| 8. | റവ. ഫാ. ജോസഫ് കൂറ്റാരപ്പള്ളിൽ | - | 10-04-2020 |
| 9. | റവ. ഫാ. മാത്യു മുള്ളൻമട | - | 17-04-2020 |
| 10. | റവ. ഫാ. മാത്യു പാലമറ്റം | - | 20-04-1972 |
| 11. | റവ. ഫാ. ഫ്രാൻസീസ് ആറുപറയിൽ | - | 20-04-2012 |
| 12. | റവ. ഫാ. അഗസ്റ്റിൻ കണ്ണാടിക്കര | - | 21-04-1994 |
| 13. | റവ. ഫാ. സക്കറിയാസ് വള്ളോപ്പിള്ളി | - | 28-04-2016 |
| 14. | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ | - | 29-04-1997 |
| 15. | റവ. ഫാ. ജോർജ് പുനക്കാട്ട് | - | 29-04-1968 |
| 16. | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ | - | 29-04-1999 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സാൻജോസ് റിവർവ്യൂ ഹൈറ്റ്സ് – ഇരിട്ടി

ഐതിഹാസികമായ മലബാർ കുടിയേറ്റത്തിന്റെ പാദമുദ്രകൾ പേറുന്ന ഇരിട്ടി പട്ടണത്തിനു തിലകക്കുറിയായി സെന്റ് ജോസഫ്സ് പള്ളിയുടെ മുൻഭാഗത്ത് "സാൻജോസ് റിവർവ്യൂ ഹൈറ്റ്സ്"എന്ന പേരു നല്കിയിരിക്കുന്ന തലശ്ശേരി അതിരൂപതയുടെ ഉടമസ്ഥതയിലുള്ള വ്യാപാര സമുച്ചയം 2024 മാർച്ച് 16 ന് ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ മാർ ജോർജ് ഞറളക്കാട്ട് പിതാവ് കെട്ടിടത്തിന്റെ ആശീർവാദകർമവും മാർ ജോർജ് വലിയമറ്റം പിതാവ് കെട്ടിടത്തിന്റെ ഉദ്ഘാടനകർമവും നിർവഹിച്ചു. പേരാവൂർ എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് ഫലകം അനാച്ഛാദനം ചെയ്തു. അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. രാഷ്ട്രീയ സാമൂഹികരംഗത്തെ വിശിഷ്ട വ്യക്തികളും ഇരിട്ടി ഭാഗത്തുനിന്നുള്ള ബഹു. വൈദികരും ബഹു. സിസ്റ്റേഴ്സും ദൈവജനവും ഉദ്ഘാടനചടങ്ങിൽ സംബന്ധിച്ചു. വികാരിജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. ജോസഫ് ഒറ്റപ്ലാക്കൽ, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ എന്നിവരും രൂപതാകേന്ദ്രത്തിലെ വൈദികരും സന്നിഹിതരായിരുന്നു. അതിരൂപതാ പ്രൊക്യുറേറ്റർ ഫാ. ജോസഫ് കാക്കരമറ്റത്തിൽ ഏവർക്കും നന്ദിപറഞ്ഞു.

മലബാർ കുടിയേറ്റ സ്മാരകമായ ഇരിട്ടി കുരിശുപള്ളിക്കു സമീപം തലശ്ശേരി അതിരൂപതയുടെ വളർച്ചയുടെ ഒരടയാളമായി മനോഹരമായ ഈ കെട്ടിടം നിലകൊള്ളുന്നു. ഉന്നത വിദ്യാഭ്യാസ പരിശീലനം, വ്യാപാര സമുച്ചയം, താമസിക്കാൻ ഫ്ളാറ്റുകൾ എന്നിവ ലക്ഷ്യം വച്ചുകൊണ്ടാണ് സാൻജോസ് റിവർവ്യൂ ഹൈറ്റ്സ് നിർമിച്ചിരിക്കുന്നത്. 41,000 സ്ക്വയർഫീറ്റ് വിസ്താരം, നാല് നിലകളിലായി 48 കടമുറികൾ, ലിഫ്റ്റ് സൗകര്യം, അപ്പാർട്ടുമെന്റുകൾ, വിശാലമായ കാർ പാർക്കിംഗ്, പ്രകൃതിരമണീയമായ പരിസരം എന്നിവ സാൻജോസ് റിവർവ്യൂ ഹൈറ്റ്സിന്റെ പ്രത്യേകതകളാണ്.

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവാണ് ഈ വ്യാപാര സമുച്ചയത്തിന്റെ പണികൾ ആരംഭിക്കുവാൻ തീരുമാനിച്ചത്. നിർമാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ അന്നത്തെ പ്രൊക്യുറേറ്ററായിരുന്ന ബഹു. ആന്റണി പരതേപതിക്കലച്ചനാണ് മേല്നോട്ടം വഹിച്ചത്. നിർമാണ പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി പൂർത്തിയാക്കുവാൻ ഏറെ കഠിനാദ്ധ്വാനം ചെയ്തത് അതിരൂപതാ പ്രൊക്യുറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചനാണ്. കെട്ടിടത്തിന്റെ നിയമപരമായ അനുവാദങ്ങൾ ലഭ്യമാക്കുവാൻ വേണ്ട കാര്യങ്ങൾ ക്രമീകരിച്ചതും പ്രൊക്യൂറേറ്റർ അച്ചനെ സഹായിച്ചതും അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചനാണ്. ഈ വ്യാപാരസമുച്ചയത്തിൽ നിന്നുള്ള വരുമാനം വൈദികക്ഷേമത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായാണ് ഉദ്ദേശിക്കുന്നതെന്ന് മാർ ജോസഫ് പാംപ്ലാനി പിതാവ് ആശംസാ പ്രസംഗത്തിൽ പ്രസ്താവിക്കുകയും കെട്ടിടനിർമാണത്തിൽ സഹകാരികളായ എല്ലാവരെയും അനുമോദിക്കുകയും ചെയ്തു.

**ചാൻസലർ**

# സെമിനാരി വാർത്തകൾ

## 1. ദൈവവിളിക്യാമ്പ് - 2024

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് ഏപ്രിൽ 7, 8, 9 തീയതികളിൽ ക്രമീകരിച്ചിരിക്കുന്നത്. കുട്ടികളിലെ ദൈവവിളി കണ്ടെത്താനും പരിപോഷിപ്പിക്കാനുമുള്ള ഈ ക്യാമ്പിലേക്ക് ഇടവകകളിൽ നിന്നും എസ്.എസ്.എൽ.സി, +2 കഴിഞ്ഞ, താല്പര്യമുള്ള മുഴുവൻ കുട്ടികളെയും പറഞ്ഞയയ്ക്കുമല്ലോ. നിങ്ങളുടെ സമ്പൂർണ്ണമായ സഹകരണം ക്യാമ്പിന്റെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

**ക്യാമ്പ് തീയതികൾ : ഏപ്രിൽ 7, 8, 9**
**ഏപ്രിൽ 7 ഞായറാഴ്ച 5 മണിക്ക് ആരംഭിക്കുന്നു**
**ഏപ്രിൽ 9 ചൊവ്വ രാവിലെ 10 മണിക്ക് അവസാനിക്കുന്നു**

**ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ - ആൺകുട്ടികൾക്ക്**

| | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| 1 | അങ്ങാടിക്കടവ് | പേരാവൂർ, കുന്നോത്ത്, എടൂർ നെല്ലിക്കാംപൊയിൽ, മണിക്കടവ് |
| 2 | ചെമ്പന്തൊട്ടി | പൈസക്കരി, ചെമ്പേരി, വായാട്ടുപറമ്പ് ചെമ്പന്തൊട്ടി, ആലക്കോട് |
| 3 | ചട്ടമല | മേരിഗിരി, ചെറുപുഴ, തോമാപുരം മാലോം |
| 4 | പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി തളിപ്പറമ്പ, വെള്ളരിക്കുണ്ട് |

**ക്യാമ്പ് നടക്കുന്ന സ്ഥലം - പെൺകുട്ടികൾക്ക്**

| | |
|---|---|
| മദർ ഹോം പരിയാരം | എല്ലാ ഫൊറോനകളിൽ നിന്നുള്ള പെൺകുട്ടികൾ |

**റീജണൽ ക്യാമ്പിനെ സംബന്ധിച്ചുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

1. റീജണൽ ക്യാമ്പ് ആരംഭിക്കുന്നത് ഏപ്രിൽ 7 ഞായറാഴ്ച വൈകിട്ട് 4 മണിക്കായിരിക്കും.

2. ക്യാമ്പിൽ പങ്കെടുക്കുന്നവർ വികാരിയച്ചന്റെ കത്തുമായി വരേണ്ടതാണ്.
3. സെമിനാരിയിലും കോൺവെന്റുകളിലും ചേരുവാൻ താല്പര്യമുള്ള കുട്ടികളെ നിർബന്ധമായും ക്യാമ്പിൽ പറഞ്ഞുവിടണം. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ അതിരൂപതയിൽ നിന്നുള്ള NOC ലഭിക്കുകയുള്ളൂ. അതിരൂപതയ്ക്കുവേണ്ടി നല്ല കുട്ടികളെ കണ്ടെത്തുകയും, നമ്മുടെ മൈനർ സെമിനാരിയിൽ ചേരാനുള്ള കുട്ടികളുടെ പേരുകൾ ക്യാമ്പിന് കത്തുകൊടുത്തുവിടുമ്പോൾ പ്രത്യേകമായി സൂചിപ്പിക്കുകയും ചെയ്യുമല്ലോ.
4. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും
5. വൊക്കേഷൻ പ്രമോട്ടേഴ്സിന് ക്യാമ്പ് സന്ദർശിക്കാനുള്ള സമയം ഏപ്രിൽ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 8 മണി മുതൽ 10 മണി വരെ ആണ്. മറ്റ് ദിവസങ്ങളിൽ സന്ദർശനം അനുവദിക്കുകയില്ല.
6. ക്യാമ്പ് അവസാനിക്കുന്നത് ഏപ്രിൽ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് ആയിരിക്കും.

### പെൺകുട്ടികളുടെ ക്യാമ്പ്

പെൺകുട്ടികളുടെ ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അതുകൊണ്ട് ഈ വർഷം മദർഹോമിൽ വച്ച് നടത്തുന്ന പെൺകുട്ടികളുടെ ക്യാമ്പിലേക്ക് സാധിക്കുന്നിടത്തോളം കുട്ടികളെ പറഞ്ഞയക്കുമല്ലോ. ജീവിതദർശന ക്യാമ്പായിട്ടാണ് പെൺകുട്ടികളുടെ ക്യാമ്പ് നടത്തുന്നത്. ആയതിനാൽ 9 മുതൽ 12 വരെ പഠിക്കുന്ന സാധിക്കുന്നിടത്തോളം പെൺകുട്ടികളെ ഈ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കാവുന്നതാണ്. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും. ഒരു ഇടവകയിൽനിന്നും കുറഞ്ഞത് 2 പെൺകുട്ടികളെയെങ്കിലും ക്യാമ്പിന് പങ്കെടുപ്പിക്കുവാൻ ബഹു. വൈദികരും സിസ്റ്റേഴ്സും താല്പര്യപ്പെടുമല്ലോ.

### 2. അതിരൂപതാ മൈനർ സെമിനാരി സെലക്ഷൻ ക്യാമ്പ്

- ഏപ്രിൽ 15,16,17,18 തീയതികളിൽ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു.
- ഏപ്രിൽ 15 തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഏപ്രിൽ 18 വ്യാഴാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു.
- നമ്മുടെ മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിന് ഫീസ് ഉണ്ടായിരിക്കുകയില്ല.
- ഈ വർഷവും മിടുക്കന്മാരായ നല്ല കുട്ടികളെ നമ്മുടെ അതിരൂപതയിൽ ചേരുവാൻ പറഞ്ഞയക്കുമല്ലോ.

## 3. മേജർ സെമിനാരി വാർത്തകൾ

**1. ഡീക്കൻപട്ടം സ്വീകരണം :** നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം 8 സബ് ഡീക്കന്മാർ മ്ശംശാനപട്ടം സ്വീകരിച്ചു. ദീർഘകാലത്തെ പരിശീലനത്തിനുശേഷം പൗരോഹിത്യ സ്വീകരണത്തിന് ഒരുങ്ങുന്ന ബഹു. ഡീക്കന്മാർക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

| പേര്, വീട്ടുപേര് | ഇടവക |
|---|---|
| ഡീ. ജെയിംസ് (ബോഡ്വിൻ) അട്ടാറയ്ക്കൽ | ചെടിക്കുളം |
| ഡീ. അഗസ്റ്റ്യൻ (നിധിൻ) ചെറുനിലം | കാലാങ്കി |
| ഡീ. സെബാസ്റ്റ്യൻ (ജുബിൻ) കണിപറമ്പിൽ | ചുള്ളി |
| ഡീ. മാർട്ടിൻ പാഴൂപറമ്പിൽ | ചെറുപാറ |
| ഡീ. ജോൺ (ബിനീഷ്) വലിയപറമ്പിൽ | നാട്ടക്കൽ |
| ഡീ. തോമസ് (അമൽ) വള്ളിയിൽ | പാലാവയൽ |
| ഡീ. ചാക്കോ (റിബിൻ) കളപ്പുര | വായാട്ടുപറമ്പ് |
| ഡീ. ജോസഫ് (സിറിൽ) ചെറുകരക്കുന്നേൽ | ആലക്കോട് |

**2. ട്രെയിനിംഗ് പ്രോഗ്രാം**

അവധിക്കാല ധ്യാനത്തിനൊരുക്കമായി മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദികാർത്ഥികളുടെ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. 80 വൈദികാർത്ഥികൾ പരിശീലനത്തിൽ പങ്കെടുത്തു. ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ നിന്നുള്ള ബ്ര. സന്തോഷ് ആന്റ് ടീം നേതൃത്വം നൽകി.

**3. അവധിക്കാല ധ്യാനങ്ങൾ, സേവനങ്ങൾ**

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ അവധി മാർച്ച് മാസത്തിൽ ആരംഭിച്ചു. കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ഇടവകയിലെ ആത്മസ്ഥിതി തയ്യാറാക്കൽ തുടങ്ങിയവ ചെയ്യുവാൻ നമ്മുടെ ബ്രദേഴ്സ് അവധിക്കാലത്ത് സജ്ജരാണ്. ഇത്തരത്തിലുള്ള സേവനങ്ങൾ ആവശ്യമുള്ള ഇടവകകൾ മുൻകൂട്ടി മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. വാർഷികപരീക്ഷ I - XI - ഏപ്രിൽ 06 ശനി**

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 06 ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**2. മാർക്ക് വിഭജനം**

**ക്ലാസ്സ് 1-3**

| | |
|---|---|
| പാഠപുസ്തകം | - 50 മാർക്ക് |
| ഉപപാഠം | - 20 മാർക്ക് |

**ക്ലാസ്സ് 4-11**

| | |
|---|---|
| പാഠപുസ്തകം | - 50 മാർക്ക് |
| ഉപപാഠം | - 10 മാർക്ക് |
| നമസ്ക്കാരം | - 05 മാർക്ക് |
| ജനറൽ ചോദ്യങ്ങൾ | - 05 മാർക്ക് |

**3. ജനറൽ ചോദ്യങ്ങൾ**

ഈസ്റ്റർ പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ പ്രധാനാധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി നൽകിയിരുന്നല്ലോ. ഈ വർഷത്തെ ജനറൽ ചോദ്യങ്ങൾ വി. കുർബാനയെ ആസ്പദമാക്കിയുള്ളതാണ്. അധ്യാപകർ ജനറൽ ചോദ്യങ്ങൾ കുട്ടികൾക്ക് നല്കി അവരെ പരീക്ഷയ്ക്ക് ഒരുക്കേണ്ടതാണ്.

**4. വിശ്വാസോത്സവം - ഏപ്രിൽ 01 മുതൽ 04 വരെ**

വിശ്വാസോത്സവം ഏപ്രിൽ 01 മുതൽ 04 വരെയാണ്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേസ്കൂളുകളും പാലിക്കുമല്ലോ. വിശ്വാസോത്സവ ദിവസങ്ങളിൽ ധ്യാനമോ, സെമിനാറുകളോ സംഘടിപ്പിക്കരുത്.

**5. വിശ്വാസോത്സവ പഠനശിബിരങ്ങൾ**

മാർച്ച് 9 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെയുള്ള സമയത്ത് തളിപ്പറമ്പിൽവച്ച് അതിരൂപതാതല പഠനശിബിരവും മാർച്ച് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയുള്ള സമയത്ത് ഫൊറോനാതല പഠനശിബിരവും നടത്തി. ട്രെയിനിംഗിന് നേതൃത്വം നൽകിയവർക്കും പഠനശിബിരത്തിൽ പങ്കെടുത്തവർക്കും നന്ദി.

**6. വിശ്വാസോത്സവ ആൽബം**

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കിഅവരെ ഒരുക്കുമല്ലോ. **വിഷയം: വിശുദ്ധ കുർബാനയാകുന്ന വിസ്മയം.**

ദിവ്യകാരുണ്യവർഷത്തിൽ വി. കുർബാന എന്ന വിഷയത്തെ ആസ്പദമാക്കിയാണ് കുട്ടികൾ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടത്. ആൽബത്തിൽ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 13-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 19-ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

**7. സ്കോളർഷിപ്പ് പരീക്ഷ**

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▸ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് ഉത്തരപേപ്പറുകൾ ഏപ്രിൽ 15 തിങ്കളാഴ്ചക്കുള്ളിൽ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▸ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

**8. അവധിക്കാല വേദപാഠം ഏപ്രിൽ 15-19**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടി

കൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 15-ന് രാവിലെ 9.30 മുതൽ 19-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടുവരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

### 9. സഭാവിജ്ഞാനീയ ക്വിസ് വിജയികൾ

മാർച്ച് 8 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയുള്ള സമയത്ത് തളിപ്പറമ്പിൽവച്ച് വിശ്വാസപരിശീലകർക്കുവേണ്ടി സഭാവിജ്ഞാനീയ ക്വിസ് നടത്തി. ജെയിംസ് ആക്കപ്പള്ളിൽ, മാവുംചാൽ ഒന്നാം റാങ്കിനും ഡോ. ജിൻസ് ജോസഫ് കാരിക്കാട്ടിൽ, രയറോം, മോളി മാത്യു കാരക്കടയിൽ, ജയഗിരി എന്നിവർ രണ്ടാം റാങ്കിനും ബിൻസി ജോസഫ് വല്ലനാട്ട്, വിജയഗിരി മൂന്നാം റാങ്കിനും സി. അൽഫോൻസ എസ്എച്ച്, തലശ്ശേരി നാലാം റാങ്കിനും തങ്കച്ചൻ കലയത്തിനാക്കുഴി, കരിക്കോട്ടക്കരി അഞ്ചാം റാങ്കിനും അർഹരായി.

### 10. ASPCT പരീക്ഷ വിജയികൾ

മാർച്ച് 8 വെള്ളിയാഴ്ച രാവിലെ 10 മുതൽ 11.30 വരെ തളിപ്പറമ്പിൽവച്ച് വിശ്വാസപരിശീലകർക്കായി അവസാനഘട്ട എഴുത്തുപരീക്ഷ നടത്തി. മോളി മാത്യു കാരക്കടയിൽ, ജയഗിരി ഒന്നാം റാങ്കിനും, ജെയിംസ് ആക്കപ്പള്ളിൽ മാവുംചാൽ രണ്ടാം റാങ്കിനും, സി. എയ്ഞ്ചൽ എസ്എബിഎസ്, പയ്യന്നൂർ മൂന്നാം റാങ്കിനും, ഡോ. ജിൻസ് ജോസഫ് കാരിക്കാട്ടിൽ, രയറോം നാലാം റാങ്കിനും, ബിൻസി ജോസഫ് വല്ലനാട്ട്, വിജയഗിരി അഞ്ചാം റാങ്കിനും ജോയി ചെല്ലംകോട്ട്, പടന്നക്കാട് ആറാം റാങ്കിനും അർഹരായി.

### 11. ഡിപ്ലോമ റിസൾട്ട് 2023-2024

തലശ്ശേരി അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം 2023-2024 പ്രവർത്തനവർഷത്തിൽ പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ സൺഡേ സ്കൂൾ ഡിപ്ലോമാ പരീക്ഷാഫലം ബിഷപ്പ്സ്ഹൗസിൽവെച്ച് നടത്തിയ മീറ്റിംഗിൽ വച്ച് അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രഖ്യാപിച്ചു. 212 സൺഡേ സ്കൂളുകളിൽ 174 സൺഡേസ്കൂളുകൾ നൂറ് ശതമാനം വിജയം കരസ്ഥമാക്കി. 3418 കുട്ടികൾ പങ്കെടുത്ത ഡിപ്ലോമ പരീക്ഷയിൽ 3345 കുട്ടികൾ ഡിപ്ലോമയ്ക്കും 73 കുട്ടികൾ കോഴ്സ് സർട്ടിഫിക്കറ്റിനും അർഹരായി.

| അതിരൂപതാ റാങ്ക് ലിസ്റ്റ് 2023 - 2024 | | | |
|---|---|---|---|
| 1. റോസ്‌ലിറ്റ് ജെയിംസ് വാലുമ്മേൽ | പരപ്പ | ഒന്നാം റാങ്ക് | 100 |
| 2. തെരേസ് സോബി മാത്തൻകുന്നേൽ | എണ്ണപ്പാറ | രണ്ടാം റാങ്ക് | 99 |
| 3. തെരേസ അയ്യങ്കാനാൽ | ചെമ്പേരി | മൂന്നാം റാങ്ക് | 98 |
| 4. ട്രീസ മരിയ തെങ്ങനാക്കുന്നേൽ | പുലിക്കുരുമ്പ | മൂന്നാം റാങ്ക് | 98 |
| 5. തെരേസ വെട്ടിക്കാട്ട് | കച്ചേരിക്കടവ് | മൂന്നാം റാങ്ക് | 98 |

| ഫൊറോനാതല റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. റോസ്‌ലിറ്റ് ജെയിംസ് വാലുമ്മേൽ | പരപ്പ | ആലക്കോട് |
| 2. ആൻ റിയ മൂത്തേടത്ത് | ചേപ്പറമ്പ് | ചെമ്പന്തൊട്ടി |
| 3. തെരേസ അയ്യങ്കാനാൽ | ചെമ്പേരി | ചെമ്പേരി |
| 4. ട്രീസാ മരിയ തെങ്ങനാക്കുന്നേൽ | പുലിക്കുരുമ്പ | |
| 5. മെറീന ചൊവ്വാറ്റുകുന്നേൽ | പുളിങ്ങോം | ചെറുപുഴ |
| 6. എയ്ഞ്ചലിന മരിയ കുഴിക്കാട്ടിൽ | കരിക്കോട്ടക്കരി | എടൂർ |
| 7. തെരേസ് സോബി മാത്തൻകുന്നേൽ | എണ്ണപ്പാറ | കാഞ്ഞങ്ങാട് |
| 8. ആൻമരിയ പഴുക്കാത്തറ | കാസർഗോഡ് | കാസർഗോഡ് |
| 9. തെരേസ വെട്ടിക്കാട്ട് | കച്ചേരിക്കടവ് | കുന്നോത്ത് |
| 10. ക്ലെയർ മരിയ ആനാനിഉറുമ്പേൽ | മാലോം | മാലോം |
| 11. ജോൺ ശാശ്ശേരിൽ | മണിക്കടവ് | മണിക്കടവ് |
| 12. എയ്ഞ്ചൽ ആനിത്തോട്ടത്തിൽ | വിമലശ്ശേരി | മേരിഗിരി |
| 13. മരിയ തെള്ളിക്കുന്നേൽ | പുറവയൽ | നെല്ലിക്കാംപൊയിൽ |
| 14. ജിയാന്നാ മേരി മണ്ണനാൽ | വെമ്പുവ | പൈസക്കരി |
| 15. ജോസഫ് പുള്ളോലിൽ | പാണത്തൂർ | പനത്തടി |
| 16. അൽഫോൻസ ഞള്ളത്തുവയലിൽ | നെടുംപുറംചാൽ | പേരാവൂർ |
| 17. റോസ് കപ്പലുമാക്കൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 18. റോസ് മരിയ ചക്കരയിൽ | കണ്ണിവയൽ | തോമാപുരം |
| 19. മരിയ മുണ്ടയ്ക്കാപ്പടവിൽ | തടിക്കടവ് | വായാട്ടുപറമ്പ് |
| 20. മെലിസ്സ മരിയ പറപ്പള്ളി | തടിക്കടവ് | |
| 21. മരിയ തെങ്ങനാൽ | അട്ടക്കണ്ടം | വെള്ളരിക്കുണ്ട് |

## 12. EduSpark

കുട്ടികളെ അനുധാവനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി അതിരൂപത ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭമാണ് EduSpark. യുവജനങ്ങളോടൊപ്പം സഞ്ചരിക്കുക, അഭിരുചി, വിദ്യാഭ്യാസം, വൈദഗ്ധ്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള പ്രൊഫൈൽ ഉണ്ടാക്കാൻ സഹായിക്കുക, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ-കോഴ്സുകൾ പരിചയപ്പെടുത്തുക, വിവിധ സ്കോളർഷിപ്പുകൾ, മത്സരപരീക്ഷകൾ, പ്രവേശനപരീക്ഷകൾ

എന്നിവയെപ്പറ്റി അറിവ് നൽകുക, വിദ്യാഭ്യാസ-തൊഴിൽ മേഖലകളെക്കുറിച്ചുള്ള അറിവ് നൽകുക തുടങ്ങി വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളാണ് EduSpark-ന് ഉള്ളത്. **വിശ്വാസോത്സവത്തിന്റെ ഒരു ദിവസം പതിനൊന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും EduSpark-വെബ് ആപ്പിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.**

## 13. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി വിശ്വാസോത്സവം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

## 14. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്

2023-2024 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനും വിശ്വാസോത്സവ വർക്കുബുക്കുകൾ വിതരണം ചെയ്യുന്നതിനുമായി മാർച്ച് 12, 13, 14, 15, 17 തീയതികളിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഹെഡ്മാസ്റ്റർമാർക്കും നന്ദി.

## 15. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം **മാർച്ച് 12 ചൊവ്വാഴ്ച സന്ദേശഭവനിൽവച്ച്** നടത്തി. സന്ദർശന റിപ്പോർട്ട് വിസിറ്റേഴ്സ് മീറ്റിംഗിൽ അവതരിപ്പിച്ചു.

## 16. ജൂബിലി

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 17. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 18. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു.

ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 19. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് വെള്ള പേപ്പറിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 20. പുതിയ പുസ്തകങ്ങൾ

2024-2025 പ്രവർത്തനവർഷത്തിൽ പതിനൊന്നാം ക്ലാസ്സിലെ പാഠപുസ്തകവും എട്ട്, പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ ഉപപാഠപുസ്തകങ്ങളും മാറുന്നതാണ്. പാഠപുസ്തകങ്ങളുടെയും ഉപപാഠ പുസ്തകങ്ങളുടെയും വില അടുത്ത മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 21. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

## 22. ആദരാഞ്ജലികൾ

ചുണ്ടപ്പറമ്പ് സൺഡേ സ്കൂൾ പ്രധാനാധ്യാപകനായ തങ്കച്ചൻ കൂനങ്കിൽ സാറിന്റെ മാതാവ് ത്രേസ്യാമ്മ കൂനങ്കിൽ, കാലാങ്കി സൺഡേസ്കൂൾ

പ്രധാനാധ്യാപകൻ തോമസ് പൂപ്പള്ളിൽ സാറിന്റെ മാതാവ് ത്രേസ്യാമ്മ പൂപ്പള്ളിൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തങ്കച്ചൻ സാറിന്റെയും തോമസ് സാറിന്റെയും കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**23. ദിവ്യകാരുണ്യസന്ധ്യ**

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് വിശ്വാസപരിശീലകർക്കായി ദിവ്യകാരുണ്യസന്ധ്യ എന്ന പേരിൽ മെയ് മാസം മുതൽ കൂട്ടായ്മ നടത്തുന്നു. നാല് സൺഡേ സ്കൂളുകൾ ഒന്നുചേർന്നായിരിക്കും കൂട്ടായ്മ നടത്തുക. വൈകുന്നേരം 4 മണി മുതൽ 9.30 വരെയുള്ള സമയത്ത് നടത്തുന്ന ദിവ്യകാരുണ്യസന്ധ്യയിൽ വി. കുർബാന, ക്ലാസ്സ്, ദിവ്യകാരുണ്യ ആരാധന, ചർച്ച എന്നിവയായിരിക്കും ഉണ്ടാവുക. അത്താഴത്തോടെ പ്രോഗ്രാം സമാപിക്കുന്നതാണ്.

**24. വിശ്വാസപരിശീലകർക്കുള്ള ധ്യാനം**

2024–2025 പ്രവർത്തനവർഷത്തിൽ വിശ്വാസപരിശീലകർക്കായി മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ധ്യാനം പരിയാരം മദർഹോമിൽവച്ച് നടത്തുന്നതാണ്. തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

**25. ദിവ്യകാരുണ്യ അനുഭവ ധ്യാനം**

ദിവ്യകാരുണ്യവർഷത്തിൽ കുട്ടികൾക്കായി ദിവ്യകാരുണ്യധ്യാനം സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾക്കായി മാർച്ച് മാസത്തെ ഗിരിദീപം കാണുക (പേജ് 29–30).

**26. നന്ദി, നല്ല അവധിക്കാലം**

2023–2024 അധ്യയനവർഷം അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

**27. ഡയറക്ടറച്ചന്മാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ പയ്യന്നൂർ, കാലിച്ചാമരം, നിർമ്മലഗിരി എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ മാനടുക്കം സൺഡേസ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2024 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 1 മുതൽ ആരംഭിക്കുന്നു.

### തിയോളജി കോഴ്സുകൾ

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാവിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത് (Zoom or Google Meet) Platforms ലാണ്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**Website: www.alpha thalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com, Ph: 8086312826.

### തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ മെയ് 30 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 80 മുതൽ 100 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

### സപ്ലിമെന്ററി പരീക്ഷകൾ

സപ്ലിമെന്ററി പരീക്ഷകൾ ഏപ്രിൽ 10 മുതൽ ഏപ്രിൽ 28 വരെ നടത്തപ്പെടുന്നതാണ്. ഏപ്രിൽ 2 മുതൽ 7 വരെയുള്ള ദിവസങ്ങളിൽ ഇ-മെയിൽ വഴി രജിസ്ട്രേഷൻ നടത്താവുന്നതാണ്.

### സെമസ്റ്റർ പരീക്ഷൾ

ഈ സെമസ്റ്ററിലെ പരീക്ഷകൾ മെയ് 10 മുതൽ ജൂൺ 10 വരെ നടത്തപ്പെടുന്നു. ഈ വർഷത്തെ റഗുലർ പരീക്ഷകൾ രണ്ട് രീതിയിൽ നടത്തപ്പെടുന്നതാണ്: 1. എഴുത്തു പരീക്ഷ, 2. ഓൺലൈൻ MCQ (Multiple Choice Questions).

### ല്യൂമെൻ എക്ലേസിയ - സപ്ലിമെന്ററി, സെമസ്റ്റർ പരീക്ഷകൾ

സപ്ലിമെന്ററി പരീക്ഷകൾ ഏപ്രിൽ 8 മുതൽ ആരംഭിക്കുന്നതും സെമസ്റ്റർ പരീക്ഷകൾ ജൂൺ 2, 8, 15 എന്നീ തീയതികളിൽ നടത്തപ്പെടുന്നതുമാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### ലോഗോസ് ബൈബിൾ ക്വിസ് - 2024

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 24-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

| | |
|---|---|
| **ന്യായാധിപന്മാർ 1-10** | **പ്രഭാഷകൻ 34-40** |
| **വി. ലൂക്കാ 9-16** | **2 കൊറി 7-13** |

| പരീക്ഷാ തീയതികൾ | |
|---|---|
| രൂപതാതലം | : 2024 സെപ്റ്റംബർ 29, 2.00–3.30 pm |
| സംസ്ഥാനതലം | : 2024 നവംബർ 10 |
| മെഗാ ഫൈനൽ | : 2024 നവംബർ 23–24 |
| രജിസ്ട്രേഷൻ | : **2024 ജൂൺ 1 മുതൽ ജൂലൈ 31 വരെ** |
| രജിസ്ട്രേഷൻ ഫീസ് | : **20 രൂപ** |

## ലോഗോസ് പഠനസഹായി

ലോഗോസ് ബൈബിൾ ക്വിസിൽ പങ്കെടുക്കുന്നവർക്ക് സഹായകമാകുന്ന രീതിയിൽ ചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി പഠനസഹായി ബൈബിൾ അപ്പൊസ്റ്റൊലേറ്റ് പുറത്തിറക്കുന്നുണ്ട്.

## സെമസ്റ്റർ ക്ലാസ്സുകൾ

## MTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| സാമൂഹ്യനീതി ബൈബിളിൽ | 11.04.2024 |

## MTh മലയാളം വിഭാഗം

| വിഷയം | തീയതി |
|---|---|
| അപ്രമാണിക ഗ്രന്ഥങ്ങൾ | 09.04.2024 |

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്തോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഗൗരവപൂർണ്ണമായ പഠനങ്ങൾക്കും പരീക്ഷകൾക്കും ശേഷം ഉല്ലാസകരമായ അവധിക്കാലത്തിന്റെ സന്തോഷത്തിലാണല്ലോ കൊച്ചുകൂട്ടുകാരെല്ലാവരും. കളികളും ചിരികളും പഠനങ്ങളും ഒക്കെയായി ഈ അവധിക്കാലം ആഘോഷിക്കുന്നതോടൊപ്പം സാധിക്കുന്ന ദിവസങ്ങളിലെല്ലാം വി. കുർബാനയിൽ സജീവമായി പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. ഈശോയ്ക്കുവേണ്ടി രക്തസാക്ഷിത്വമകുടം ചൂടിയ വി. ഗീവർഗീസ് സഹദായുടെ ഓർമ്മയും ഈ മാസം നാം അനുസ്മരിക്കുകയാണല്ലോ... എല്ലാവർക്കും നല്ലൊരു അവധിക്കാലം ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : വി. ഗീവർഗീസ്സിന്റെ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഗീവർഗീസ്
പ്രാർത്ഥനാനിയോഗം : വിശ്വാസത്തിനുവേണ്ടി പീഢനം ഏൽക്കുന്നവർക്കു വേണ്ടി.
സുകൃതജപം : ഈശോയുടെ തിരുരക്തമേ എന്നെ കഴുകണമേ.
വചനാമൃതം : 2 കൊറി 5-ാം അദ്ധ്യായം

**1. ശാഖകൾ ശ്രദ്ധിക്കാൻ**

04 ചൊവ്വ : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 18-ാം ചരമവാർഷികം
24 ഞായർ : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, ദൈവവിളി ക്യാമ്പുകൾ, ക്രിസ്റ്റീൻ ധ്യാനങ്ങൾ, സെമിനാറുകൾ, അഗതിമന്ദിരസന്ദർശനം, മിഷൻഗ്രാമ സന്ദർശനം, മിഷണറിമാരെ ആദരിക്കൽ...

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സിനും 2024-2025 പ്രവർത്തന

വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ഫോം കിട്ടികാണും എന്ന് വിചാരിക്കുന്നു. കിട്ടാത്തവർ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ. വാർഷിക റിപ്പോർട്ട് ഫോം പൂരിപ്പിച്ച് ആരും അതിരൂപതയിലേക്ക് നേരിട്ട് അയക്കുകയോ കൊണ്ടുവന്ന് തരുകയോ ചെയ്യേണ്ടതില്ല. അവരവരുടെ മേഖലയിൽ ജൂൺ ആദ്യ ആഴ്ചയോടെ എത്തിച്ചാൽ മതിയാകും. മേഖലയിൽ നിന്നും ഒറിജിനൽ കോപ്പിയായിരിക്കണം അതിരൂപതാ ഓഫീസിലേക്ക് നൽകേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റമുള്ളതിനാൽ റിപ്പോർട്ടുകൾ കൃത്യമായി എഴുതി മേഖലയിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

### 4. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2024-25 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് ഏപ്രിൽ 1 മുതൽ 4 വരെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകളിൽ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് തരേണ്ട ഫോം ലഭിച്ചിട്ടില്ല എങ്കിൽ മേഖലാ വൈസ് ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ.

### 5. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും, മാർ ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 6. ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പ മിഷൻലീഗ് എടൂർ മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. തോമസ് പൂകമല അച്ചന് അതിരൂപതാ സി. എം. എൽ. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

### 7. ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയ

റക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

### 8. എം റ്റി സി ക്യാമ്പ്

എല്ലാ മേഖലകളിലും എം.റ്റി.സി. ക്യാമ്പ് നടത്തിക്കഴിഞ്ഞു കാണുമല്ലോ. അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് അതിരൂപതാ ഓഫീസിൽ തരാത്തവർ എത്രയും പെട്ടന്ന് തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. ഈ വർഷത്തെ അതിരൂപതാതല എം.റ്റി.സി. ക്യാമ്പ് ഏപ്രിൽ 10,11,12,13 തീയതികളിൽ ചട്ടമലയിൽ വച്ച് നടത്തുന്നതായിരിക്കും. അതിരൂപതാ ക്യാമ്പിൽ നിന്നും സെലക്ഷൻ ലഭിക്കുന്ന കുട്ടികൾക്ക് മിഷൻ തീർത്ഥാടന യാത്ര ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് 100/- രൂപ.

### 9. ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്)

അതിരൂപതയുടെ നേതൃത്വത്തിൽ ഏപ്രിൽ 15-17 തീയതികളിൽ കാസർഗോഡ്,കാഞ്ഞങ്ങാട്,പനത്തടി,മാലോം,വെള്ളരിക്കുണ്ട്,തോമാപുരം, ചെറുപുഴ,മേരിഗിരി എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് പടന്നക്കാട് പാസ്റ്റർ സെന്ററിൽ വച്ചും മെയ്യ് 23-25 തീയതികളിൽ ആലക്കോട്,വായാട്ടുപ്പറമ്പ്,ചെമ്പേരി,ചെമ്പന്തൊട്ടി,തളിപ്പറമ്പ്,പൈസക്കരി,പേരാവൂർ,മണിക്കടവ്, നെല്ലിക്കാംപൊയിൽ,കുന്നോത്ത്,എടൂർ എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് സന്ദേശഭവനിൽ വച്ചും ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്) നടത്തപ്പെടുന്നു എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. 6 ക്ലാസ്സ് മുതൽ 9 ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 500/- രൂപ. മറ്റ് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

### 10. അഭിനന്ദനങ്ങൾ

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന ജനറൽ സെക്രട്ടറിയായി ശ്രീ. ജെയ്സൺ പുളിച്ചുമാക്കലും ദേശീയ പ്രതിനിധിയായി ശ്രീ. ബേബി പ്ലാശ്ശേരിയും ജെസ്സി വട്ടക്കാട്ടും, സംസ്ഥാന ഓഡിറ്ററായി ശ്രീ. മാണി കണിയാരോലിക്കലും തിരഞ്ഞെടുക്കപ്പെട്ടു. എല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...

### 11. ദൈവവിളി ക്യാമ്പ്

വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 7 – 9 തീയതികളിൽ വിവിധ സെന്ററുകളിൽ വെച്ച് നടക്കുന്ന ദൈവവിളി ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയ്ക്കുവാൻ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

### 13. മേഖലാ സന്ദർശനങ്ങൾ

21.02.2024 ന് വായാട്ടുപ്പറമ്പ് മേഖലയും, 25.02.2024 ന് ചെമ്പന്തൊട്ടി മേഖലയും, 03.03.2024 ന് കാസർഗോഡ് മേഖലയും, 05.03.2024 ന് മാലോം മേഖലയും, 14.03.2024 ന് പേരാവൂർ, കുന്നോത്ത്, തോമാപുരം മേഖലകളും, 17.03.2024 ന് കാഞ്ഞങ്ങാട് മേഖലയും അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

### 14. മേഖലാ കൗൺസിൽ വാർഷികം

25.2.2024 ന് ചെമ്പന്തൊട്ടി മേഖല കൗൺസിൽ – വാർഷികം നടന്നു.

### 20. സെമിനാറുകൾ, ക്ലാസ്സുകൾ

- 23.02.2024 ന് വെള്ളരിക്കുണ്ട് മേഖലയിലെ എം. റ്റി. സി ക്യാമ്പിന് പ്രസിഡന്റ് ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.
- 03.03.2024 ന് മാനടുക്കം ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 07.03.2024 ന് തയ്യേനി ശാഖയിലെ കുട്ടികൾക്ക് ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.
- 10.03.2024 ന് കരുവഞ്ചാൽ ശാഖയിലെ കുട്ടികൾക്ക് ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒരു അധ്യായന വർഷത്തെ പഠനവും പരീക്ഷയുമൊക്കെ കഴിഞ്ഞ് അവധിക്കാലം ആഘോഷിക്കുവാനായി തയ്യാറെടുക്കുമ്പോൾ ഈശോയെപ്പോലെ എല്ലാവരെയും സ്നേഹിക്കാൻ എല്ലാവർക്കും നന്മ ചെയ്യാൻ അങ്ങനെ വിശുദ്ധിയിൽ വളരാൻ ഈശോയുടെ കൊച്ചുകൂട്ടുകാർ നിരന്തരം പരിശ്രമിക്കുമല്ലോ. എല്ലാവർക്കും സന്തോഷപ്രദമായ അവധിക്കാലം ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ഉയിർപ്പ് തിരുനാൾ<br>
അനുസ്മരിക്കുന്ന വിശുദ്ധർ : വി. ഗീവർഗീസ്, സീയന്നായിലെ വി. കാതറിൻ<br>
പ്രാർത്ഥനാനിയോഗം : കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനു വേണ്ടി<br>
സുകൃതജപം : ഉത്ഥിതനായ ഈശോയെ ഉത്ഥാന മഹത്വത്തിൽ ഞങ്ങളെയും പങ്കുചേർക്കണമെ...<br>
വചനം : ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല. (ലൂക്കാ 18:27)<br>
പ്രവൃത്തി : സഭാധികാരികൾക്കു വേണ്ടി പ്രാർത്ഥിക്കുക.<br>
എയ്ഞ്ചൽസ് ബീറ്റ്സ് : ശാഖാ തലത്തിൽ കുട്ടികൾക്ക് സെമിനാർ നടത്തുക.

### 1. ശാഖകൾ ശ്രദ്ധിക്കാൻ

04 വ്യാഴം : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 18-ാം ചരമവാർഷികം

24 ബുധൻ : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

### 2. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും ജോർജ് വലിയമറ്റം പിതാവിനും

വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 3. ഈശോയെപ്പോലെ വളരാം .... വലുതാകാം.

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2024 - 2025 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമെറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം ഈ മാസം തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ
ആഹ്ളാദിക്കുവിൻ,അവന്റെമഹത്വം വെളിപ്പെടുമ്പോൾ
നിങ്ങൾ അത്യധികം ആഹ്ളാദിക്കും" (1പത്രോസ് 4.13)

പ്രിയപ്പെട്ട ഡയറക്ടച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ഏവർക്കും ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു. ഉത്ഥിത നിലുള്ള വിശ്വാസത്തോടെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ക്രമീക രിക്കാൻ ശ്രമിക്കാം.

### സ്നേഹ ഭവനം

കെസിവൈഎം പ്രവർത്തകനായിരുന്ന കുന്നോത്ത് ഫൊറോന യിലെ പാലത്തിൻകടവ് ഇടവകയിൽപ്പെട്ട അഡോണിന്റെ സ്നേഹ ഭവ നത്തിന്റെ പണികൾ ഏപ്രിൽ ആദ്യ ആഴ്ചയിൽ ആരംഭിക്കും. ഉദാരമ തികളുടെ സഹകരണത്തോടെയാണ് ഭവനനിർമ്മാണം നടത്തുന്നത്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

### യുവജനദിനാഘോഷം

2023-24 സമിതിയുടെ യുവജനദിനാഘോഷം ചെമ്പേരി, ചെമ്പ ന്തൊട്ടി, പൈസക്കരി ഫൊറോനകളുടെ സഹകരണത്തോടെ ചെമ്പേ രിയിൽവച്ചാണ് നടത്തുന്നത്. ക്രൈസ്തവ തനിമയെ വിളിച്ചോതുന്ന യുവജനദിനാഘോഷം ഈ വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്ത നങ്ങളിലൊന്നാണ്.

**തീരദേശ ക്യാമ്പ്:** 2023-24 സമിതിയുടെ തീരദേശക്യാമ്പ് തളിപ്പറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ ചൂട്ടാട് ബീച്ചിൽ വച്ച് നടത്തപ്പെടുന്നു.

### പള്ളിമുറ്റം 2k24

ഇടവകാ യുവജനസംഗമമായ പള്ളിമുറ്റം **2k24** - ഫൊറോനക ളുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും നടത്താൻ ശ്രദ്ധിക്കുമല്ലോ.

### അർദ്ധവാർഷിക സെനറ്റ്

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ 32-ാമത് അർദ്ധ വാർഷിക സെനറ്റ് വായാട്ടുപറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ വായാട്ടുപറമ്പ് യൂണിറ്റിൽ വച്ച് നടത്തി. 03-03-2024 രാവിലെ 8.30 ന് കെസിവൈഎം തലശ്ശേരി അതിരൂപത പ്രസിഡന്റ് അഖിൽ ചാലിൽപു ത്തൻപുരയിൽ കെസിവൈഎം പതാക ഉയർത്തി, അർദ്ധവാർഷിക

സെനറ്റിന് തുടക്കം കുറിച്ചു. വായാട്ടുപറമ്പ് ഫൊറോന വികാരി വെരി റവ. ഫാ. തോമസ് തെങ്ങുംപള്ളിൽ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ റവ. ഫാ. ജിൻസ് വാളിപ്ലാക്കൽ അതിരൂപത സിൻഡിക്കേറ്റ് മെമ്പർ സാന്ദ്ര എട്ടാണിയിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. സെനറ്റ് സമ്മേളനത്തിന് ആതിഥേയത്വമരുളിയ വായാട്ടുപറമ്പ് ഫൊറോനയിലെ പ്രസിഡന്റ് സനലിനും, ഡയറക്ടർ ഫാ. ഗിഫ്റ്റിൻ മണ്ണൂരിനും എല്ലാ യുവജന സുഹൃത്തുക്കൾക്കും അതിരൂപത യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**കാമ്പസ് സംരക്ഷണ പ്രതിഷേധം**

വയനാട് പൂക്കോട് വെറ്റിനറി കോളേജിലെ നരനായാട്ടിനെതിരെ യുവജനങ്ങൾ പ്രതിഷേധിച്ചു. അക്രമണത്തെയും ക്രൂരമർദ്ധനത്തെയും 'രക്ഷാപ്രവർത്തനം' എന്ന് വിശേഷിപ്പിച്ച നേതാവിന്റെ അനുയായികൾ കാമ്പസിൽ അഴിഞ്ഞാടിയപ്പോൾ തകർന്നത് കലാക്ഷേത്രത്തിന്റെ പവിത്രപാരമ്പര്യങ്ങളാണെന്ന് കെസിവൈഎം തലശ്ശേരി അതിരൂപത പ്രതിഷേധ സമ്മേളനത്തിൽ പ്രസ്താവിച്ചു. കാമ്പസ് രാഷ്ട്രീയത്തിന്റെ ഒടുവിലത്തെ ഇര മാത്രമാണ് സിദ്ധാർത്ഥ് എന്നും ഇത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അല്ലാത്തപക്ഷം ശക്തമായ സമര പരിപാടിയിലേയ്ക്ക് നീങ്ങുമെന്നും യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ച അഖിൽ ചാലിൽപുത്തൻപുരയിൽ പറഞ്ഞു. 200 ൽ അധികം യുവജന നേതാക്കൾ പങ്കെടുത്ത പ്രതിഷേധത്തിന് കെസിവൈഎം തലശ്ശേരി അതിരൂപത ഡയറക്ടർ റവ. ഫാ. ജിൻസ് വാളിപ്ലാക്കൽ, അതിരൂപത ഭാരവാഹികൾ, ഫൊറോന പ്രസിഡന്റുമാർ യുവജന നേതാക്കൾ തുടങ്ങിയവർ നേതൃത്വം നൽകി.

**ക്രൂശിതനരികെ:** കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ കുരിശുമല തീർത്ഥാടനം ചെറുപുഴ ഫൊറോനയുടെ ആതിഥേയത്വത്തിൽ താബോർ പള്ളിയിൽ നിന്നും ക്രൈസ്റ്റ് ദി റെഡീമർ കുരിശുമലയിലേയ്ക്ക് മാർച്ച് 17 ന് നടത്തപ്പെട്ടു. ധാരാളം യുവജനങ്ങൾ പങ്കെടുത്തു. കുരിശുമലയിൽവച്ച് മാലോം ഫൊറോന ഡയറക്ടർ ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ പീഡാനുഭവ സന്ദേശം നൽകി. ഫൊറോന പ്രസിഡന്റ് അഖിൽ, ഡയറക്ടർ ഫാ. സിബിൻ, ഫാ. തോമസ് പൂവൻപുഴ, നിധിൻ ചൂരനോലിൽ തുടങ്ങി നേതൃത്വം കൊടുത്ത എല്ലാവർക്കും നന്ദി.

**പ്രതിഷേധ പ്രകടനം നടത്തി :** സാമുദായിക സഹവർത്തിത്വം തകർക്കുന്ന രീതിയിൽ പാലാ പൂഞ്ഞാർ പള്ളിയിൽ ഒരു പറ്റം സാമൂഹിക ദ്രോഹികൾ നടത്തിയ അഴിഞ്ഞാട്ടത്തിനെതിരെ കെസിവൈഎം തോമാപുരം ഫൊറോന പന്തം കൊളുത്തി പ്രകടനം നടത്തി.

**ദിവ്യകാരുണ്യ നൈറ്റ് വിജിൽ**

ദിവ്യകാരുണ്യ നൈറ്റ് വിജിൽ വെള്ളരിക്കുണ്ട്, ചെമ്പന്തൊട്ടി, നെല്ലിക്കാംപൊയിൽ തുടങ്ങിയ പള്ളികളിൽ വച്ച് നടത്തപ്പെട്ടു. നേതൃത്വം കൊടുത്ത എല്ലാവർക്കും നന്ദി.

**SHE SALUTE :** മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതയുടെ വനിതാ വിംഗിന്റെ (വോയിസ് ഓഫ് വുമൺ) നേതൃത്വത്തിൽ, ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലെ ജനപ്രതിനിധികളായ വനിതകളെ മാലോം ഫൊറോനയുടെ ആതിഥേയത്വത്തിൽ **SHE SALUTE** എന്ന പേരിൽ പറമ്പ യൂണിറ്റിൽ വച്ച് നടത്തി. മാലോം ഫൊറോന വികാരി റവ. ഫാ. ജോസ് തൈക്കുന്നുംപുറത്ത് ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ കെസിവൈഎം തലശ്ശേരി അതിരൂപത വൈസ് പ്രസിഡന്റ് അനു മറ്റത്തിൽ അധ്യക്ഷത വഹിച്ചു. മാലോം ഫൊറോന ഡയറക്ടർ ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ, സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പർ നിഖിൽ സാബു, സി. മരിയ എസ്എബിഎസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മാലോം ഫൊറോന പ്രസിഡന്റ് സാൻജോ പുളിയംകുന്നേൽ, ഫാ. ജെറിൻ മരശ്ശേരി, റോബിൻ കാഞ്ഞമല, റോസ് മേരി വട്ടക്കാട്ട്, ഡാനി, ആൻ മരിയ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**മേജർ ആർച്ച് ബിഷപ്പിനെ സന്ദർശിച്ചു:** അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ മൗണ്ട് സെന്റ് തോമസിൽ വച്ച് പിതാവുമായി കൂടിക്കാഴ്ച നടത്തി. സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിലും അതിരൂപത പ്രസിഡന്റ് അഖിൽ, ഡയറക്ടർ ഫാ. ജിൻസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ അതിരൂപതാ സംഘം പങ്കെടുത്തു.

## YOUCAT പഠന പരമ്പര

കെസിവൈഎം തലശ്ശേരി അതിരൂപതയും, ശാലോം ടെലിവിഷനും സംയുക്തമായി നടത്തുന്ന **YOUCAT** പഠന പരമ്പരയുടെ 9 ഉം 10 ഉം എപ്പിസോഡുകൾ Shooting നടത്തുകയും ശാലോം ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുകയും ചെയ്തു. കുന്നോത്ത് ഫൊറോന, വായാട്ടുപറമ്പ് ഫൊറോനകളുടെ നേതൃത്വത്തിലാണ് പഠന പരമ്പര സംഘടിപ്പിച്ചത്.

**SHE SHINE:** അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കെസിവൈഎം, എസ്എംവൈഎം മണിക്കടവ് ഫൊറോനയിൽവച്ച് വനിതാ ദിന സെമിനാർ നടത്തപ്പെട്ടു. മണിക്കടവ് ഫൊറോന വികാരി റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മണിക്കടവ് യൂണിറ്റ് പ്രസിഡന്റ് ടെറിൻ പാലാക്കുഴിയിൽ, ഫൊറോന ജനറൽ സെക്രട്ടറി ജിസ്മി ജോസഫ് ഫൊറോന പ്രസിഡന്റ് എഡ്വിൻ ജോർജ് തുടങ്ങിയവർ സംസാരിച്ചു. വിമൽ ജ്യോതി എൻഞ്ചിനീയറിംഗ് കോളേജ് പ്രൊഫസർ ശ്രീ. എം. വാസുദേവൻ നായർ ക്ലാസ്സുകൾ നയിച്ചു. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നായി 50-ഓളം വനിതകൾ പങ്കെടുത്തു.

**NEHORA:** നിർദ്ധനരായ ഡയാലീസിസ് രോഗികൾക്കായി കെസിവൈഎം, എസ്എംവൈഎം മണിക്കടവ് ഫൊറോന ആവിഷ്ക്കരിച്ച **NEHORA** പദ്ധതിയിലൂടെ ഫെബ്രുവരി മാസം സമാഹരിച്ച തുക ഇരിട്ടി എയ്ഞ്ചൽ ഡയാലിസിസ് സെന്ററിന് കൈമാറി.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ഉത്ഥിതനായ കർത്താവിന്റെ അദൃശ്യസാന്നിധ്യം അനുഭവിക്കാനുള്ള ദൈവപ്രകാശിതമായ ഒരിടമാക്കി കുടുംബത്തെ രൂപപ്പെടുത്തുകയാണ് ദമ്പതികളുടെ ആത്യന്തികമായ ലക്ഷ്യം (AL 317) കുടുംബം ക്രിസ്തുവിൽ കേന്ദ്രീകൃതമാവുമ്പോൾ അതിന്റെ എല്ലാ തലങ്ങളെയും അവിടുന്ന് ക്രമപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും ചെയ്യും. പ്രത്യേകിച്ച് വേദനയുടേയും പ്രയാസത്തിന്റെയും നിമിഷങ്ങൾ കർത്താവിന്റെ കുരിശുമായുള്ള ഐക്യത്തിൽ അതിജീവിക്കാനും അനുഗ്രഹപ്രദമാക്കാനും അവർക്ക് സാധിക്കും അതിനായി അവരെ നമ്മുക്കൊന്നുചേർന്ന് സഹായിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

മാർച്ച് 15-17 തീയതികളിലായി തലശ്ശേരിയിൽ വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 148 പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടു വരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**

• ഈ വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു

| MPC 2024 | | | |
|---|---|---|---|
| April | 02-04 | (Tuesday, Thursday) | Thalassery |
| April | 18-20 | (Thursday, Saturday) | Padannakkad |
| May | 16-18 | (Thursday, Saturday) | Thalassery |
| June | 13-15 | (Thursday, Saturday) | Thalassery |
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

## II. മാതൃവേദി

**(a) അഗതിമന്ദിര സന്ദർശനം :** അതിരൂപതാതല ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി അതിരൂപതാ ഭാരവാഹികളും വെള്ളരിക്കുണ്ട് മേഖലാ ഭാരവാഹികളും പുന്നക്കുന്ന് യൂണിറ്റ് ടീം അംഗങ്ങളും ചേർന്ന് പുന്നക്കുന്ന് ഹോളി ട്രിനിറ്റി പുവർ ഹോം സന്ദർശിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ വിവിധതരത്തിലുള്ള കലാപരിപാടികൾ അവതരിപ്പിച്ചു. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണം അവിടെയുള്ള അമ്മമാർക്ക് നൽകുകയുണ്ടായി.

**(b) ദിവ്യകാരുണ്യ ജ്വാല പ്രോഗ്രാം**

ഫെബ്രുവരി 24-ാം തീയതി വെള്ളരിക്കുണ്ട് മേഖലയുടെ ജ്വാല പ്രോഗ്രാം ഭീമനടി പള്ളിയിൽ വച്ചും ചെമ്പന്തൊട്ടി മേഖലയുടെ ജ്വാല മാർച്ച് 3 ന് ചെമ്പന്തൊട്ടി സെന്റ് ജോർജ് പള്ളിയിൽ വച്ചും മാർച്ച് 9-ാം തീയതി ചെറുപുഴ മേഖലയുടെ ജ്വാല പ്രോഗ്രാം കോഴിച്ചാൽ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ചും നടത്തപ്പെട്ടു. എല്ലാ മേഖലകളിലും മേഖലഭാരവാഹികളുടേയും യൂണിറ്റ് ഭാരവാഹികളുടേയും സജീവസാന്നിധ്യം ഉണ്ടായിരുന്നു.

**(c) മേഖലാ സന്ദർശനം :** അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ ഫെബ്രുവരി 27 ന് ആലക്കോട് മേഖലയും, ഫെബ്രുവരി 28 ന് പനത്തടി മേഖലയും മാർച്ച് 20 ന് തോമാപുരം മേഖലയും സന്ദർശിച്ചു. മേഖല ഡയറക്ടർമാർ, ആനിമേറ്റർമാർ മേഖല ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖലാപ്രവർത്തനങ്ങൾ വിലയിരുത്തി ചർച്ച നടത്തി. തുടർപ്രവർത്തനങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ നല്കി.

**(d) വാർഷികാഘോഷം - മണിക്കടവ് മേഖല**

മണിക്കടവ് മേഖല രൂപീകൃതമായതിന്റെ ഒന്നാം വാർഷികം മണിപ്പാറ യൂണിറ്റിൽ വച്ച് ഫെബ്രുവരി 26 ന് നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ

ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് സന്ദേശം നൽകി. ഫൊറോന വികാരി ഫാ. പയസ് പടിഞ്ഞാറേമുറി അനുഗ്രഹപ്രഭാഷണം നടത്തുകയും മണിക്കടവ് മേഖല ഡയറക്ടർ ഫാ. ജോർജ് ചാലിൽ ആശംസ അറിയിക്കുകയും ചെയ്തു.

**(e) മാർച്ച് 8 വനിതാദിനാഘോഷം**

അതിരൂപതാതല വനിതാദിനാഘോഷം വായാട്ടുപറമ്പ് മേഖലയുടെ സഹകരത്തോടെ വർണാഭമായി നടത്തി. ബഹു. ഫൊറോന വികാരി ഫാ. തോമസ് തെങ്ങുംപള്ളിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽവെച്ച് വിവിധ തലങ്ങളിൽ മികവ് തെളിയിച്ച വനിതകളെ ആദരിക്കുകയും വിവിധ മത്സര പരിപാടികളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു. സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് ഒരു മണിക്കൂർ ക്ലാസ്സും തുടർന്ന് വനിതകൾക്കായി പ്രസംഗമത്സരവും ഉണ്ടായിരുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2.30–4.30 വരെ മണ്ഡപം യൂണിറ്റിലെ അമ്മമാർക്കായ് രൂപതാ ഡയറക്ടർ ക്ലാസ് നയിച്ചു. പ്രഗത്ഭരായ വനിതകളെ ആദരിച്ചു. അമ്മമാരുടെ വിവിധ കലാപരിപാടികൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു.

## വിവിധ മത്സര പരിപാടികൾ

**1) വാലന്റൈൻസ് ഡേ :** ഭാര്യ ഭർത്താക്കന്മാരുടെ പുഞ്ചിരി മത്സരം മത്സരത്തിൽ 180 ദമ്പതികൾ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ഷിജി & ആന്റണി നിരപ്പേൽ, കാർത്തികപുരം
രണ്ടാം സമ്മാനം : ബീന & ബേബിച്ചൻ തോട്ടത്തിൽ, കൊളക്കാട്
മൂന്നാം സമ്മാനം : ആശ & ഡെന്നീസ്, പരപ്പ

**2) അന്താരാഷ്ട്രദിന മാതൃഭാഷ, കവിതാ രചന മത്സരം**

മാതൃഭാഷയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കവിതാ രചന മത്സരത്തിൽ 101 അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : മഞ്ജുഷ കണ്ണംകുളത്തേൽ, അങ്ങാടിക്കടവ്
രണ്ടാം സമ്മാനം : സിൻസി കിളിയൻകുന്നേൽ, ചെമ്പേരി
മൂന്നാം സമ്മാനം : ഷേർളി പൂവ്വക്കുളം, കൊന്നക്കാട്

**3) ദിവ്യകാരുണ്യ വീഡിയോ നിർമ്മാണ മത്സരം**

അഞ്ച് മിനിറ്റിൽ കൂടാതെയുള്ള ദിവ്യകാരുണ്യ അത്ഭുതങ്ങളെക്കുറിച്ചുള്ള വീഡിയോ നിർമ്മാണ മത്സരത്തിൽ 30 അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : മേഴ്സി വരിക്കനാനിക്കൽ, പെരുമ്പടവ്
രണ്ടാം സമ്മാനം : മഞ്ജു പള്ളത്ത്, വെള്ളാട്
മൂന്നാം സമ്മാനം : അൻസാ മുണ്ടാട്ടുചുണ്ടയിൽ

**4) മലർവാടി 2k24**

മലർവാടി പൂന്തോട്ട മത്സരത്തിൽ 19 മേഖലയിൽ നിന്ന് ഏറ്റവും മികച്ചത് കണ്ടെത്തി അതിരൂപതയ്ക്ക് നൽകി. അതിരൂപത വിലയിരുത്തിയതിൽ സമ്മാനർഹരായവർ.

ഒന്നാം സമ്മാനം : സിജി കോവൂർപുത്തൻപുരയിൽ, എടക്കോം
രണ്ടാം സമ്മാനം : ബിൻസി ചിരട്ടവേലിക്കുഴിയിൽ, മഞ്ഞളാംപുറം
മൂന്നാം സമ്മാനം : ഷിൽജി പുതിയാപറമ്പിൽ, വെള്ളാട

**ദിവ്യകാരുണ്യവർഷ ജീവകാരുണ്യ പ്രവർത്തനം (മിസരിക്കോർദിയ)**

മാർച്ച് 23 - ദൈവദാൻ സെന്റർ, കോളയാട്
ഏപ്രിൽ 8 - ജീവൻജ്യോതി ആശ്രമം, ചുള്ളി

**ദിവ്യകാരുണ്യ വർഷ ജ്വാല**

ഏപ്രിൽ 13 - പനത്തടി, ഏപ്രിൽ 27 - മേരിഗിരി

**ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

ഏപ്രിൽ 26 - 8.00 pm - 09.00 pm

**4) ഏപ്രിൽ മാസത്തെ മാർഗ്ഗരേഖ**

5 - സകലവിശുദ്ധരുടേയും തിരുനാൾ (സീറോ മലബാർ സഭ) സകല വിശുദ്ധരുടേയും ലുത്തിനിയ ചൊല്ലുക.
7 - പുതുഞായർ - മാർതോമാശ്ലീഹ പകർന്നു നല്കിയ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് മേഖലാതലത്തിൽ കുരിശുമലകയറ്റം ക്രമീകരിക്കുക.
10 - അതിരൂപതാതല ജീവകാരുണ്യ പ്രവർത്തനം @ ജീവൻജ്യോതി ആശ്രമം, ചുള്ളി.
ലോകാരോഗ്യദിനം - ആരോഗ്യ സംരക്ഷണത്തിന്റെ ആവശ്യകത വെബിനാർ @ 8.00pm
19 - ഓൺലൈൻ ആരാധന, സന്ദേശം (8.00pm - 9.00pm)
24 - വി. ഗീവർഗ്ഗീസ് -ജോർജ് നാമധാരികളെ ആദരിക്കുക. ആശംസകൾ നേരുക.
28 - വി. ജാന്ന ബെറേത്ത മാതൃവോദിയുടെ സഹമദ്ധ്യസ്ഥയുടെ തിരുനാൾ സമുചിതമായി ആദരിക്കുക.
അതിരൂപതാതല ആഘോഷം @ ചെമ്പന്തൊട്ടി.
29 - അന്താരാഷ്ട്ര നൃത്തദിനം-സംഘനൃത്തമത്സരം കുറഞ്ഞത് 5 അംഗങ്ങൾ വേണം വീഡിയോ എടുത്ത് അയയ്ക്കുക.

**പ്രത്യേകപ്രവർത്തനങ്ങൾ**

1. **ദിവ്യകാരുണ്യഗീത മത്സരം** - ദിവ്യകാരുണ്യത്തെക്കുറിച്ച് മനോഹരമായ ഒരു ഗാനം അഞ്ചിൽ കുറയാതെയുള്ള ഗ്രൂപ്പായി പാടി വീഡിയോ ഏപ്രിൽ 30ന് മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക.

## III. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.
Phone : 9400206974, 8078122191.

## IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ

ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
Phone : 9400206974, 8078122191.

## V. അമല പ്രോലൈഫ്

a) 2024 ഫെബ്രുവരി 23, 24 തീയതികളിൽ പേരാവൂർ തൊണ്ടി മേജർ ആർക്കി എപ്പസ്കോപ്പൽ ദേവാലയത്തിൽ വച്ചു നടന്ന ലവീത്താ മഹാഅഖണ്ഡ ജപമാലയിൽ തലശ്ശേരി അതിരൂപതയിലെ അമല പ്രൊലൈഫ് ടീം അംഗങ്ങൾ പങ്കെടുത്തു. ലവീത്താ മിനിസ്ട്രിയുമായി ചേർന്ന് അഞ്ചിൽ കൂടുതൽ മക്കളുള്ള 10 കുടുംബങ്ങൾക്ക് 10,000 രൂപ വീതം സാമ്പത്തിക സഹായം നൽകി.

b) 36 മണിക്കൂർ നീണ്ട അഖണ്ഡ ജപമാലയിലും ആരാധനയിലും പങ്കെടുത്ത പേരാവൂർ മേഖല മാതൃവേദി അംഗങ്ങൾക്കും എല്ലാം ഭംഗിയായി ക്രമീകരിച്ച മേജർ ആർക്കി എപ്പസ്കോപ്പൽ പള്ളി വികാരി ബഹു. തോമസ് കൊച്ചുകരോട്ടച്ചനും കൊച്ചച്ചൻമാർക്കും പ്രോലൈഫ് ടീമിന്റെ നന്ദി അറിയിക്കുന്നു.

c) പ്രോലൈഫ് ഇടവക കൂട്ടായ്മ ഫെബ്രുവരി 21ന് വൈകുന്നേരം എടൂർ അടുത്തുള്ള വട്ടിയറ പള്ളിയിൽ വെച്ച് പ്രോലൈഫ് ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. നാലാമത്തെ കുഞ്ഞിന് ജന്മം നൽകുന്ന വാട്ട്യറ ഇടവകയിലെ ഒരു കുടുംബത്തിന് തൊക്കിലങ്ങാടി ക്രിസ്തുരാജ ഹോസ്പിറ്റൽ അധികൃതരുമായി സംസാരിച്ച് സൗജന്യ ചികിത്സക്കും പ്രസവത്തിനും വേണ്ട കാര്യങ്ങൾ ക്രമീകരിച്ചു. ഇടവക സമൂഹത്തിന്റെ സഹകരണത്തിന് നന്ദി അറിയിക്കുന്നു.

d) ഫെബ്രുവരി 26 മുതൽ 28 വരെ നടന്ന ജീവാഗ്നി ധ്യാനത്തിൽ ഗർഭിണികളായ നൂറോളം അമ്മമാർ പങ്കെടുത്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ, Dr. Sr. Reena SH, Dr. Sr. Jonet MSMI, Rev. Sr. Justeena MSMI എന്നിവർ യഥാക്രമം ഓരോ ദിവസത്തെയും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പ്രൊലൈഫ് ടീം അംഗങ്ങൾ പ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു.

**VI. പ്രോലൈഫ് മാരേജ് ബ്യൂറോ :** മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.
Web Site: www.prolifemarry.com

**VII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ** Mail ID : familytly92@gmail.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

## ദീപിക എഡ്യുക്കേഷണൽ വിഷനറി അവാർഡ്

മലയാളത്തിലെ ആദ്യ ദിനപത്രമായ ദീപിക 137 വർഷം പിന്നിടുമ്പോൾ വിദ്യാഭ്യാസ രംഗത്തെ മലബാർ വിഷൻ ദീപിക എഡ്യുക്കേഷണൽ വിഷനറി അവാർഡ് തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മാനേജരായ ഫാ. മാത്യു ശാസ്താംപടവിൽ അർഹനായി. 2024 മാർച്ച് 9 ശനിയാഴ്ച വൈകുന്നേരം 4.30 ന് ലക്സോട്ടിക്ക ഇന്റർ നാഷണൽ കൺവെൻഷൻ സെന്റർ ധർമ്മശാലയിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് മന്ത്രി ശ്രീ. റോഷി അഗസ്റ്റിനിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. തലശ്ശേരി ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി അദ്ധ്യക്ഷനായിരുന്നു.

## കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ അവാർഡ്

കേരളത്തിലെ മികച്ച കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്കും മികച്ച ടീച്ചേഴ്സ് ഗിൽഡ് യൂണിറ്റിനുമുള്ള 2023-2024 വർഷത്തെ എക്സലൻസ് അവാർഡ് തലശ്ശേരി അതിരൂപത കരസ്ഥമാക്കി. അഭിനന്ദനങ്ങൾ!

2023 2024 വർഷത്തെ ഗ്രീൻ പ്രോട്ടോക്കോൾ അവാർഡ് രണ്ടാം സ്ഥാനം നേടിയ കുന്നോത്ത് സെന്റ് ജോസഫ്സ് യുപി സ്കൂളിന് അഭിനന്ദനങ്ങൾ!

## യാത്രയയപ്പ് സമ്മേളനവും അവാർഡ് ദാനവും

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനം തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. സത്യസന്ധരായ സ്നേഹമുള്ള അധ്യാപകർക്ക് മാത്രമേ സ്നേഹവും സത്യസന്ധതയും ഉള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ.

സ്നേഹത്തിൽ നിന്ന് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ അധ്യാപകർക്ക് സാധിക്കണം എന്ന് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കവേ അധ്യാപക സമൂഹത്തോട് ആവശ്യപ്പെട്ടു. അധ്യാപകരുടെ ഹൃദയത്തിൽ നിന്ന് എത്രത്തോളം സ്നേഹവും കരുണയും നിർഗളിക്കുന്നുവോ അതുപോലെയുള്ള വിദ്യാർത്ഥി സമൂഹമായിരിക്കും നാളെയുടെ ഭാവിഭാഗധേയങ്ങൾ എന്ന് മനസ്സിൽ കണ്ടുകൊണ്ട് ഹൃദയത്തിൽ തൊട്ട് സംസാരിക്കുന്നവരായി മാറണമെന്നും പാപ്ലാനി പിതാവ് അഭിപ്രായപ്പെട്ടു.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് മഹനീയ സേവനം കാഴ്ച വെച്ച് സർവ്വീസിൽ നിന്നും വിരമിക്കുന്ന അറുപതോളം അധ്യാപകർക്കുള്ള ആദരവും മികച്ച അധ്യാപകർക്കുള്ള അവാർഡും, മികച്ച സ്കൂളുകൾക്കുള്ള അവാർഡും നൽകപ്പെടുകയുണ്ടായി.

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി മൂന്നു വർഷത്തിലൊരിക്കൽ നൽകികൊണ്ടിരിക്കുന്ന മികച്ച സാമൂഹിക പ്രവർത്തനത്തിന് നൽകുന്ന ആദരവ്, മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി അവാർഡ്, പത്മശ്രീ ഡോക്ടർ ജോസ് ചാക്കോ പെരിയപ്പുറത്തിന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സമ്മാനിച്ചു. കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തലശ്ശേരി അതിരൂപത പ്രസിഡണ്ട് ബെന്നി പുത്തൻനടയിൽ, മാത്യു ജോസഫ്, ജയ മാത്യു, ബിജു ജോസഫ് കെ, ബെന്നി ഫിലിപ്പ്, അഗസ്റ്റിൻ ജോസഫ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. 500 ഓളം അധ്യാപകരും പിടിഎ പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു.

## സന്മാർഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ വിജയികൾ

**ക്ലാസ് – I**

| | | |
|---|---|---|
| 1–ാം സ്ഥാനം – | അമൃത് സൂര്യ ജയൻ | വെള്ളരിക്കുണ്ട് എൽ.പി |
| 2–ാം സ്ഥാനം – | തന്മയ ദിനേഷ് | അറബി യുപി |
| 2–ാം സ്ഥാനം – | സ്നേഹ നജീബ് | പാലാവയൽ എൽപി |

**ക്ലാസ് – II**

| | | |
|---|---|---|
| 1–ാം സ്ഥാനം – | അമയ സനൂപ് | വെള്ളരിക്കുണ്ട് എൽപി |
| 2–ാം സ്ഥാനം – | ആൻഡ്രിയ നിജോം | തോമാപുരം എൽപി |
| – | ശ്രീമയി ഹരിഹരൻ | തോമാപുരം എൽപി |
| – | സിയ മറിയം | അങ്ങാടിക്കടവ് യുപി |
| 3–ാം സ്ഥാനം – | ആരുഷ് സി.വി. | നെല്ലിക്കുറ്റി യുപി |
| – | ജെവാൻ മരിയ ജിസ് | വെള്ളരിക്കുണ്ട് എൽപി |

**ക്ലാസ് – III**

| | | |
|---|---|---|
| 1–ാം സ്ഥാനം – | ടോം കെ വർഗ്ഗീസ് | അറബി യുപി |

2-ാം സ്ഥാനം - ആഷേർ ജോബി പുലിക്കുരുമ്പ യുപി
3-ാം സ്ഥാനം - നവമി സന്തോഷ് തൊണ്ടിയിൽ യുപി

**ക്ലാസ് - V**

1-ാം സ്ഥാനം - നേഹ എലിസബത്ത് ഷിജു കരുള്ളടുക്കം യുപി
1-ാം സ്ഥാനം - ക്രിഷ്ണപ്രിയ വി.എസ്. പാലാവയൽ എച്ച്എസ്
1-ാം സ്ഥാനം - ആരാധിക രാജ് എസ്. മണിക്കടവ് യുപി

**ക്ലാസ് - VI**

1-ാം സ്ഥാനം - എയ്ഞ്ചൽ റോസ് കരുള്ളടുക്കം യുപി
2-ാം സ്ഥാനം - നെൽന അൽഫോൺസ ഡൊമിനിക് തൊണ്ടിയിൽ യുപി
3-ാം സ്ഥാനം - ഡിറ്റി റിജോ പാലാവയൽ എച്ച്എസ്

**ക്ലാസ് - VIII**

1-ാം സ്ഥാനം - രാഗേന്ദു പി. പെരുമ്പടവ് എച്ച്എസ്
2-ാം സ്ഥാനം - ബെൽന ബെന്നി മണിക്കടവ് എച്ച് എസ്
3-ാം സ്ഥാനം - ദേവാനന്ദ എം.പി. പെരുമ്പടവ് എച്ച് എസ്

**ക്ലാസ് - IX**

1-ാം സ്ഥാനം - ഗ്ലോറി മരിയ റിജു കരിക്കോട്ടക്കരി എച്ച്എസ്
2-ാം സ്ഥാനം - ആഞ്ജലീന ജോൺസൺ കൊളക്കാട് എച്ച്എസ്
3-ാം സ്ഥാനം - ആര്യനന്ദ അനിൽ പെരുമ്പടവ് എച്ച്എസ്

**ക്ലാസ് - XI**

1-ാം സ്ഥാനം - ആൻമേരി ജോബിഷ് മണിക്കടവ് എച്ച്എസ്എസ്
2-ാം സ്ഥാനം - അലീന ജോസഫ് കുന്നോത്ത് എച്ച്എസ്എസ്
2-ാം സ്ഥാനം - അജിഷ ടി.വി. മേരിഗിരി എച്ച്എസ്എസ്

**മതബോധനം സ്കോളർഷിപ്പ് പരീക്ഷ വിജയികൾ**

**ക്ലാസ് - I**

1-ാം സ്ഥാനം - ആൻറോസ് പിഎം ഉദയഗിരി യുപി
2-ാം സ്ഥാനം - ക്ലാവിൻ അഗസ്റ്റസ് ജെസ്റ്റിൻ കുന്നോത്ത് യുപി
3-ാം സ്ഥാനം - അൻവിയോ സിജോ വെള്ളരിക്കുണ്ട് എൽപി

**ക്ലാസ് - II**

1-ാം സ്ഥാനം - ട്രീസ ജിന്റോ അങ്ങാടിക്കടവ് യുപി
2-ാം സ്ഥാനം - അൽഫോൺസ ജോഷി അങ്ങാടിക്കടവ് യുപി
2-ാം സ്ഥാനം - ആൻഡ്രിയ നോബിൻ വയത്തൂർ യുപി
- ജൊവാന മരിയ ജിസ് വെള്ളരിക്കുണ്ട് എൽ പി
3-ാം സ്ഥാനം - ആൽഫിയ മരിയ ബിനോയ് കുന്നോത്ത് യുപി
- സാവിയോ റോജിൻസ് തൊണ്ടിയിൽ യുപി

**ക്ലാസ് - III**

| | | |
|---|---|---|
| 1-ാം സ്ഥാനം - | റിസ തെരേസ സിജു | എടൂർ എൽപി |
| 2-ാം സ്ഥാനം - | ക്രിസാന്റോ ജോയ് | തൊണ്ടിയിൽ യുപി |
| 3-ാം സ്ഥാനം - | എസ്തേർ എലിസബത്ത് സെബാസ്റ്റ്യൻ | രണ്ടാംകടവ് എൽപി |
| - | അന്ന മരിയ ഷിന്റോ | അങ്ങാടിക്കടവ് യുപി |

**ക്ലാസ് - IV**

| | | |
|---|---|---|
| 1-ാം സ്ഥാനം - | ക്രിസ മരിയ സിബി | വയത്തൂർ യുപി |
| 2-ാം സ്ഥാനം - | ആൻഷ് ജിംജു | തോമാപുരം എൽപി |
| 3-ാം സ്ഥാനം - | നിഹ മെറിൻ സോണി | പാലാവയൽ എൽപി |

**ക്ലാസ് - V**

| | | |
|---|---|---|
| 1-ാം സ്ഥാനം - | നേഹ എലിസബത്ത് ഷിജു | കരൂള്ളടുക്കം യുപി |
| 2-ാം സ്ഥാനം - | മെറിൽ ആൻ സിജോ | കരിക്കോട്ടക്കരി യുപിഎസ് |
| 3-ാം സ്ഥാനം - | ഫ്രെഡിൻ സാബു | തോമാപുരം എച്ച്എസ് |

**ക്ലാസ് - VI**

| | | |
|---|---|---|
| 1-ാം സ്ഥാനം - | ഹന്ന ജോബി ജോൺ | തോമാപുരം എച്ച്എസ് |
| 2-ാം സ്ഥാനം - | അലീന മേരി ജോഷി | ചന്ദനക്കാംപാറ യുപി |
| 3-ാം സ്ഥാനം - | ആൻ മരിയ ബെന്നി | കുടിയാന്മല യുപി |

**ക്ലാസ് - VII**

| | | |
|---|---|---|
| 1-ാം സ്ഥാനം - | അലൻ ജോൺ കുര്യൻ | കുന്നോത്ത് യുപി |
| 2-ാം സ്ഥാനം - | ഇവാന എലിസബത്ത് ലിജോ | കുന്നോത്ത് യുപി |
| 3-ാം സ്ഥാനം - | മരിയ സിഎസ് | മഞ്ഞളാംപുറം യുപി |

**ക്ലാസ് - VIII**

| | | |
|---|---|---|
| 1-ാം സ്ഥാനം - | ക്രിസ്റ്റീന ഷാജു | മണിക്കടവ് എച്ച്എസ് |
| 2-ാം സ്ഥാനം - | ഫിയോണ ബോബി | കുന്നോത്ത് എച്ച്എസ് |
| 3-ാം സ്ഥാനം - | ഡിയോണ ബിജു | വായാട്ടുപറമ്പ എച്ച്എസ് |

**ക്ലാസ് - IX**

| | | |
|---|---|---|
| 1-ാം സ്ഥാനം - | അമല ബ്രിജീത്ത് ജോയ് | തോമാപുരം എച്ച്എസ് |
| 2-ാം സ്ഥാനം - | അന്ന മാത്യു | ചെറുപുഴ എച്ച്എസ് |
| 3-ാം സ്ഥാനം - | അമൃത ഷാജി | തോമാപുരം എച്ച്എസ് |

**ക്ലാസ് - X**

| | | |
|---|---|---|
| 1-ാം സ്ഥാനം - | ഫിയ ബ്രിജിത്ത് | പൈസക്കരി എച്ച്എസ് |
| 2-ാം സ്ഥാനം - | ജെസ്റ്റിൻ ജോർജ് | വെള്ളരിക്കുണ്ട് എച്ച്എസ് |
| 3-ാം സ്ഥാനം - | ആൻഡ്രിയ മരിയ ടി ആർ | കരിക്കോട്ടക്കരി എച്ച്എസ് |

## അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ വിജയികൾ

**ക്ലാസ് – I**

1-ാം സ്ഥാനം - ശ്രീവേദ ജി. — തൊണ്ടിയിൽ യുപി
2-ാം സ്ഥാനം - ശിവദേവ് എ.എം. — തൊണ്ടിയിൽ യുപി
- സാന്ദ്ര ഷിജോ — തോമാപുരം എൽപി
3-ാം സ്ഥാനം - അനഘ എലിസബത്ത് ജോസഫ് — ചന്ദനക്കാംപാറ എൽപി

**ക്ലാസ് – II**

1-ാം സ്ഥാനം - ശ്രീമയി ഹരിഹരൻ — തോമാപുരം എൽപി
2-ാം സ്ഥാനം - അഡോൺ ബിപിൻ — പുലിക്കുരുമ്പ യുപി
3-ാം സ്ഥാനം - ജോഹൻ ജിജോ — വെള്ളരിക്കുണ്ട് എൽപി

**ക്ലാസ് – III**

1-ാം സ്ഥാനം - എയിഡൻ ജോസ് ലാലു — കോഴിച്ചാൽ എൽപി
- ദാർഷിക് വി.വി. — വെള്ളരിക്കുണ്ട് എൽപി
2-ാം സ്ഥാനം - ഐവിൻ ജോസഫ് — കിളിയന്തറ എൽപി
3-ാം സ്ഥാനം - ജോയൽ സനീഷ് — തോമാപുരം എൽപി

**ക്ലാസ് – IV**

1-ാം സ്ഥാനം - അനുഷ്ക രാജ് — ചെമ്പന്തൊട്ടി യുപി
2-ാം സ്ഥാനം - ആർദ്ര തെരേസ് ടി.എം. — കോഴിച്ചാൽ എൽപി
3-ാം സ്ഥാനം - ദേവശ്രീ അനിൽ — ചെമ്പന്തൊട്ടി യുപി
- ദേവശ്രീ ഹരിഹരൻ — തോമാപുരം എൽപി

**ക്ലാസ് – V**

1-ാം സ്ഥാനം - ക്രിസ്റ്റോ ജിമ്മി — മഞ്ഞളാംപുറം യുപി
2-ാം സ്ഥാനം - അൻവിൻ ടോം ജോയിസ് — തോമാപുരം എച്ച്എസ്
3-ാം സ്ഥാനം - ജെറോം മാത്യു — പൈസക്കരി യുപി
- ബിൻഷ ബെനിൻ — ചെമ്പന്തൊട്ടി യുപി

**ക്ലാസ് – VI**

1-ാം സ്ഥാനം - ഡിയോൺ ജോർജ് ജെയിസൺ — കരിക്കോട്ടക്കരി യുപി
2-ാം സ്ഥാനം - നിത എലിസബത്ത് സാജൻ — തോമാപുരം എച്ച്എസ്
3-ാം സ്ഥാനം - അഭിനവ് രതീഷ് — തോമാപുരം യുപി

**ക്ലാസ് – VII**

1-ാം സ്ഥാനം - ആരുഷ് ടി.എം — എടൂർ എച്ച്എസ്
2-ാം സ്ഥാനം - ജൂഡ് റിജു ചാക്കോ — കരിക്കോട്ടക്കരി യുപി
3-ാം സ്ഥാനം - ഇഷാൻ എസ് പ്രേം — എടൂർ എച്ച്എസ്

**ക്ലാസ് – VIII**

1-ാം സ്ഥാനം - റിഷികേഷ് പാലാട്ട് — വെള്ളരിക്കുണ്ട് എച്ച്എസ്
2-ാം സ്ഥാനം - അൽന റോസ് തമോസ് — കൊളക്കാട് എച്ച്എസ്

| | | |
|---|---|---|
| 3-ാം സ്ഥാനം - | അശ്വതി കെ | ചെറുപുഴ എച്ച്എസ് |
| - | അഭിനവ് രാജേഷ് | മണിക്കടവ് എച്ച്എസ് |

**ക്ലാസ് - IX**

| | | |
|---|---|---|
| 1-ാം സ്ഥാനം - | ശ്രീലക്ഷ്മി ആർ.യു | ചെറുപുഴ എച്ച്എസ് |
| 2-ാം സ്ഥാനം - | ആൻ മരിയ ജിമ്മി | കരിക്കോട്ടക്കരി എച്ച്എസ് |
| 3-ാം സ്ഥാനം - | ദിയ എലിസബത്ത് | തോമാപുരം എച്ച്എസ് |

**അധ്യാപക സെലക്ഷൻ**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലേക്ക് മലയാളം, ഹിന്ദി, എൽ.പി.എസ്.ടി (ഡി.എൽ.എഡ്), സംസ്കൃതം, അറബിക് എന്നീ തസ്തികകളിലേക്ക് അധ്യാപക നിയമനത്തിന് സെലക്ഷൻ നടത്തുന്നു.

**പരീക്ഷാ തീയതി : 03-05-2024 (വെള്ളിയാഴ്ച)**

Malayalam, Hindi, Arabic, Sanskrit & LPST (D.El.Ed)

**സ്ഥലം : സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ, തലശ്ശേരി**

**സമയം : 11 am**

മേൽപറഞ്ഞ വിഷയങ്ങളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ **ഏപ്രിൽ 12-ാം തീയതി വെള്ളിയാഴ്ച 11 മണിക്ക് തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ** ഹാജരാകേണ്ടതാണ്. സമർപ്പിച്ച അപേക്ഷയിൽ കൂടുതലായി എന്തെങ്കിലും രേഖകൾ ഉൾപ്പെടുത്താനുണ്ടെങ്കിൽ അന്നേ ദിവസം അവസരമുണ്ടാകും. അതിനുശേഷം അവസരം ഉണ്ടായിരിക്കുന്നതല്ല. മേൽ പറഞ്ഞ വിഷയങ്ങൾക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റെങ്കിലും ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഏപ്രിൽ 12-ാം തീയതി വരെ പേർ രജിസ്റ്റർ ചെയ്യുന്നതിനും അവസരം ഉണ്ടായിരിക്കുന്നതാണ്. തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള ഇടവകകളിൽപ്പെട്ടവർക്കായിരിക്കും മുൻഗണന.

ഡിഗ്രിക്കും ബി.എഡിനും ഡി.എൽ.എഡിനും പഠിച്ച ഭാഗങ്ങളായിരിക്കും പരീക്ഷ സിലബസ്. കൂടാതെ GK, മതബോധനം, സന്മാർഗ്ഗശാസ്ത്രം എന്നീ മേഖലകളിൽ നിന്നും ചോദ്യങ്ങളുണ്ടാകും. ഹൈസ്കൂളിലേക്ക് സെലക്ഷൻ നടത്തുന്നുവെങ്കിലും നിയമനം ആദ്യം യു.പി. സ്കൂളിലേക്കായിരിക്കും.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമലഗിരി കോളേജ്

## കൂത്തുപറമ്പ്

### RUSA 2.0 പദ്ധതിയുടെ ഉദ്ഘടനം

പൂർത്തിയാക്കപ്പെട്ട RUSA 2.0 പദ്ധതിയുടെ ഉദ്ഘടനം പുതുതായി പണികഴിപ്പിച്ച ക്ലാസ്സ് മുറികൾ, 30 KB സോളാർ പദ്ധതി, ലൈബ്രറി നവീകരണം, തുടങ്ങിയ വിവിധ പദ്ധതികൾക്കായി രണ്ടു കോടി രൂപയാണ് കേന്ദ്ര - സംസ്ഥാന ഗവണ്മെന്റുകളുടെ സംയുക്ത പ്രൊജക്റ്റ് വഴി കോളജിൽ ചിലവഴിച്ചത്. ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്ത ഈ പ്രോഗ്രാമിന് കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. കോളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ, മുൻ പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഗംഗധരൻ മാസ്റ്റർ, റുസ്സ സ്റ്റേറ്റ് പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ശ്രീ. സുധിർ ഐ എ എസ്സ്, കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ, ഐ ക്യു. എ. സി. കോർഡിനേറ്റർ ഡോ. മാർട്ടിൻ ജോസഫ് എന്നിവർ സംസാരിച്ചു.

### അന്താരാഷ്ട്ര വനിതാദിനാചരണത്തിൽ പ്രദർശനമേള സംഘടിപ്പിച്ച് നിർമലഗിരി കോളേജ്

നിർമലഗിരി കോളേജിൽ വിവിധപരിപാടികളോടെ വനിതാ ദിനം ആചരിച്ചു. പ്രിൻസിപ്പൽ ഡോ. ടി.കെ സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്ന പരിപാടിയിൽ മുഖ്യാതിഥി ഡോ. ഫിലോമിന അബ്രാഹം സ്ത്രീകളുടെ വിവിധ അവകാശങ്ങളെക്കുറിച്ചും സമൂഹത്തിൽ ഒരു സ്ത്രീ എങ്ങനെ ആയിരിക്കണമെന്നും ബോധിപ്പിച്ചു. വൈസ് പ്രിൻസിപ്പാൾ ഫാ. ഡോ ജോബി ജേക്കബ്, ഐ.ക്യു.എ.സി. കോർഡിനേറ്റർ ഫാ. ഡോ. മാർട്ടിൻ ജോസഫ്, സ്റ്റുഡന്റ് പ്രതിനിധി ഫാത്തിമത്ത് സഫ്ന സി.എച്ച്. എന്നിവർ ആശംസയേകി സംസാരിച്ചു. നിർമ്മലഗിരി വുമൺ സെല്ല് പ്രസിഡണ്ട് സി. ഡോ. സുജമോൾ ജോസഫ് സ്വാഗതവും സെക്രട്ടറി ഡോ. റെൻസി കുര്യൻ നന്ദിയും പറഞ്ഞു.

## സർട്ടിഫിക്കറ്റ് കോഴ്സിന്റെ പ്രദർശനമേളയും സർട്ടിഫിക്കറ്റ് വിതരണവും

വുമൺ സെല്ലും പിഡിലത്ത് ഇന്റസ്ട്രീ ലിമിറ്റഡ് കമ്പനിയുമായി സഹകരിച്ച്, ഇൻസ്രക്ടർ റുഗ്മിനി എസ് നായർ നേതൃത്വം നല്ലിയ ആർട്ട്സ് ആൻഡ് ക്രാഫ്റ്റ്സ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ പ്രദർശനമേളയും സർട്ടിഫിക്കറ്റ് വിതരണവും മുഖ്യ ആകർഷണമായിരുന്നു. 2023-24 വർഷങ്ങളിൽ കലാ-കായിക അക്കാദമിക് രംഗങ്ങളിൽ മികവ് പുലർത്തിയ വിദ്യാർത്ഥിനികളെ യോഗം ആദരിച്ച് സമ്മാനങ്ങൾ നല്കി.

## കരിയർ ഗൈഡൻസ് പ്രോഗ്രാം

കേന്ദ്രഗവണ്മെന്റിന്റെ 'ബേട്ടി ബചാവോ ബേട്ടി പഠാവോ' സ്കീമിന്റെ കീഴിൽ നിർമലഗിരി വുമൺ സെല്ലിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ഡിസ്ട്രിക്ട് വുമൺ ആന്റ് ചൈൽഡ് ഡവലപ്മെന്റ് ഓഫീസ് കണ്ണൂർ, അസാപ് കേരള (Additional Skill Aquisition Programme Kerala) എന്നിവയുടെ സഹകരണത്തോടെ കരിയർ ഗൈഡൻസ് വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. സെബാസ്റ്റ്യൻ ടി.കെ. ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വുമൺസെല്ല് പ്രസിഡന്റ് ഡോ. സി. സുജാ മോൾ ജോസഫ്, സി.എസ്.പി. പാലയാട് ഹെഡ് സുബിൻ മോഹൻ എന്നിവർ സംസാരിച്ചു. കരിയർ മെന്റർ ഗോപകുമാർ പി. സോഫ്റ്റ് സ്കിൽ ട്രെയിനർ അഖിലേഷ് എ. എന്നിവർ ക്ലാസുകൾ നയിച്ചു.

## ഉന്നത ഭാരത് അഭിയാൻ

കേന്ദ്രഗവണ്മെന്റിന്റെ മാനവവിഭവശേഷി മന്ത്രാലയത്തിന്റെ കീഴിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഉന്നത ഭാരത് അഭിയാൻ (യു.ബി.എ.) പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട നിർമ്മലഗിരി കോളേജിന്റെ പ്രവർത്തന ഉദ്ഘാടനം നടത്തപ്പെട്ടു. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജോസഫ് അധ്യക്ഷത വഹിച്ച ചടങ്ങ് മുൻസിഫ് മജിസ്ട്രേറ്റ് (റിട്ട) എം. ബാലകൃഷ്ണൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

കണിച്ചാർ, മാലൂർ, മുഴക്കുന്ന്, ചിറ്റരിപ്പറമ്പ്, കോളയാട് എന്നീ പഞ്ചായത്തുകൾ ആണ് ഈ പദ്ധതിയിൽ കോളേജുമായി ചേർന്ന് പ്രവർത്തിക്കുന്നത്. ഈ അഞ്ചു പഞ്ചായത്തുകളിൽ നിന്നുമുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. റീജിയണൽ കോർഡിനേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഐ.ഐ.റ്റി, പാലക്കാട് യു.ബി.എ പ്രൊജക്റ്റ് കോ ഓർഡിനേറ്റർ അനുരഞ്ജ് പി കുമാർ പദ്ധതിയെക്കുറിച്ച് അറിവ് നൽകുന്ന ക്ലാസ്സ് നയിച്ചു. കോളേജ് ഐ.ക്യു.എ.സി. കോർഡിനേറ്റർ ഡോ. ഫാ. മാർട്ടിൻ ജോസഫ്,

നിർമ്മലഗിരി യു.ബി.എ. സെൽ കോർഡിനേറ്റർ ഡോ. ദീപു ജോസഫ് എന്നിവർ സംസാരിച്ചു.

### യുവജന പാർലമെന്റ് സംഘടിപ്പിച്ചു

കേന്ദ്രസർക്കാർ യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ നെഹ്റു യുവകേന്ദ്ര നിർമലഗിരി കോളേജ്, എൻ.എസ്.എസ്., ഇ.എൽ.സി. ക്ലബ്ബ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ജില്ലാതല അയല്പക്ക യൂത്ത് പാർലമെന്റ് കെ. മുരളീധരൻ എം.പി. ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കേരള ഫോക്ലോർ അക്കാദമി യുവ പ്രതിഭാ അവാർഡ് ജേതാവും നെഹ്റു യുവ കേന്ദ്ര മുൻ വോളന്റിറുമായ ശരത് കൃഷ്ണനെയും മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ഹരിതകർമ്മ സേനാംഗങ്ങളെയും ചടങ്ങിൽ ആദരിച്ചു. മൈ ഭാരത് യുവ പോർട്ടൽ, ഡിജി കേരള വോളന്റിയർ രജിസ്ട്രേഷൻ ലോഗോ പ്രകാശനവും ചടങ്ങിൽ എം.പി. നിർവ്വഹിച്ചു.

കോളേജ് ഹാളിൽ നടന്ന പരിപാടി നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ രമ്യ കെ. സ്വാഗതം പറഞ്ഞ ചടങ്ങിൽ റവ. ഫാ. ജോബി ജേക്കബ് അധ്യക്ഷത വഹിച്ചു. റവന്യൂ ഡെപ്യൂട്ടി കലക്ടർ ഹിമ കെ. തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസാരിച്ചു. ന്യൂ ഇന്ത്യ ന്യൂ ഇനീഷ്യേറ്റീവ് എന്ന വിഷയത്തിൽ അഡ്വ. ഹംസക്കുട്ടി പി., മില്ലറ്റ് ഫോർ ലൈഫ് എന്ന വിഷയത്തിൽ ലയ പിയൂഷ്, ഷിമ്‌ന അനീഷ്, ഹനാൻ ഇബ്രാഹിം എന്നിവരും ക്ലാസുകൾ കൈകാര്യം ചെയ്തു. യുവജനക്ഷേമ ബോർഡ് പ്രോഗ്രാം ഓഫീസർ പ്രസീത കെ., റവ. ഫാ. മാത്യു തെക്കേമുറി, റവ. ഫാ. മാർട്ടിൻ ജോസഫ്, ദീപക് ജോസഫ്, നെഹ്റു യുവകേന്ദ്ര വോളന്റിയർ നിഖിൽ വി എന്നിവർ സംസാരിച്ചു.

### അപൂർവ രോഗ ദിനം ആചരണം

നിർമലഗിരി കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ അപൂർവ രോഗദിനം ആചരിച്ചു. മുഖ്യാതിഥിതിയായി ഡോ. എ. ജോസഫ് പങ്കെടുത്തു. അപൂർവ രോഗങ്ങളെ സംബന്ധിച്ചും രോഗം വരാതെ ആരോഗ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഡോക്ടർ വിശദീകരിച്ചു. വോളന്റിയർമാരുടെ ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നല്കി. യോഗത്തിൽ വൈസ് പ്രിൻസിപ്പൽ ഫാ. ജോബി ജേക്കബ്, പ്രോഗ്രാം ഓഫീസർ ഡോ. ജയ്സൺ ജോസഫ്, വോളന്റിയർ ആർഷ ഗിരീഷ് എന്നിവർ സംസാരിച്ചു.

### ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര

കോളജിന്റെ അറുപതാം വാർഷികത്തോട് അനുബന്ധിച്ച് കോളേജ്

മാനേജ്മെന്റ്, പി.ടി.എ, അധ്യാപകർ, വിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവരുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര സംഘടിപ്പിച്ചു.

**ദേശീയ ശാസ്ത്രദിനചാരണം**

ദേശീയ ശാസ്ത്രദിനാചാരണത്തിന്റെ ഭാഗമായി കെമിസ്ട്രി ഡിപ്പാർട്മെന്റ് വിദ്യാർത്ഥികൾക്കായി പോസ്റ്റർ രചന മത്സരം സംഘടിപ്പിച്ചു.

**കളരിപ്പയറ്റ്**

കണ്ണൂർ യൂണിവേഴ്സിറ്റി കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിൽ നിർമ്മലഗിരി കോളേജ് പെൺകുട്ടികളുടെ ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**യാത്രയയപ്പ്**

നിർമലഗിരി കോളേജിൽ നിന്ന് ഈ വർഷം സർവീസിൽ നിന്നു വിരമിക്കുന്ന ഹിന്ദി വിഭാഗം അദ്ധ്യക്ഷ ക്യാപ്റ്റൻ ഡോ. സുജ മറിയാമ്മ ജോഷ്വാ, ലാബ് അസി. ശ്രീ. ജോർജ് പി., ലൈബ്രറി അസിസ്റ്റന്റ് ശ്രീ. പവിത്രൻ നിട്ടൂർ എന്നിവർക്ക് നിർമലഗിരി കോളേജ് സ്റ്റാഫ് അസോസിയേഷൻ, മാനേജ്മെന്റ് മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് യാത്രയയപ്പ് നല്കി.

**പി ആർ ഒ**

നിർമലഗിരി കോളേജ്

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### ഓട്ടോണമസ് പദവി

2002ൽ തുടക്കം കുറിച്ച നമ്മുടെ എൻജിനീയറിങ് കോളേജ് രണ്ടു പതിറ്റാണ്ടുകാലത്തെ പ്രവർത്തന മികവിന്റെ അംഗീകാരം എന്ന നിലയിൽ ഓട്ടോണമസ് കോളേജ് ആയി ഉയർത്തപ്പെട്ടു. മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ അർപ്പണബോധമുള്ള സ്റ്റാഫ്, ഉയർന്ന വിജയശതമാനം, ആകർഷകമായ പ്ലേസ്മെന്റ് റെക്കോർഡ് സർവോപരി വിദ്യാർഥികളുടെ സമഗ്ര വികസനത്തിന് സഹായിക്കുന്ന സംരംഭകത്വ അന്തരീക്ഷം ഇവയെല്ലാമാണ് വിമൽജ്യോതിയെ കേരളത്തിലെ മുൻനിര കോളേജുകളിൽ ഒന്നാക്കി തീർത്തത്. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ കാലഘട്ടത്തിൽ തുടക്കം കുറിച്ച വിമൽജ്യോതിയുടെ സ്ഥാപക ചെയർമാൻ മോൺ മാത്യു എം. ചാലിൽ അച്ചനാണ്. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും വിമൽജ്യോതിയെ ഉന്നതിയിലേക്ക് നയിച്ചു. നാളിതുവരെ നിർലോഭമായ സഹകരണവും പ്രോത്സാഹനവും നൽകിക്കൊണ്ടിരിക്കുന്ന എല്ലാ അച്ചന്മാർക്കും ഇവിടെ സേവനം ചെയ്ത സഹവൈദികർക്കും പ്രിൻസിപ്പിൾമാർക്കും സ്റ്റാഫ് അംഗങ്ങൾക്കും പ്രത്യേകമായി നന്ദി പറയുന്നു. തുടർന്നും ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു

### വിമൽ ജ്യോതിയിൽ അന്താരാഷ്ട്ര സെമിനാർ

വിമൽ ജ്യോതി മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ IEEE റോബോട്ടിക്സ് & ഓട്ടോമേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചെമ്പേരി വിമൽ ജ്യോതിയിൽ 18-03-2024 ന് അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. ഓസ്ട്രേലിയ ജോഹന്നാസ് കെപ്ലർ യൂണിവേഴ്സിറ്റിയിലെ ഇന്റലിജൻറ് ട്രാൻസ്പോർട്ടേഷൻ വകുപ്പ് മേധാവി ഡോ. ക്രിസ്റ്റീന ഒലവെറി മുഖ്യപ്രഭാഷണം നടത്തി. ഡ്രൈവറുടെ സഹായമില്ലാതെ നിരത്തിലൂടെ ഓടുന്ന വാഹനങ്ങളെകുറിച്ചായിരുന്നു സെമിനാർ.

## പ്രഥമ മോൺ. മാത്യു എം. ചാലിൽ എക്സലൻസ് അവാർഡ് വിമൽ ജ്യോതി എൻജിനീയറിങ് കോളജിന്

മലബാറിന്റെ സമഗ്ര വികസനത്തിനായി 6 പതിറ്റാണ്ടിലധികം സേവനം ചെയ്ത മോൺ. മാത്യു എം. ചാലിലിന്റെ സ്മരണയ്ക്കായി ബിഷപ്പ് വള്ളോപ്പിള്ളി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പ്രഥമ എജ്യുക്കേഷൻ എക്സലൻസ് അവാർഡ് വിമൽ ജ്യോതി എൻജിനീയറിങ് കോളജിന് ലഭിച്ചു.

## കേരള സാങ്കേതിക സർവകലാശാല ഫാക്കൽറ്റി ഡെവലപ്പ്മെൻറ് പ്രോഗ്രാം

കേരള സാങ്കേതിക സർവകലാശാല ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ 5 ദിവസം നീണ്ടുനിൽക്കുന്ന ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഇൻചാർജ് ഡോ. റോഷ്നി T V യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യൂണിവേഴ്സിറ്റി ജോയിന്റ് ഡയറക്ടർ ഡോ. ബിജോയ് അബ്രാഹം ഉദ്ഘാടനം നിർവ്വഹിച്ചു.

## പ്ലേസ്മെന്റ് വാർത്തകൾ - മാർച്ച് 2024

- സുൽത്താൻബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐടി സ്റ്റാർട്ടപ്പ് കമ്പനിയായ NETHRAM LLC നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ അവസാന വർഷ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് വിദ്യാർത്ഥിക്ക് ജോലി ലഭിച്ചു.
- ബാംഗ്ലൂർ ബേസ്ഡ് കമ്പനിയായ PENTAGON SPACE നടത്തിയ റിക്രൂട്ട്മെന്റിൽ പങ്കെടുത്ത രണ്ട് CSE വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- കൊച്ചി ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന PKJ Technologies മാർച്ച് മാസം അവസാനത്തോടെ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾ ആറുമാസത്തെ ട്രെയിനിങ് പൂർത്തിയാക്കേണ്ടതുണ്ട്.
- എൻജിനീയറിങ് പഠനം പൂർത്തിയാക്കുന്നവർക്ക് ജപ്പാനിൽ ഉള്ള ജോലി അവസരങ്ങളെകുറിച്ചും ജാപ്പനീസ് ഭാഷ പഠിക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചുള്ള ഒരു സെമിനാർ ഹിക്കാരി ജാപ്പനീസ് ലാംഗ്വേജ് അക്കാദമിയുമായി സഹകരിച്ച് മാർച്ച് 4-ാം തീയതി സംഘടിപ്പിച്ചു. 75 ഓളം വിദ്യാർത്ഥികൾ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു.

## GATE പരീക്ഷയിൽ വിമൽ ജ്യോതിക്ക് തിളക്കമാർന്ന വിജയം

2024ലെ എൻജിനീയറിങ് GATE പരീക്ഷയിൽ ചെമ്പേരി വിമൽ ജ്യോതിയിൽ നിന്നും 15 കുട്ടികൾ യോഗ്യത നേടി. അഖിലേന്ത്യ തലത്തിൽ നടത്തപ്പെടുന്ന GATE പരീക്ഷയിലെ വിജയം തികച്ചും അഭിമാനകരമാണ്.

# എം.ബി. എ വാർത്തകൾ

## വിമൽ ജ്യോതിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അഡ്മിഷനുകൾ ആരംഭിച്ചു

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിൽ 2024-25 വർഷത്തേക്കുള്ള എംബിഎ പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചു. ബിരുദപഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 75 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 85 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എം ബി എ പഠനം പൂർത്തിയാക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 8111918367.**

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിൽ പ്ലേസ്മെന്റ് ഡ്രൈവുകൾ

ഏഷ്യൻ പെയ്ൻറ്സ് നടത്തിയ ഡ്രൈവിലൂടെ 7.8 ലക്ഷം രൂപ വാർഷിക ശമ്പളത്തിൽ 4 വിദ്യാർഥികൾ എക്സിക്യൂട്ടീവ് ലെവലിൽ തിരഞ്ഞെടുക്കപ്പെട്ടു. ഇൻഡിഗോ. പെയ്ൻറ്സ്, മണപ്പുറം ഫിനാൻസ്, ഇസാഫ് ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ആക്സിസ് ബാങ്ക്, സ്പെക്ട്രം സോളാർ എന്നീ കമ്പനികൾ മാർച്ച് ഏപ്രിൽ മാസങ്ങളിൽ ക്യാമ്പസിൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നുണ്ട്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ ഏപ്രിൽ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

## അവധിക്കാല പ്രോഗ്രാമുകൾ

### കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്

UP, HIGH SCHOOL, HITHER SECONDARY SCHOOL കുട്ടികൾക്ക് വേണ്ടി മെയ് 1 മുതൽ 15 വരെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് നടത്തപ്പെടുന്നു.
അഡ്മിഷൻ എടുക്കാൻ ഓഫീസുമായി ബന്ധപ്പെടുക.

### ഡിജിറ്റൽ ട്രെയിനിങ് (FOR PRIESTS, NUNS AND TEACHERS)

വൈദികർ സിസ്റ്റേഴ്സ് ടീച്ചേഴ്സ് എന്നിവർക്ക് വേണ്ടി ഡിജിറ്റൽ ട്രെയിനിങ് നടത്തപ്പെടുന്നു.

**Training on**

1. Artificial intelligence tools
2. Chat GPT
3. Professional PowerPoint presentation
4. Microsoft Word and Excel
5. Canva editing tools.
    - ക്ലാസുകൾ മെയ് ഒന്നു മുതൽ 15 വരെ
    - ആദ്യം ബുക്ക് ചെയ്യുന്ന 50 പേർക്ക് അഡ്മിഷൻ.
    - കോഴ്സ് ഫീസ് 1500

**കോഡിങ് ക്യാമ്പ്**

അവധിക്കാലത്ത് സ്കൂൾ കുട്ടികൾക്ക് വേണ്ടി കോഡിങ് ക്യാമ്പ് നടത്തപ്പെടുന്നു.

- മെയ് 6 മുതൽ 11 വരെ
- യുപി മുതൽ ഹയർസെക്കൻഡറി വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം
- സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്
- കോഴ്സ് ഫീസ് 750 രൂപ
- ആദ്യം ബുക്ക് ചെയ്യുന്നവർക്ക് അവസരം

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

## വിശുദ്ധ നാട് - യൂറോപ്പ് യാത്രകൾ

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജോർജ് വെള്ളരിങ്ങാട്ട് അച്ചന്റെ നേതൃത്വത്തിൽ 2024 ഏപ്രിൽ 8 മുതൽ 18 വരെ വിശുദ്ധ നാട് യാത്രയും സെപ്റ്റംബർ അവസാന ആഴ്ചയിൽ 15 ദിവസത്തേക്ക് യൂറോപ്യൻ യാത്രയും ക്രമീകരിക്കുന്നു. സീറ്റുകൾ ബുക്ക് ചെയ്യുന്നതിനും വിശദവിവരങ്ങൾ അറിയുന്നതിനും **7306266198** എന്ന നമ്പറിൽ വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
## എ. കെ. സി. സി.

**മേഖല സമ്മേളനങ്ങൾ**

മെമ്പർഷിപ്പ് വിതരണത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ സമ്മേളനങ്ങൾ വിളിച്ചു ചേർത്തു. അതിരൂപതയിലെ വിവിധ ഇടവകകളിൽ അംഗത്വ വിതരണം കാര്യക്ഷമമായി നടക്കുന്നു.

**തളിപ്പറമ്പ് ഫൊറോനാ സമിതി**

മാർച്ച് 12 ന് തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ് ഹാളിൽ തളിപ്പറമ്പ് മേഖലയിലെ സമ്മേളനത്തിൽ അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോക്ടർ ജോസഫ് കാക്കരമറ്റത്തിൽ സമുദായ ശക്തീ കരണത്തെക്കുറിച്ച് വിഷയാവതരണം നടത്തി ക്ലാസ്സ് നയിച്ചു. മദ്യ നിരോധന സമിതി ജില്ലാ പ്രസിഡണ്ട് ഐ. സി. മേരിക്ക് അംഗത്വം നൽകിക്കൊണ്ട് തളിപറമ്പ് ഫൊറോനയിലെ കത്തോലിക്ക കോൺഗ്രസ് അംഗത്വ വിതരണം ഫൊറോന ഡയറക്ടർ ഫാ. മാത്യു വളവനാൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് അഡ്വക്കറ്റ് കെ.ഡി മാർട്ടിൻ പ്രസംഗിച്ചു.

**വെള്ളരിക്കുണ്ട് ഫൊറോനാ സമിതി**

മാർച്ച് 16 ന് ശനിയാഴ്ച പരപ്പ സെന്റ് മേരീസ് പാരിഷ് ഹാളിൽ വെള്ളരിക്കുണ്ട് മേഖല സമ്മേളനം ചേർന്നു. ഫൊറോന വികാരി ഫാ. ഡോക്ടർ ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ച സമ്മേളനം ഗ്ലോബൽ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോക്ടർ ജോസഫ് കാക്കരമറ്റത്തിൽ വിഷയാവതരണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. ജോസഫ് കോണിക്കൽ, രൂപത ട്രഷറർ ഫിലിപ്പ് വെളിയത്ത്, ഫൊറോന പ്രസിഡണ്ട് ജിജി കുന്നപ്പള്ളി എന്നിവർ പ്രസംഗിച്ചു.

**വായാട്ടുപറമ്പ ഫൊറോനാ സമിതി**

മാർച്ച് 18ന് വായാട്ടുപറമ്പ സെന്റ് ജോസഫ് പാരിഷ് ഹാളിൽ വെച്ച് വായാട്ടുപറമ്പ മേഖലാ സമ്മേളനം നടന്നു. ഫൊറോന വികാരി

ഫാ. ഡോ. തോമസ് തെങ്ങുംപള്ളിൽ അധ്യക്ഷത വഹിച്ച യോഗം ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോക്ടർ ജോസഫ് കാക്കരമറ്റത്തിൽ വിഷയാവതരണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. മാത്യു കുന്നേൽ, അഡ്വക്കേറ്റ് ബിനോയ് തോമസ്, ഫൊറോനാ പ്രസിഡന്റ് ജോസ് ഏത്തക്കാട്, ജെയ്സൺ അട്ടാറിമാക്കൽ എന്നിവർ പ്രസംഗിച്ചു.

**നെല്ലിക്കാംപൊയിൽ ഫൊറോനാ സമിതി**

മാർച്ച് 9 ശനിയാഴ്ച ഇരിട്ടി പാരിഷ് ഹാളിൽ നെല്ലിക്കാംപോയിൽ മേഖല സമ്മേളനം ചേർന്നു. ഇരിട്ടി പള്ളി വികാരി ഫാ. ആന്റണി ആനക്കല്ലിൽ അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ വിഷയാവതരണം നടത്തി. ഫൊറോനാ പ്രസിഡന്റ് ടോമി വെട്ടിക്കാട്ട് കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് അഖിൽ ചാലിൽപുത്തെൻപുരയിൽ എന്നിവർ പ്രസംഗിച്ചു.

**സമ്പൂർണ കത്തോലിക്കാ കോൺഗ്രസ് ഇടവക : അരവഞ്ചാൽ**

അരവഞ്ചാൽ ഇടവകയിലെ മുഴുവൻ അംഗങ്ങളെയും കത്തോലിക്ക കോൺഗ്രസ് അംഗത്വം നൽകി തലശ്ശേരി അതിരൂപതയിലെ ആദ്യത്തെ കത്തോലിക്കാ കോൺഗ്രസ് സമ്പൂർണ്ണ ഇടവകയായി മാറി. മാർച്ച് പതിനേഴാം തീയതി അരവഞ്ചാൽ പാരിഷ് ഹാളിൽ ചേർന്ന യോഗത്തിൽ വെച്ച് അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ സമ്പൂർണ്ണ ഇടവക പ്രഖ്യാപനം നടത്തി. അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. പള്ളി വികാരി ബഹു. ഫാ. ജിബിൻ മുണ്ടൻകുന്നേൽ അധ്യക്ഷത വഹിച്ചു. യൂണിറ്റ് പ്രസിഡണ്ട് അസി പൂക്കുളം ചടങ്ങിന് സ്വാഗതം ആശംസിച്ചു.

**വന്യമൃഗ ശല്യത്തിനെതിരെ പ്രക്ഷോഭം**

അതിരൂക്ഷമായ വന്യമൃഗ ശല്യത്തിനെതിരെ മണിക്കടവ് ഫൊറോന കമ്മിറ്റിയുടെ നേതൃത്വത്തിൽ മണിക്കടവ് ടൗണിൽ പ്രകടനവും സായാഹ്ന ധർണ്ണയും നടന്നു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. പയസ് പടിഞ്ഞാറേ മുറിയിൽ അധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ ബഹു. ഫാ. ജോർജ് ഇലവുങ്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ പ്രസിഡന്റ് ചാക്കോച്ചൻ ഇളംതുരുത്തിപടവിൽ, ബഹു. ഫാ. വിപിൻ ഇലഞ്ഞിപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

| | |
|---|---|
| **അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ** | **ഫാ. ഫിലിപ്പ് കവിയിൽ** |
| *പ്രസിഡണ്ട്* | *ഡയറക്ടർ* |

# സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ

## സൗജന്യമായി സിവിൽ സർവ്വീസ് പരിശീലനം


ചങ്ങനാശ്ശേരി അതിരൂപതയുടെയും പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെയും സംയുക്ത സംരംഭമായി 1998-ൽ തുടക്കം കുറിച്ചതാണ് കേരളത്തിലെ ആദ്യ സിവിൽ സർവ്വീസ് പരിശീലനകേന്ദ്രമായ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ. നാലു ജില്ലകളിലെ ഇപ്പോഴത്തെ കളക്ടർമാരുൾപ്പെടെ 350 പേരെ വിവിധ സിവിൽ സർവ്വീസുകളിലും മറ്റനേകരെ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലകളിലെ ഉയർന്ന ഉദ്യോഗങ്ങളിലും എത്തിക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഒരു വർഷത്തെ ഫുൾടൈം കോഴ്സിനു പുറമെ ഡിഗ്രിയോടൊപ്പം ഐ.എ.എസ്. പരീക്ഷയ്ക്കൊരുക്കുന്ന ആഡ് ഓൺ കോഴ്സ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, കേരള പി.എസ്.സി. എന്നിവയ്ക്കുള്ള പരിശീലനവും മികച്ച രീതിയിൽ ഇവിടെ നൽകിവരുന്നു.

ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ 21 സിവിൽ സർവ്വീസുകളിലേയ്ക്ക് 2025-ൽ നടക്കുന്ന പരീക്ഷയ്ക്കുള്ള കോച്ചിംഗ് ക്ലാസുകളുടെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയോ ഉപരിയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം ദീർഘിക്കുന്ന ഫുൾടൈം കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നു ഘട്ട പരീക്ഷകൾക്കുമുള്ള പരിശീലനമാണ് നൽകുന്നത്. ഈ വർഷം ഫുൾടൈം കോഴ്സിനു ചേരുന്നവർക്ക് 50 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. മെയ് മാസം 5-ാം തീയതി ഓൺ ലൈനായും 13-ാം തീയതി ഓഫ്ലൈനായും നടത്തുന്ന യോഗ്യതാപരീക്ഷയുടെ അടിസ്ഥാനത്തിൽ 25 പേർക്ക് സൗജന്യമായും 50 പേർക്ക് ഭാഗിക ഫീസാനുകൂല്യത്തോടെയും പരിശീലനം നേടാനുള്ള അവസരം പ്രയോജനപ്പെടുത്താൻ നമ്മുടെ യുവതീയുവാക്കളെ പരമാവധി പ്രോത്സാഹിപ്പിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**മോൺ സെബാസ്റ്റ്യൻ വേത്താനത്ത്**

വികാരി ജനറാൾ പാലാ രൂപത &
മാനേജർ, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, പാല

ബന്ധപ്പെടേണ്ട നമ്പർ : 9539381100, 9539371100, 04822 215831
E-mail : civilpala@yahoo.com
Web : www.civilservicepala.com



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

നമ്മുടെ എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ സജീവമായി നടക്കുന്നതിൽ അഭിനന്ദനങ്ങൾ!

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. കുടുംബക്കൂട്ടായ്മകളിൽ പ്രാർത്ഥനാപുസ്തകവും റിപ്പോർട്ട് ബുക്കും ഉപയോഗിക്കണം.
2. മാർച്ച് മാസം നൽകിയ അഭിവന്ദ്യ പിതാവിന്റെ വിഷയാധിഷ്ഠിത ക്ലാസ്, കുടുംബക്കൂട്ടായ്മയിൽ അവതരിപ്പിച്ച് ചർച്ച ചെയ്തതിന്റെ റിപ്പോർട്ട് ഇടവകാ കോർഡിനേറ്റർ, ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടെ ഏപ്രിൽ 20–ന് മുമ്പ് രൂപതാ ഓഫീസിലേക്ക് അയച്ചു തരിക.
3. ഏറ്റവും ഫലപ്രദമായി ചർച്ചകൾ നടത്തി, റിപ്പോർട്ടുകൾ രൂപതയിൽ സമർപ്പിക്കുന്ന 25 ഇടവകകൾക്ക് വർഷാവസാനം സമ്മാനം നൽകുന്നതാണ്.
4. കൂടാതെ ഓരോ ഫൊറോനയിൽ നിന്നും ഏറ്റവും നന്നായി കുടുംബക്കൂട്ടായ്മകൾ നടത്തുന്ന ഒരു ഇടവകയ്ക്കും ഇടവകാതലത്തിൽ സമ്മാനം നൽകുന്നതാണ്.
5. ഏപ്രിൽ മാസം ഇടവകാതല വിഷയങ്ങളാണ് കുടുംബക്കൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ടത്.
6. മെയ്മാസത്തെ ചർച്ചാ വിഷയം രൂപതാ ഓഫീസിൽ നിന്ന് മെയ് ഒന്നിന് നൽകുന്നതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

## SANTHITHEERAM
### INSTITUTE OF FAMILY & MENTALHEALTH
തലശ്ശേരി അതിരൂപതയുടെ മനശാസ്ത്ര കൗൺസിലിംഗ് സെന്റർ

## A. Counseling Services

**1. ദമ്പതിമാർക്കുള്ള കൗൺസിലിംഗ് :** 2024 ജനുവരി മുതൽ മാർച്ച് വരെ 18 ദമ്പതിമാർ മൂന്ന് ദിവസം മുതൽ 20 ദിവസം വരെ സെന്ററിൽ താമസിച്ചു കൗൺസിലിംഗ് സ്വീകരിക്കുകയുണ്ടായി. വിവാഹബന്ധം വേർപിരിയലിന്റെ വാക്കിൽ നിൽക്കുന്ന ദമ്പതിമാർക്ക് വളരെയേറെ ഉപകാരപ്രദമാണ് താമസിച്ചുള്ള കൗൺസിലിംഗ്. ദിവസം തോറും വന്നു പോകുന്ന 22 ദമ്പതിമാരും കൗൺസിലിംഗ് ശുശ്രൂഷകൾ സ്വീകരിച്ചു.

**2. വ്യക്തികൾക്കും കുട്ടികൾക്കും ഉള്ള കൗൺസിലിംഗ്**

7 യുവതി യുവാക്കന്മാർ അടങ്ങുന്ന വ്യക്തികൾ സെന്ററിൽ താമസിച്ച് കൗൺസിലിംഗ് ശുശ്രൂഷ സ്വീകരിച്ചു. ദിവസേന വന്നു കണ്ടു പോകുന്ന 11 പേരും കൗൺസിലിംഗ് ശുശ്രൂഷ സ്വീകരിക്കുകയുണ്ടായി. 14 കുട്ടികൾ അവരുടെ മാതാപിതാക്കളോടൊപ്പം കൗൺസിലിംഗ് ശുശ്രൂഷകൾ സ്വീകരിച്ചു.

## B. Psychological Workshops

**1. Handle with Much Care :** ന്യൂജൻ കുട്ടികളെ കൈകാര്യം ചെയ്യാൻ മാതാപിതാക്കളെ പരിശീലിപ്പിക്കുന്ന മനശാസ്ത്ര ശില്പശാല ആണിത്. ജനുവരി 7-ാം തീയതി ബൽത്താങ്ങാടി രൂപതയിലുള്ള ഖണ്ഡിബാഗ് ഇടവകയിലും ഫെബ്രുവരി 18-ാം തീയതി തലശ്ശേരി അതിരൂപതയിലെ അമ്മങ്കുളം പള്ളിയിലും ഈ ശില്പശാല നടത്തുകയുണ്ടായി.

**2. Positive Psychology for Personal & Professional Excellence**

മനശാസ്ത്രത്തിലെ നൂതനശാഖയായ പോസിറ്റീവ് സൈക്കോളജി പ്രൊഫഷണലുകളെ പരിചയപ്പെടുത്തുന്ന മനശാസ്ത്ര ശില്പശാലയാണിത്. 2024 ജനുവരി 16-ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിലെ സ്റ്റാഫുകൾക്കും മാർച്ച് 2-ന് കൊച്ചിൻ ടെക്നോളജി യൂണിവേഴ്സിറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്കും നടത്തുകയുണ്ടായി. ഫെബ്രുവരി 24-ാം തീയതി അപ്പോസ്തോലിക് കാർമൽ സിസ്റ്റേഴ്സ് നോർത്ത് ഈസ്റ്റ് ഇന്ത്യ പ്രൊവിൻസിലെ സിസ്റ്റേഴ്സിന് വേണ്ടി ഓൺലൈനായും നടത്തുകയുണ്ടായി.

**3. Know Thyself Workshop**

യുവതി യുവാക്കന്മാർക്ക് സ്വയം മനസ്സിലാക്കുവാനും ജീവിതത്തിൽ മുന്നേറുവാനും സഹായിക്കുന്ന മനശാസ്ത്ര ശില്പശാലയാണിത് 2022 ഫെബ്രുവരി 22, 23 തീയതികളിൽ ചെമ്പേരി എൻജിനീയറിംഗ് കോളേജിലെ ആദ്യ വർഷത്തിലെ എല്ലാ കുട്ടികൾക്കും നാലു ബാച്ചുകളിലായി നടത്തുകയുണ്ടായി.

**4. Take it Easy**

കുട്ടികളെ പരീക്ഷയ്ക്ക് ഒരുക്കുന്നതിനുള്ള മനശാസ്ത്ര ശില്പശാല ശാലയാണിത്. 2024 ഫെബ്രുവരി 5-ാം തീയതി കാഞ്ഞങ്ങാട് ലിറ്റിൽ ഫ്ളവർ സ്കൂളിലും 10-ാം തീയതി ശനിയാഴ്ച ഓൺലൈൻ ആയിട്ടും ഇത് കുട്ടികൾക്ക് നടത്തുകയുണ്ടായി.

**5. FOCUS WORKSHOP**

വിദ്യാർത്ഥികളുടെ ജീവിത വിജയത്തെ ബാധിക്കുന്ന കലാലയ രാഷ്ട്രീയം, മദ്യം, മയക്കുമരുന്ന്, internet and social media addiction കലാലയ പ്രണയം തുടങ്ങിയ വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് കുട്ടികളെ പരിശീലിപ്പിക്കുന്ന ശില്പയാലയാണ് **FOCUS.**

സെന്റ് മേരീസ് ഹൈസ്കൂൾ ചെറുപുഴ, നിർമ്മലഗിരി കോളേജ് കൂത്തുപറമ്പ്, സെന്റ് ജോസഫ്സ് യൂണിവേഴ്സിറ്റി, ബാംഗ്ലൂർ, സെന്റ് ജോസഫ്സ് കമ്മ്യൂണിറ്റി കോളേജ് ബാംഗ്ലൂർ തുടങ്ങിയ കലാലയങ്ങളിൽ ഈ ശില്പ ശാല വിജയകരമായി പൂർത്തിയാക്കി.

**6. MARITAL - ENRICHMENT WORKSHOP**

2024 ഫെബ്രുവരി 13 ന് ദമ്പതികൾക്കുവേണ്ടി SiFam-ൽ വച്ച് Marital Enrichment Workshop നടത്തി. 15 ദമ്പതികൾ പങ്കെടുത്തി.

## C. Psychological Tests

2024 മാർച്ച് 1-ാം തീയതി പെരുമ്പുന്നയിലെ കന്നഷ്യൻ സഭയിലുള്ള മൂന്ന് ബ്രദേഴ്സിന് മനശാസ്ത്ര പരീക്ഷകൾ നടത്തി. അവരുടെ റിപ്പോർട്ടുകൾ തയ്യാറാക്കി.

## കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിലുള്ള കൗൺസിലിംഗ് സർവീസ്

എല്ലാ ബുധനാഴ്ചകളിലും രാവിലെ മുതൽ വൈകുന്നേരം വരെ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ഫാ. സെബാൻ ചെരിപുറത്ത് കൗൺസിലിംഗ് നൽകുന്നുണ്ട്. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്കാണ് അതിനുള്ള അവസരം. അതിനായി അച്ചന്റെ നമ്പറിൽ വിളിക്കുകയും അപ്പോയിമെന്റ് എടുക്കുകയും വേണം.

**ഫാ. റെന്നി അരീപ്ലാക്കൽ**
*അസോ. ഡയറക്ടർ*

**ഫാ. സെബാൻ ചെരിപുറത്ത്**
*ഡയറക്ടർ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

## വ്യക്തിത്വ വികസന സെമിനാറും കൗൺസിലിംഗും

അടൂർ ബിഷപ്പ് മൂർ സ്പീച്ച് ആൻഡ് ഹിയറിങ് ഇമ്പയേർഡ് കോളേജിലെ കുട്ടികൾക്കായി വ്യക്തിത്വ വികസന സെമിനാറും കൗൺസിലിംഗും നടത്തി. കോളേജ് മാനേജർ ഫാ. ഷിബു സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ അനു മാത്യൂസ് സ്വാഗതവും, കോളേജ് യൂണിയൻ ചെയർമാൻ റഷീദ നന്ദിയും പറഞ്ഞു. 125 ഓളം കുട്ടികൾ സെമിനാറിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കൗൺസിലിംഗ് ആവശ്യമായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകി. കോളേജ് വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. പ്രോഗ്രാം കോഡിനേറ്റർ അൻസൽ പുളിക്കൽ സെമിനാറിന് ടെക്നിക്കൽ അസിസ്റ്റൻസ് നൽകി.

## ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ

മാസാദ്യ ഞായറാഴ്ച ആലക്കോട് ബധിരക്കൂട്ടായ്മയിലെ ആളുകൾ ഒന്നു ചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുകയും, ബൈബിൾ പഠനം നടത്തുകയും ചെയ്തു.

## ലോകസഭാ തിരഞ്ഞെടുപ്പ് 2024

ആസന്നമായ ലോകസഭ തെരഞ്ഞെടുപ്പിൽ ഭിന്നശേഷി വിഭാഗത്തിൽപെട്ടവർക്ക് അറിയിപ്പുകൾ നൽകുവാനായി കാസർഗോഡ് ജില്ലാ കലക്ടറുടെ നിർദ്ദേശപ്രകാരം 6–ാം തീയതി തിരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും വോട്ടവകാശം ഉപയോഗിക്കേണ്ട പൗരധർമ്മത്തെക്കുറിച്ചും ആംഗ്യഭാഷയിൽ ബധിര സമൂഹത്തിനായി സന്ദേശം നൽകുവാൻ കലക്ടർക്ക് സഹായം നൽകുകയും ചെയ്തു.

## ജീവോദയ സ്പെഷ്യൽ സ്കൂൾ കാഞ്ഞങ്ങാട്

7–ാം തീയതി വ്യാഴാഴ്ച ജീവോദയ ചാരിറ്റബിൾ ട്രസ്റ്റ് ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സ്പെഷ്യൽ സ്കൂളിന്റെ 6–ാം വാർഷിക

ആഘോഷത്തിൽ പങ്കുചേർന്ന് അനുഗ്രഹപ്രഭാഷണം നടത്തി. വിവിധ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ നേതൃത്വം നൽകുന്നവർ പ്രോഗ്രാമിൽ പങ്കുചേർന്നു കുട്ടികളുടെ കലാപരിപാടികൾ വാർഷിക ആഘോഷത്തിന് മനോഹാരിത നൽകി. 47 ഭിന്നശേഷി കുഞ്ഞുങ്ങൾക്ക് ജീവോദയ ചാരിറ്റബിൾ ട്രസ്റ്റ് കരുത്തും, സ്വാന്തനവും, അഭയവും നൽകുന്നു. മാനേജിംഗ് ട്രസ്റ്റി ശ്രീ. ജോസ് കൊട്ടാരത്തിനും ട്രസ്റ്റ് അംഗങ്ങൾക്കും, ഉപകാരികൾക്കും അഭിനന്ദനങ്ങൾ.

**ബാംഗ്ലൂർ മിഷൻ :** 2-ാം ഞായറാഴ്ച ബാംഗ്ലൂർ മിഷൻ അംഗങ്ങൾക്കായി വി. കുർബാന അർപ്പിക്കുകയും, നോമ്പിന്റെ ചൈതന്യത്തിൽ കുരിശിന്റെ വഴി നടത്തുകയും ചെയ്തു.

## സ്റ്റെല്ല മാരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

12-ാം തീയതി ചൊവ്വാഴ്ച സ്കൂൾ കെ.ജി. സെക്ഷൻ ഗ്രാജുവേഷൻ പ്രോഗ്രാമിൽ പങ്കുചേർന്ന് കുട്ടികൾക്ക് അഭിനന്ദനങ്ങൾ നേരുകയും സംസ്ഥാനതലത്തിൽ ഷോട്ട്പുട്ട് മത്സരത്തിൽ വെള്ളി കരസ്ഥമാക്കിയ കുമാരി ദേവശ്രീ ദേവദാസിന് അഭിനന്ദനങ്ങളും ഉപഹാരങ്ങളും നൽകി ആദരിക്കുകയും ചെയ്തു. ആദം മിനിസ്ട്രിയെക്കുറിച്ചും ഭിന്നശേഷി കുട്ടികളോടുള്ള നമ്മുടെ മനോഭാവത്തെക്കുറിച്ച് സംസാരിക്കുകയും, ആംഗ്യഭാഷയിൽ ആശംസകൾ നൽകുവാൻ കുട്ടികളെ പഠിപ്പിക്കുകയും ചെയ്തു.

## ആശാഭവൻ സ്പെഷ്യൽ സ്കൂൾ വാർഷിക ആഘോഷം

14-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം കരുവഞ്ചാൽ ആശാഭവൻ സ്പെഷൽ സ്കൂൾ അങ്കണത്തിൽ നടത്തപ്പെട്ട 40-ാം വാർഷിക ആഘോഷത്തിൽ പങ്കുചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ സി. മേഴ്സി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തിരുഹൃദയ സന്യാസിനി സമൂഹ വിദ്യാഭ്യാസ കൗൺസിലർ സി. ഗ്രേസി ചെല്ലങ്കോട് അധ്യക്ഷപദം അലങ്കരിച്ചു. കുട്ടികളുടെ അതിമനോഹരമായ കലാപരിപാടികൾ 40-ാം വാർഷിക ആഘോഷത്തിന് തിളക്കം നൽകി. സി. ലിസ്ജോ സ്വാഗതവും സി. മെർലിൻ നന്ദിയും പറഞ്ഞു. ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾക്കായി നിസ്വാർത്ഥമായ സേവനം കാഴ്ചവയ്ക്കുന്ന ആശാഭവൻ മാനേജിംഗ് ടീം അംഗങ്ങൾക്കും സ്റ്റാഫ് അംഗങ്ങൾക്കും തലശ്ശേരി അതിരൂപത ഭിന്നശേഷി ശാക്തീകരണ വിഭാഗം ആദം മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

## ഫാമിലി കൗൺസിലിംഗ്

16-ാം തീയതി ശനിയാഴ്ച ബത്തേരി ഡിഎം കോൺവെന്റിൽ വച്ച് വയനാട് ഭാഗത്തുള്ള ബധിര ദമ്പതികൾക്ക് കൗൺസിലിംഗ് നൽകി.

**മലയാറ്റൂർ തീർത്ഥാടനം :** കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 6-മത് മലയാറ്റൂർ തീർത്ഥാടനം

പതിനേഴാം തീയതി ഞായറാഴ്ച രാവിലെ 8:30ന് അടിവാരത്തു നിന്നും ആരംഭിച്ചു. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 350 ഓളം ബധിര വിശ്വാസ സമൂഹം കുരിശിന്റെ വഴിയിൽ പങ്കുചേർന്നു.

**ബോംബെ മിഷൻ**

ഇന്ത്യയിലെ ആദ്യ ബധിര കാത്തലിക് കൂട്ടായ്മയായ ബോംബെ കാത്തലിക് ഡഫ് അസോസിയേഷനിലെ അംഗങ്ങൾക്കായി ഓശാന ഞായറാഴ്ചയിലെ തിരുക്കർമ്മങ്ങൾ ആംഗ്യഭാഷയിൽ നൽകുകയും വലിയ ആഴ്ചയിലേക്ക് പ്രവേശിക്കുന്നവർക്കായി കുമ്പസാരത്തിന് അവസരം നൽകുകയും ചെയ്തു. സ്പിരിചൽ ഫാദർ ജെറി ഓണമ്പള്ളി, ആനിമേറ്റർ ഡോക്ടർ മാർട്ടിൻ മാത്യു തുടങ്ങിയവർ ശുശ്രൂഷകൾക്ക് സഹായം നൽകി. ആംഗ്യഭാഷയിലെ ആത്മീയ ശുശ്രൂഷകൾക്ക് പ്രാരംഭം കുറിച്ച ബോംബെ ബി സി ഡി അംഗങ്ങളോടൊപ്പം വീണ്ടും ബലിയർപ്പിക്കുവാൻ സാധിച്ചതിൽ ഏവരും സന്തോഷം പ്രകടിപ്പിച്ചു.

**ലിറ്റിൽ ഫ്ലവർ ഡഫ് സ്കൂൾ വാറങ്കൽ**

26, 27, 28 തീയതികളിൽ ആയി വാറങ്കൽ സ്കൂളിലെ ബധിര വിദ്യാർത്ഥികൾക്കായി വ്യക്തിത്വ വികസന സെമിനാർ സംഘടിപ്പിച്ചു. 150 ഓളം കുട്ടികൾ സെമിനാറിൽ പങ്കുചേർന്നു. കൗൺസിലിംഗ് ആവശ്യമായ കുട്ടികൾക്ക് തുടർന്നുള്ള ദിവസങ്ങളിൽ കൗൺസിലിംഗ് നൽകി.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# ഫ്രാൻസിസ്ക്കൻ അല്മായ സഭ (SFO)

"ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16:24)

ദാരിദ്ര്യമാകുന്ന മണവാട്ടിയെ പ്രേമിച്ച വി. ഫ്രാൻസീസ് ഈ വചനം ഹൃദയത്തിലേറ്റു വാങ്ങി തനിക്കു ചുറ്റും കൂടിയവർക്ക് തനിക്കുള്ളതു മുഴുവൻ നൽകി. എന്നിട്ടും പിൻതുടർന്നവരെ ആട്ടിപ്പായിക്കാതെ തന്റെ വിലയേറിയ പട്ടുവസ്ത്രങ്ങൾ നൽകി. അവരിലൊരാളുടെ കീറത്തുണിയും ധരിച്ച് കുഷ്ഠരോഗികളുടെ കേന്ദ്രത്തിലേക്ക്... അവിടെ ആരംഭിച്ച സമർപ്പിത ജീവിതത്തിന്റെ വിശുദ്ധമായ മറ്റൊലി 841 വർഷങ്ങൾ പിന്നിട്ടിട്ടും ലോക യുവജനതയെ ആവേശം കൊള്ളിക്കുന്നു.

വിശുദ്ധ ഫ്രാൻസീസിന്റെ ചൈതന്യം ഉൾക്കൊണ്ട് ജീവിതത്തിൽ മുന്നേറാൻ സഹായിക്കുന്ന രീതിയിലുള്ള ധ്യാനം 2024 മാർച്ച് 11 മുതൽ 15 വരെ പട്ടാരം വിമലഗിരി കപ്പൂച്ചിൻ ധ്യാന കേന്ദ്രത്തിൽവച്ച് നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട സിസ്റ്റേഴ്സും പങ്കെടുക്കുകയുണ്ടായി. പ്രശസ്ത ധ്യാനഗുരുവായ ഫാ. ജോസ് വേളാച്ചേരിയാണ് ധ്യാനം നയിച്ചത്. ഫാ. ജോസ് തച്ചുകുന്നേൽ, ഫാ. വിൻസെന്റ് മറ്റത്തിക്കുന്നേൽ, ഫാ. നിഖിൽ ചേരാടി, ഫാ. ലിപിൻ, ഫാ. ജോജോ എന്നിവർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

ധ്യാനത്തിന്റെ അവസാന ദിവസം 8 പേർക്ക് സഭാപ്രവേശനവും 2 പേർക്ക് നിത്യവ്രതവും നൽകി. അൻപതുനോമ്പ് കൂടുതൽ ചൈതന്യത്തോടെ ആചരിക്കുവാൻ ധ്യാനത്തിൽ പങ്കെടുത്ത എല്ലാ സഭാംഗങ്ങൾക്കും പ്രചോദനമായി. ധ്യാനത്തിൽ പങ്കെടുത്ത സഭാംഗങ്ങൾ അല്ലാത്തവരും സഭയിൽ അംഗങ്ങളാകുവാൻ താല്പര്യം അറിയിച്ചു.

ധ്യാന വിജയത്തിനായി പ്രാർത്ഥിച്ച എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ബ്ര. യേശുദാസ് ഇല്ലിക്കൽ**
അതിരൂപതാ മിനിസ്റ്റർ

**ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ**
അതിരൂപതാ ആത്മീയസഹായി

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

### കെസിബിസി ലഹരിവിരുദ്ധ ഞായർ

കെസിബിസി മദ്യവിരുദ്ധസമിതിയുടെ ആഹ്വാനം അനുസരിച്ച് ലഹരിവിരുദ്ധ ഞായർ തലശ്ശേരി അതിരൂപതയിൽ ഫെബ്രുവരി 25ന് ഉചിതമായ രീതിയിൽ ആചരിച്ചു. അതിരൂപത തലത്തിലുള്ള പരിപാടികൾ മാർ ജോസഫ് പാംപ്ലാനി പിതാവ് പച്ചാണി സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് ഉദ്ഘാടനം നടത്തി. ലഹരി വിരുദ്ധ സന്ദേശം, പ്രതിജ്ഞ തുടങ്ങിയവ ദിനാചരണത്തിന്റെ ഭാഗമായി നടത്തി. പച്ചാണി സെന്റ് മേരീസ് ദേവാലയ വികാരി ഫാ. ജോജി കിഴക്കരക്കാട്ട്, അതിരൂപത എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു കാരിക്കൽ, അതിരൂപത, ശാഖ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി. കൂടാതെ പച്ചാണി ഇടവക ഉൾപ്പെടുന്ന മേരിഗിരി ഫൊറോനയിലും അതിരൂപതയിലെ മറ്റ് ഇടവകകളിലും ഉചിതമായ രീതിയിൽ ലഹരി വിരുദ്ധ ദിന പരിപാടികൾ സംഘടിപ്പിച്ചു.

### സന്ദർശനം

കെസിബിസി മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി റവ. ഫാ. ജോൺ അരീക്കൽ തലശ്ശേരി അതിരൂപതയിൽ സന്ദർശനം നടത്തി. അതിരൂപതാ തലത്തിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി.

തലശേരി അതിരൂപതയിലെ ആദ്യകാല മദ്യവിരുദ്ധ സമിതി അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു. ബഹു. അച്ചന്റെ സന്ദർശനം തലശ്ശേരി അതിരൂപത മദ്യവിരുദ്ധ സമിതിയെ സംബന്ധിച്ചിടത്തോളം കൂടുതൽ ഉത്തേജനവും പ്രചോദനവും നൽകുന്ന ഒന്നായിരുന്നു.

### മലബാർ റീജണൽ മീറ്റിംഗ്

മലബാറിലെ കണ്ണൂർ, തലശ്ശേരി, മാനന്തവാടി, ബത്തേരി, രൂപതകളിലെ ഡയറക്ടർ അച്ചൻമാരുടെയും, രൂപതകളിലെ ഭാരവാഹി

കളുടെയും സംയുക്തസമ്മേളനം ഫെബ്രുവരി മാസം 27-ാം തീയതി ചൊവ്വാഴ്ച പ്രതീക്ഷയിൽ വച്ച് നടത്തി. ഓരോ രൂപതകളിലും നടത്തി വരുന്ന പ്രവർത്തനങ്ങൾ പങ്കുവെച്ചു. ഓരോ രൂപതകളും അഭിമുഖീകരി ക്കുന്ന വെല്ലുവിളികളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും സംസാരിച്ചു. ഒന്നിച്ച് കൂടുതൽ സഹകരണത്തോടെ മുന്നോട്ടു പോകുവാൻ യോഗം തീരുമാനിച്ചു. അടുത്ത മീറ്റിംഗ് ഏപ്രിൽ മാസം 26-ന് മാനന്തവാടി രൂപതയുടെ കീഴിലുള്ള ബോയ്സ് ടൗണിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. മീറ്റിങ്ങുകൾക്ക് സംസ്ഥാന ജനറൽ സെക്രട്ടറി റവ. ഫാ. ജോൺ അരീക്കൽ അച്ചൻ നേതൃത്വം നൽകി.

### ലഹരിവിരുദ്ധ സംഗമം

മാർച്ച് മാസം 4-ാം തീയതി പ്രതീക്ഷയിൽ മദ്യപാനരോഗ ചികിത്സക്ക് വിധേയമായ ആളുകളുടെ കൂട്ടായ്മ സംഘടിപ്പിച്ചു. ചെമ്പേരി സ്വദേശി ശ്രീ. ജോസ് മേവട ക്ലാസുകൾക്ക് നേതൃത്വം കൊടുക്കുകയും യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 50 ഓളം ലഹരിമുക്ത ജീവിതം നയിക്കുന്ന ആളുകൾ മീറ്റിങ്ങിൽ പങ്കെടുത്തു. പ്രതീക്ഷയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു കാരിക്കൽ അധ്യക്ഷത വഹിച്ചു. സ്റ്റാഫ് അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം കൊടുത്തു

### ഇടവക സന്ദർശനം

കെസിബിസി മദ്യവിരുദ്ധ സമിതിയുടെ അതിരൂപത എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു കാരിക്കൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പുന്നക്കുന്ന്, തേർമല, അതിരുമാവ് തുടങ്ങിയ ഇടവകകൾ സന്ദർശിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകുകയും ചെയ്തു.

**ഫാ. മാത്യു കാരിക്കൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ എക്സി. ഡയറക്ടർ

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

## ടി. എസ്. എസ്. എസ്.

### മേഖലാസന്ദർശനങ്ങൾ

ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്തും വെള്ളരിക്കുണ്ട് മേഖലയിലെ എല്ലാ യൂണിറ്റുകളും സന്ദർശിച്ചു.

### SHG & JLG ലോണുകൾക്കായുള്ള ക്രെഡിറ്റ് ലിങ്കേജ്

ഏറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന കർഷക സമൂഹത്തിന് കൈത്താങ്ങായി SHG & JLG ലോണുകളുടെ ക്രെഡിറ്റ് ലിങ്കേജ് പ്രവർത്തനങ്ങൾ ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ തുടരുന്നു. ലോണുകൾക്കായുള്ള ഡോക്യുമെന്റ് വെരിഫിക്കേഷൻ എല്ലാ റീജിയണുകളുടെയും ഇതിനോടകംതന്നെ പൂർത്തിയായിട്ടുണ്ട്. 220 JLG കളിലായി 1100 ആളുകൾക്ക് 6 കോടി 60 ലക്ഷം രൂപയുടെ ലോണുകൾ കാനറാ ബാങ്ക് ഇരിക്കൂർ ബ്രാഞ്ചുമായി സഹകരിച്ചു നൽകിവരുന്നു. അതോടൊപ്പംതന്നെ 25 SHG കളിലായിട്ടുള്ള 270 ഓളം അംഗങ്ങൾക്ക് 2 കോടി 70 ലക്ഷം രൂപയുടെ ലോണിനായി ധനലക്ഷ്മി ബാങ്ക് തലശ്ശേരി, ചീമേനി ബ്രാഞ്ചുകളിലൂടെ ക്രെഡിറ്റ് ലിങ്കേജ് നടത്തിവരുന്നു.

### സജീവം

സജീവം ലഹരി വിരുദ്ധ കാമ്പയിന്റെ ഭാഗമായി വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം തടയുന്നതിനും യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ഒരു റേഡിയോ പ്രോഗ്രാം തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനായ റേഡിയോ ഫോർയൂ 89.6 സ്റ്റേഷനിൽവെച്ച് നടത്തി. ടിഎസ്എസ് എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, റേഡിയോ ഫോർ യൂ 89.6 സ്റ്റേഷൻ ഡയറക്ടർ ഫാ. ജോമിഷ് നൂറമ്മാക്കൽ, കാരിത്താസ് ഇന്ത്യയുടെ സംസ്ഥാന കോർഡിനേറ്റർ ശ്രീ. അബീഷ് ആന്റണി, സജീവം ലഹരി വിരുദ്ധ കാമ്പയിൻ സംസ്ഥാന കോർഡിനേറ്റർ ശ്രീ. സജോ ജോയ്, എന്നിവർ മുഖ്യാതിഥികളായി.

**ആശാകിരണം ഇൻഷുറൻസ് പദ്ധതി**

ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ കെയർഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി ചേർന്നുള്ള ആശാകിരണം ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് പോകുന്നു. തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരും നിരവധി ആളുകളും കെയർ ഹെൽത്ത് പോളിസിയിൽ ഇതിനോടകംതന്നെ അംഗങ്ങൾ ആയിട്ടുണ്ട്. കൂടുതൽ ആളുകൾ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സേവനങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി ടിഎസ്എസ്എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്തിനെയോ (9645408161) ഓഫീസ് സ്റ്റാഫ് ഹെലനെയോ (9656282859) ബന്ധപ്പെടാവുന്നതാണ്.

**കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

ഇതാ ഒരു സുവർണാവസരം... റേഡിയോ ഫോർ യു 89.6 FM ൽ കുട്ടികൾക്ക് പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ അവസരം. റേഡിയോ ഫോർ യു 89.6 FM ൽ അവധിക്കാലത്ത് കുട്ടികൾക്ക് കഥ, കവിത, കഥാപ്രസംഗം, സംഗീതം, പ്രസംഗം, തുടങ്ങിയ പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ അവസരം ഉണ്ടായിരിക്കും. അവതരിപ്പിക്കാൻ താല്പര്യമുള്ളവർ താഴെക്കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

9495482485 – ഫാ. ജോമിഷ് നൂറമ്മാക്കൽ

9400608896 – ഓഫീസ്, റേഡിയോ ഫോർയൂ 89.6

**കാൻസർ പരിശോധനാക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പുകളുടെ ഭാഗമായി ഫെബ്രുവരി 4–ാം തീയതി തോമാപുരം ടിഎസ്എസ്എസ് ഓഫീസിൽവച്ച് നടത്തപ്പെട്ടു.

**മെഗാമെഡിക്കൽ ക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയും, അഞ്ചരക്കണ്ടി മെഡിക്കൽ കോളേജും ചേർന്ന് മാർച്ച് 10–ാം തീയതി രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ കരിക്കോട്ടക്കരി പള്ളിയിൽ വെച്ച് മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. അസ്ഥിരോഗ വിഭാഗം, ജനറൽ മെഡിസിൻ, ഇഎൻടി, നേത്രരോഗം, ഗൈനക്കോളജി, ശിശുരോഗം, ജനറൽ സർജറി എന്നിങ്ങനെ ഏഴ് വിഭാഗങ്ങളിൽ സൗജന്യമായി പരിശോധനകൾ നടത്തി. തുടർന്നും അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽ, തീർത്തും നിർധനരായവർക്കു സൗജന്യമായി ചികിത്സയും നടത്താൻ സാധിക്കുന്നതാണ്.

**പുരപ്പുറ (Rooftop) സോളാർ പദ്ധതി**

കേന്ദ്ര ഗവൺമെന്റിൽനിന്നും 78000 രൂപ സബ്സീഡി ലഭിക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതി (Rooftop Solar Power Plant Project) തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി വഴി നടപ്പാക്കുന്നു. ഒരു സാധാരണ കുടുംബത്തിന് വേണ്ടിവരുന്ന സോളാർ പവർ യൂണിറ്റ് 3 ഗണജയാണ്. ഏറ്റവും നൂതനമായ Monocrystalline സോളാർ പാനലുകൾ വച്ചുള്ള പവർ പ്ലാൻറ് സോഷ്യൽ സർവീസ് സൊസൈറ്റി വഴി ലഭിക്കുന്നതാണ്. സോഷ്യൽ സർവീസ് സൊസൈറ്റി വഴി പദ്ധതി നിർവഹണ ഏജൻസിക്കു 112500 രൂപ നൽകി ഇതിന്റെ ഗുണഭോക്താവാകാം. ഇതിൽ ഒരു ലക്ഷം രൂപ കാനറാ ബാങ്കിൽനിന്നും ലോണായി എടുക്കാൻ സഹായിക്കുന്നതാണ്. 5 വർഷ ത്തേക്ക് എല്ലാ മാസവും 1980 രൂപ വെച്ചാണ് തിരിച്ചടവ് വരിക.

**നമ്മുടെ വീട്**

ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും വലിയ സ്വപ്നമാണ് വീട് എന്നുള്ളത്. നമുക്ക് ചുറ്റും സുരക്ഷിതമായി വസിക്കാൻ ഒരു വീട് ഇല്ലാതെ ബുദ്ധിമുട്ടുന്ന ഒട്ടേറെ ആളുകൾ ഉണ്ട്. അവരുടെ 'വീട്' എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നമ്മുടെ വീട് പദ്ധതിയിൽ നമുക്ക് ഒന്നിക്കാം കൈകോർക്കാം... ഇതിനായി ഒരാൾ ഒരു വർഷം 1000 രൂപ മുടക്കിയാൽ മതിയാകും. അങ്ങനെ 2024ൽ പതിനായിരം പേരെ കണ്ടെത്താൻ സാധിച്ചാൽ, എല്ലാമാസവും വീട് ഇല്ലാത്ത സഹോദരങ്ങൾക്ക് നമുക്ക് വീട് പണിത് നൽകാനാകും.

'നമ്മുടെ വീട്' ഭവനനിർമ്മാണ പദ്ധതിയിൽ മൂന്ന് വീടുകളുടെ പണി ടിഎസ്എസ്എസ് നൽകിയ സ്ഥലത്ത് ഇതിനോടകം തന്നെ ആരംഭിച്ചു കഴിഞ്ഞു. ബാക്കി ഒമ്പത് വീടുകൾ തോമാപുരത്ത് മലേപറമ്പിൽ സാജൻ മാത്യു സൗജന്യമായി നല്കിയ സ്ഥലത്ത് പണിയുന്നതിനായി സ്ഥലം ലെവൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ആഘോഷവേളകളിൽ നമ്മൾ ചിലവഴിക്കുന്ന തുകയിൽ നിന്നും ചെറിയ ഒരു വിഹിതം മാറ്റി വയ്ക്കാൻ സാധിച്ചാൽ അതു നിരവധി കുടുംബങ്ങൾക്ക് തണലായിരിക്കും. നമ്മുടെ 'വീട്'പദ്ധതിയിൽ അംഗങ്ങൾ ആകുവാൻ നിങ്ങളെ ഓരോരുത്തരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**കർഷകരുമായുള്ള മുഖാമുഖം പരിപാടി**

മാർച്ച് 2 ന് ആലപ്പുഴയിൽ വച്ചു നടന്ന മുഖ്യമന്ത്രിയുടെ കർഷക രുമായുള്ള മുഖാമുഖം പരിപാടിയിൽ ടിഎസ്എസ്എസിനെ പ്രതിനിധീ കരിച്ച് അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്തും, ശ്രീ. തോമസ് ജോണും പങ്കെടുത്തു.

**ഫാ. ബിബിൻ വരമ്പകത്ത്**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ഡെവലപ്പ്മെന്റ് പെർമിറ്റ്**

കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന് വ്യവസായവകുപ്പിൽ നിന്നും അനുമതിയും ഡെവലപ്പ്മെന്റ് പെർമിറ്റും ലഭിച്ചു. പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിനു 10 എക്കർ സ്ഥലം തലശ്ശേരി അതിരൂപത നൽകുമ്പോൾ പാർക്കിന്റെ വികസന ങ്ങൾക്കായി വ്യവസായ വകുപ്പ് 3 കോടി രൂപ ഈ പദ്ധതിയിലേക്ക് നൽകുന്നു. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയു ടെയും ഹരിത ചരിറ്റിബിൾ ട്രസ്റ്റിന്റെയും നേതൃത്വത്തിൽ ആരംഭി ക്കുന്ന ഇൻഡസ്ട്രിയൽ പാർക്കിലൂടെ സംസ്ഥാന ഗവൺമെന്റും തലശ്ശേരി അതിരൂപതയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കൊണ്ട് ഒരു വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തി സംരംഭകർക്ക് പ്രോത്സാഹനം നൽകാനാണ് ലക്ഷ്യം വെക്കുന്നത്. പുതിയ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഏകജാലകത്തിലൂടെ വേഗത്തിൽ അനുവാദം ലഭിക്കും.

കണ്ണൂർ മയ്യിൽ വെച്ചു നടന്ന വ്യവസായ നിക്ഷേപക സംഗമ ത്തിൽ തലശ്ശേരി അതിരൂപത വികാരി ജനറാളും കമ്പനിയുടെ ചെയർ മാനുമായ മോൺ. സിബി പാലാക്കുഴിയച്ചനും, ബോർഡ് മെമ്പർ പി.ടി. ജോസ് സാറും ചേർന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യയിൽ നിന്നും ഡെവലപ്പ്മെന്റ് പെർമിറ്റ് ഏറ്റുവാങ്ങി.

**SFAC ഇൻസ്പെക്ഷൻ**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയിൽ തിരുവന്തപുരത്തുനിന്നും സ്മോൾ ഫാർമേഴ്സ് അഗ്രിബിസ്സിനസ്സ് കൺസോർഷ്യം (SFAC) ടീമംഗങ്ങൾ ഇൻസ്പെക്ഷൻ നടത്തി. ടീമംഗങ്ങൾ ബയോ മൗണ്ടന്റെ പ്രവർത്തങ്ങൾ വിലയിരുത്തുകയും

അഭിനന്ദിക്കുകയും ചെയ്തു. ഇതുവഴി നാൽപതുലക്ഷത്തോളം രൂപ സബ്സിഡി ആയി ലഭിക്കുവാൻ കമ്പനിക്ക് അർഹത ലഭിച്ചു.

**സൺഡേസ്റ്റാൾ**

ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ ബയോ മൗണ്ടൻ ഉത്പന്നങ്ങളുടെ വിപണനത്തിനായി എടൂർ, പൈസക്കരി, പടുപ്പ് എന്നിവിടങ്ങളിൽ സൺഡേ സ്റ്റാൾ ആരംഭിക്കുകയുണ്ടായി. ഈ യൂണിറ്റുകളിലെ ബഹു. വൈദികർക്കും ടിഎസ്എസ്എസ് പ്രവർത്തകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. പള്ളിയിൽ വരുന്നവർക്ക് പള്ളിമുറ്റത്തുനിന്നുതന്നെ ബയോ മൗണ്ടൻ ഉത്പന്നങ്ങൾ വാങ്ങിക്കാൻ ഇതുവഴി സാധിക്കുന്നതാണ്.

**സ്പൈസസ് യൂണിറ്റ്**

സ്പൈസസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ മുൻപോട്ട് നീങ്ങുകയാണ്. ബയോ മൗണ്ടന്റെ ഉത്പന്നങ്ങൾ എല്ലാ ടി എസ് എസ്എസ് ഓഫീസുകളിലും ലഭ്യമാണ്. ഡിസംബർ 22 മുതൽ 15 ഓളം കറി പൗഡറുകളുടെ വിതരണം വ്യാപകമായി ചെയ്തു തുടങ്ങി. കറി പൗഡറുകൾക്ക് നല്ല രീതിയിൽ ഉള്ള പ്രതികരങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിനായി പ്രവർത്തിക്കുന്ന ബഹു. ലൂക്കോസ് മാടശേരി അച്ചനെയും പ്രൊഡക്ഷൻ യൂണിറ്റിലെ ജീവനക്കാരെയും അഭിനന്ദിക്കുന്നു.

**പരസ്പര സഹായ നിധി**

ബയോമൗണ്ടന്റെ ഷെയർ എടുക്കുവാനായി എല്ലാ ഇടവകകളിലും 13 അല്ലെങ്കിൽ 26 വ്യക്തികളെ ചേർത്തുകൊണ്ട് വികാരിയച്ചന്മാരുടെ പേരിൽ പരസ്പരസഹായനിധി ആരംഭിക്കണമെന്ന് അപേക്ഷിക്കുന്നു. ടിഎസ് എസ്എസ് ഉള്ള സ്ഥലങ്ങളിൽ ടിഎസ്എസ്എസ് ഭാരവാഹികളെ ഉത്തരവാദിത്തം ഏൽപ്പിക്കാനും, ഇല്ലാത്ത സ്ഥലങ്ങളിൽ മറ്റ് സംഘടനകളെയോ വ്യക്തികളെയോ ഉത്തരവാദിത്തം എൽപ്പിക്കാനും വികാരിയച്ചന്മാരുടെ സഹായം അപേക്ഷിക്കുന്നു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ മാനേജിംഗ്*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2024 ഏപ്രിൽ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| ഏപ്രിൽ | 06 | : പ്രാർത്ഥനാദിനം (Live 6-9 pm) |
| | 07-11 | : ആന്തരീക സൗഖ്യ ധ്യാനം |
| | 13 | : വചനാഗ്നി (Live 9 am -2.30 pm, 6-9 pm) ഏകദിന കൺവെൻഷൻ |
| | 14-17 | : കന്നട ധ്യാനം |
| | 20 | : പ്രാർത്ഥനാദിനം (Live 6-9 pm) |
| | 21-25 | : ആന്തരീക സൗഖ്യ ധ്യാനം |
| | 26-28 | : വാരാന്ത്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| ഏപ്രിൽ | 06-10 | : ആന്തരീക സൗഖ്യ ധ്യാനം |
| | 06, 20 | : ഏകദിന ധ്യാനം |
| | 12-16 | : ക്രിസ്റ്റീൻ ധ്യാനം |
| | 19 | : പ്രേഷിത കൂട്ടായ്മ |
| | 20-24 | : ആന്തരീക സൗഖ്യ ധ്യാനം |
| | 26 | : ജാഗരണ പ്രാർത്ഥന |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | |
|---|---|---|
| ഏപ്രിൽ | 06 | : ഏകദിന ധ്യാനം (9 am - 2 pm) |
| | 07-10 | : ആന്തരിക സൗഖ്യാനുഭവ ധ്യാനം (ഞായർ 4 മണി മുതൽ ബുധൻ 12 മണി വരെ) |
| | 12 | : മദ്ധ്യസ്ഥപ്രാർത്ഥന (2 pm - 4 pm) |
| | 25-27 | : ക്രിസ്റ്റീൻ നവീകരണ ധ്യാനം |
| | 27 | : പ്രേഷിത കൂട്ടായ്മ (2 pm - 4 pm) |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | |
|---|---|---|
| ഏപ്രിൽ | 06 | : ഏകദിന ശുശ്രൂഷ (അഖണ്ഡ ജപമാല, Spiritual Sharing) |
| | 12 | : ജാഗരണ പ്രാർത്ഥന |
| | 14-18 | : ആന്തരീക സൗഖ്യ ധ്യാനം |
| | 27-29 | : കുടുംബ നവീകരണ ധ്യാനം (Angels Retreat - 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും) |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഫെബ്രുവരി 2024

21 ആര്യപറമ്പ് ഇടവകയിൽ നിര്യാതനായ ശ്രീ. ജെയിംസ് എടാട്ടിന്റെ മൃത സംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

22 എ.കെ.സി.സിയുടെ നേതൃത്വത്തിൽ വന്യജീവി ആക്രമണങ്ങൾക്കെതിരെ കൽപറ്റയിൽ സംഘടിപ്പിച്ച റാലി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

23 തലശ്ശേരി അമല പ്രൊലൈഫും ലവീത്താ മിനിസ്ട്രിയും പേരാവൂർ ഫൊറോനാ പള്ളിയും സംയുക്തമായി സംഘടിപ്പിച്ച ജീവന്റെ സംരക്ഷണത്തിനായുള്ള ജപമാലയിലും ആരാധനയിലും സംബന്ധിച്ചു. വായാട്ടുപറമ്പ് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന മാവുംചാൽ, വിജയപുരം, അൽഫോൻസഗിരി, വായാട്ടുപറമ്പ് ഇടവകകൾ സന്ദർശിച്ചു.

24 അതിരൂപതാ കോർപറേറ്റ് സ്കൂളുകളിൽനിന്നും ഈ വർഷം വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം മാഹി തീർത്ഥാടന ദൈവാലയം ബസലിക്കാ ദൈവാലയമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുത്തു.

25 പച്ചാണി ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. പുലിക്കുരുമ്പ ഇടവകയിൽ നിര്യാതനായ ശ്രീ. മാത്യു വടക്കേമുറിയിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം വായാട്ടുപറമ്പ് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന കരുണാപുരം, തടിക്കടവ്, കരുവഞ്ചാൽ, വെള്ളാട്, പാത്തൻപാറ ഇടവകകൾ സന്ദർശിച്ചു.

27 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

28 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

### മാർച്ച് 2024

01 പനത്തടി ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന പടിമരുത്, കൊട്ടോടി, കള്ളാർ, അടോട്ടുകയം, പുല്ലടി ഇടവകകൾ സന്ദർശിച്ചു

02 ഇരിട്ടി കല്ലുംമുട്ടിയിൽവച്ച് എസ്.എൻ.ഡി.പിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനവും കർഷകരെ ആദരിക്കുന്ന ചടങ്ങും ഉദ്ഘാടനം ചെയ്തു. തുടർന്ന് കുന്നോത്ത് മേജർ സെമിനാരി സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം തളിപ്പറമ്പ് ഇടവകയിൽ നിര്യാതനായ ശ്രീ. മാത്തച്ചൻ തുളുവനാനിക്കലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം കുന്നുംകൈ ദൈവാലയത്തിൽവച്ച് ശ്രീ. ബിന്നി ജോർജ് വടക്കേത്തൊട്ടിയിലിന്റെ മൃതസംസ്കാര ശുശ്രൂഷാ കർമ്മം നടത്തി. രാത്രി 9 മണിയോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

03 രാവിലെ കണ്ണൂർ രൂപതയുടെ കീഴിലുള്ള ഏഴിമല ദൈവാലയത്തിൽവച്ച് ബഹു. മൊന്തനാരിയച്ചന്റെ അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. വൈകുന്നേരം പനത്തടി ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന കനീലടുക്കം, മേരിപുരം, മാനടുക്കം, പാണത്തൂർ, പനത്തടി ഇടവകകൾ സന്ദർശിച്ചു.

04 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി. പന്ത്രണ്ടു മണിയോടെ അതിരൂപതാ ഐ.ടി. സെല്ലിന്റെ മീറ്റിംഗിൽ അംഗങ്ങൾക്ക് വിവിധ നിർദ്ദേശങ്ങൾ നൽകി. വൈകുന്നേരം ശാലോം ടീവിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂക്യാറ്റ് ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

05 രാവിലെ ചെമ്പേരിയിലെത്തി മോൺ. മാത്യു എം. ചാലിൽ അച്ചന്റെ അനുസ്മരണാർത്ഥം ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് റീജൻസി ബ്രദേഴ്സുമായി കോൺഫറൻസ് നടത്തി. തുടർന്ന് ശാലോം ടീവിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂക്യാറ്റ് ഷൂട്ടിംഗിൽ പങ്കെടുത്തു.

06 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

07 വിളക്കന്നൂർ വിഷയവുമായി ബന്ധപ്പെട്ട് ചേർന്ന തിയോളജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം തളിപ്പറമ്പ് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന പയ്യന്നൂർ, പരിയാരം, തളിപ്പറമ്പ് ഇടവകകൾ സന്ദർശിച്ചു.

08 ഇരിട്ടിയിൽവച്ച് ചേർന്ന കർഷക കൂട്ടായ്മാ ഉപവാസ സമര സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ബാലേശുഗിരി, അമ്മംകുളം, മേലെചൊവ്വ ഇടവകകൾ സന്ദർശിച്ചു.

09 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഫിനാൻസ് കൗൺസിൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് കരുവഞ്ചാൽ ഹോസ്പിറ്റൽ, ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഗവേണിംഗ് ബോഡി മീറ്റിംഗുകൾക്ക് അധ്യക്ഷത വഹിച്ചു. വൈകുന്നേരം തളിപ്പറമ്പിൽവച്ച് ദീപികയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കുടുംബോത്സവം പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

10 പയ്യാവൂർ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം ചെമ്പേരി ചെളിംപറമ്പിൽ പുതുതായി ആരംഭിച്ച അച്ചൂസ് സ്റ്റുഡിയോയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് കരുവഞ്ചാലിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ 1 കോടി രൂപ ധനസഹായം നൽകുന്ന അശ്രയ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

11 കാക്കനാട് വച്ച് ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

12 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചയ്ക്കുശേഷം മണിക്കടവ് ഇടവകയിൽ മരണപ്പെട്ട ശ്രീ. തോമസ് പുന്നൂരിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

13 രാവിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കണ്ണൂരിൽ ചികിത്സയിലായിരിക്കുന്ന ശ്രീ. ഡി.പി ജോസ് സാറിനെ സന്ദർശിച്ചു. വൈകുന്നേരം തലശ്ശേരി ടൗണിൽനിന്നും കത്തീഡ്രൽ ദൈവാലയത്തിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കുചേർന്നു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

14 വെള്ളരിക്കുണ്ട് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ബളാൽ, കനകപ്പള്ളി, പരപ്പ, അട്ടക്കണ്ടം, അട്ടേങ്ങാനം ഇടവകകൾ സന്ദർശിച്ചു.

15 പടന്നക്കാട് റീജിയണൽ ബിഷപ്പ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വെള്ളരിക്കുണ്ട് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ബിരിക്കുളം, കാലിച്ചാമരം, ഭീമനടി, വെള്ളരിക്കുണ്ട്, പുന്നക്കുന്ന് ഇടവകകൾ സന്ദർശിച്ചു.

16 രാവിലെ സന്ദേശഭവനിൽവച്ച് മാര്യേജ് ഗൈഡൻസ് കോഴ്സിന് എത്തിയവർക്കായി ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം ഇരിട്ടിയിൽ പുതുതായി പണികഴിപ്പിച്ച സാൻജോസ് റിവർവ്യൂ ഹൈറ്റ്സിന്റെ വെഞ്ചരിപ്പ് നടത്തി.

17 പരിയാരം ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം പയ്യന്നൂർ ഇടവകയിൽ പണികഴിപ്പിച്ച രണ്ട് ഭവനങ്ങളുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

18 അതിരൂപതാ കേന്ദ്രത്തിൽവച്ച് ഡീക്കന്മാരുടെ കോൺഫറൻസ് നടത്തി.

19 അതിരൂപതാ കേന്ദ്രത്തിൽ പുതുതായി ആരംഭിച്ച നിത്യാരാധനാ ചാപ്പ ലിന്റെ കൂദാശാ കർമ്മം നിർവഹിച്ചു. തുടർന്ന് കത്തീഡ്രൽ ദൈവാലയ ത്തിൽവച്ച് 6 വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻ പട്ടം നൽകി. വൈകു ന്നേരം വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

20 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകു ന്നേരം ആലക്കോട് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ചീക്കാട്, മാമ്പോയിൽ, ജയഗിരി, കാപ്പിമല ഇടവകകൾ സന്ദർശിച്ചു.

APRIL 2024

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 09:00 am | - | Regency Brothers Conference |
| 02 | 09-12 pm | - | Thalassery: Visitors Day |
| | 05:00 pm | - | Charal: Baptism |
| 03 | 09:00 am | - | Vellarikkund: Ordination |
| | 04:00 pm | - | Kolakkad |
| 04 | 10:00 am | - | Karikkottakkary |
| | 04:00 pm | - | Charal: Marriage |
| | 05:30 pm | - | Kunnoth |
| 05 | | - | Ernakulam |
| 06 | 09:30 am | - | Kiliyanthara: SABS Vestition |
| | 04:00 pm | - | Kariappally: Alter Blessing |
| 07 | 09:00 am | - | Anappanthy |
| 08 | 09:00 am | - | Thomapuram: Ordination |
| | 05:00 pm | - | Manippara: Baptism |
| 09 | 09:00 am | - | Kozhichal: Ordination |
| | 05:30 pm | - | Karikkottakkary |
| 10 | 10:00 am | - | KCBC Women’s Day Meeting |
| 11 | 09-12 pm | - | Padannakkad: Visitors Day |
| 12 | 01:00 pm | - | Thrissur: Fiat Mission Convention |
| 13 | 06:00 am | - | Marygiri |
| | 10:00 am | - | Chemperi: Pastoral Council |
| | 04:00 pm | - | Kalanki: Cemetery Blessing |
| 14 | 08:00 am | - | Thabore: Parish Jubilee |
| 15 | 09-12 pm | - | Thalassery: Visitors Day |
| | 04:00 pm | - | Charal: Marriage |

| | | | |
|---|---|---|---|
| 16 | 09:30 am | - | Peravoor: SH Vestition |
| 17 | | - | Minor Seminary Selection Camp |
| 18 | 02:30 pm | - | Alakode: AKCC Annual Day |
| 19 | 09:00 am | - | Goodness T V Shooting |
| | 05:00 pm | - | Mulapra: Cemetery Blessing |
| 20 | 07:30 am | - | Pulingome |
| | 04:00 pm | - | Kanakappally: Marriage |
| 21 | | - | Vaniyappara: Pastoral Visit |
| | 05:00 pm | - | Kunnoth: Marriage |
| 22 | 03:30 pm | - | Manippara: Marriage |
| 23 | 09-12 pm | - | Padannakkad: Visitors Day |
| 24 | 09-12 pm | - | Thalassery: Visitors Day |
| 25 | | - | Cathedral: Minor Orders |
| 26 | | - | Engaged |
| 27 | 05:00 pm | - | Chemperi: KCYM Youth Day |
| 28 | 09:00 am | - | Kappimala: Holy Communion |
| | 04:00 pm | - | Badiyadka: Parish Jubilee |
| 29 | | - | Mundaje |
| 30 | 10:00 am | - | Forane Vicars Meeting |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മാർച്ച് 2024

01 ഉച്ചകഴിഞ്ഞ് നെല്ലിക്കാംപൊയിലിൽ നിര്യാതയായ സി. എൽസി ടോം മംഗലത്ത് സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ശേഷം അവിടെയുള്ള പ്രായമുള്ള സിസ്റ്റേഴ്സിനെ സന്ദർശിച്ചു.

02 ഉച്ചകഴിഞ്ഞ് തളിപ്പറമ്പിൽ നിര്യാതനായ തുളുവനാനിക്കൽ മാത്തച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് മുഖ്യകർമ്മികത്വം വഹിച്ചു. തുടർന്ന് പ്രസ് ക്ലബ്ബിൽ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഫൗണ്ടേഷൻസ് ഏർപ്പെടുത്തിയ എക്സലൻസ് അവാർഡ് പ്രഖ്യാപന സമ്മേളനത്തിന് അധ്യക്ഷ പദവി അലങ്കരിച്ചു.

03 രാവിലെ കുന്നോത്ത് നിര്യാതയായ ഒരപ്പാൻകുഴിമറ്റത്തിൽ ത്രേസ്യാമ്മ യുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

05 ഉച്ചകഴിഞ്ഞ് വായാട്ടുപറമ്പിൽ നിര്യാതയായ തെക്കേതൊട്ടിയിൽ ത്രേസ്യാമ്മയുടെ മൃതസംസ്കാര ശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം വാണിയപ്പാറയിൽ ബഹു. വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

07 ഉച്ചകഴിഞ്ഞ് കുന്നോത്ത് മേജർ സെമിനാരിയിൽ പഠിക്കുന്ന തലശ്ശേരി അതിരൂപതയിലെ ബ്രദേഴ്സിനെ ബിഷപ്പ്സ് ഹൗസിൽ സ്വീകരിക്കുകയും അവരോട് സംസാരിക്കുകയും ചെയ്തു.

09 വൈകുന്നേരം രജതജൂബിലിയുടെ നിറവിൽ ആയിരിക്കുന്ന ബദിയടുക്ക സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് ഇടവകയിലെ ആദ്യകാല കുടിയേറ്റ കുടുംബ ങ്ങളെ ആദരിച്ചു.

10 രാവിലെ തേർമലയിൽ നിര്യാതനായ കാഞ്ഞിരത്താംകുന്നേൽ സെബാസ്റ്റ്യന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം നെടുംപുറംച്ചാലിൽ ബഹു. തോമസ് പതിക്കലച്ചനെ സന്ദർശിച്ചു.

12 വൈകുന്നേരം മണിക്കടവിൽ നിര്യാതനായ കരിക്കോട്ടക്കരി പള്ളി വികാരി ആന്റണി പുന്നൂരച്ചന്റെ പിതാവ് തോമസ് പുന്നൂരിന്റെ മൃത സംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

14 വൈകുന്നേരം തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

15 രാവിലെ ചേറ്റംകുന്ന് ആരാധന മഠത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

16 വൈകുന്നേരം ഇരിട്ടിയിൽ പുതുതായി നിർമ്മിച്ച തലശ്ശേരി അതിരൂപത യുടെ സ്ഥാപനമായ സാൻജോസ് റിവർവ്യൂഹൈറ്റ്സിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും തുടർന്നുള്ള പൊതുസമ്മേളനത്തിന് അധ്യക്ഷ പദവി അലങ്കരിക്കുകയും ചെയ്തു.

17 രാവിലെ കല്ലുമുതിരക്കുന്നിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി ശേഷം എടൂരിൽ ബഹു. മാണി ആട്ടേലച്ചനെ ദർശിച്ചു.

18 വൈകുന്നേരം തലശ്ശേരി ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും ബഹു. ജോസഫ് അച്ചന്മാരുടെയും ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

19. രാവിലെ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ശേഷം പ്രീസ്റ്റ് ഹോമിൽ ബഹു. ജോസഫ് നാമധാരികളായ അച്ചന്മാർക്ക് ആശംസകൾ നേർന്നു.

20 രാവിലെ മാനന്തവാടി ദ്വാരകയിൽ നിര്യാതയായ സി. ഇൻഫന്റ് ട്രീസ എസ്.എച്ച്-ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

25 രാവിലെ ആലക്കോട് വച്ചു നടക്കുന്ന മൂറോൻ തൈലം വെഞ്ചിരിപ്പിൽ പങ്കെടുത്തു.

28 രാവിലെ നസ്രത്ത് കോൺവെന്റിൽ പെസഹാ വ്യാഴാഴ്ചത്തെ തിരുകർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

29 രാവിലെ മാങ്ങോട് ഇടവകയിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

31 രാവിലെ നസ്രത്ത് കോൺവെന്റിൽ ഈസ്റ്റർ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**APRIL 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 03 | 11:45 am | - | Marriage George Sathiyamkulam; Nellickampoyil |
| 04 | 05:00 pm | - | Chapel Blessing; Kunnoth |
| 06 | 08:30 am | - | Holy Mass; St. Jude Nagar Kunnoth |
| 07 | 10:00 am | - | Holy Mass; Kanakakunnu |
| 08 | 10:30 am | - | Marriage Belbin Athickal; Manathavady |
| 10 | 10:00 am | - | First Communion; Manakkadavu |
| 11 | 11:00 am | - | Marriage Anoop Kaithackal; Kuruppumpady Kothamangalam |
| 12 | 04:30 pm | - | Blessing & Holy Mass; Kalanky |
| 14 | 08:00 am | - | First Communion; Thirumeni |
| 15 | 05:00 pm | - | House Blessing; Vembua |
| 16 | 10:00 am | - | First Communion; Karivedakam |
| 17 | 04:30 pm | - | First Communion Shenil Puliyammackal; Edoor |
| 18 | Afternoon | - | First Communion & Baptism; Kunnoth |
| 20 | 10:00 am | - | Lamp Lighting at Josegiri Hospital; Thalassery |
| | 04:30 pm | - | Holy Mass; Kanichar |
| 21 | 09:30 am | - | First Communion; Kabinigiri |
| 23 | 07:00 pm | - | Festal Celebration; Thalassery |
| 24 | | - | Feast Day |
| 26 | 08:30 am | - | Holy Mass; Chundothumpoil |
| 27 | 10:30 am | - | First Communion; Dwaraka |
| 28 | 08:30 am | - | Fist Communion; Thonichal |
| | 04:00 pm | - | Angels Meet; Angadikkadavu |
| 30 | 04:00 pm | - | Baptism & First Communion; Karuvamchal |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### മാർച്ച് 2024

12. മണിക്കടവ് ഇടവകയിൽ നിര്യാതനായ ബഹു. ആന്റണി പുന്നൂരച്ചന്റെ അച്ചന്റെ പ്രിയ പിതാവ് ബഹു. തോമസ് പുന്നൂരിന്റെ ഭവനം സന്ദർശിച്ച് ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

16. വൈകുന്നേരം ഇരിട്ടിയിൽ പുതുതായി നിർമ്മിക്കപ്പെട്ട സാൻജോസ് റിവർവ്യൂ ഹൈറ്റ്സിന്റെ ഉദ്ഘാടനകർമ്മത്തിൽ പങ്കെടുത്ത് ആശംസ കൾ അറിയിച്ച് പ്രാർത്ഥിച്ചു.

18. നിർമലഗിരി കോളേജിൽ നടന്ന സേവനകാലഘട്ടം പൂർത്തിയാക്കി കോളേജിൽ നിന്നും വിരമിക്കുന്ന ക്യാപ്റ്റൻ. ഡോ. സുജ മറിയാമ്മ ജോഷ്വാ, ശ്രീ. പവിത്രൻ നിട്ടൂർ, ശ്രീ. ജോർജ് പി. എന്നിവർക്ക് നൽകിയ യാത്രയയപ്പ് ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തി ആശംസകൾ നേർന്നു.

    വൈകുന്നേരം വി. യൗസേപ്പിതാവിന്റെ നാമഹേതുക തിരുന്നാളിനോടാനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും ബഹു. വൈദികർക്കും തിരുന്നാളിന്റെ ആശംസകൾ നേർന്ന് പ്രാർത്ഥിച്ചു.

19. രാവിലെ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് തലശ്ശേരി അതിരൂപതയിലെ പുതിയ ഡീക്കന്മാരെ സന്ദർശിച്ചു, തുടർന്ന് നടന്ന സ്നേഹവിരുന്നിൽ പങ്കെടുത്തു. വൈകുന്നേരം വി. യൗസേപ്പിതാവിന്റെ തിരുനാൾ അനുബന്ധിച്ച് നടന്ന പ്രദക്ഷിണത്തിൽ പങ്കെടുത്തു തുടർന്ന് നടന്ന സ്നേഹവിരുന്നിൽ പങ്കാളിയായി.

**APRIL 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | | |
|---|---|---|---|
| 06 | 04:00 pm | - | Kalanki: Qurbana |
| 07 | 09:30 am | - | Cherupuzha: Holy Communion |
| | 05:00 pm | - | Alakode: Marriage |
| 09 | 09:30 am | - | Palavayal: Baptism |
| 22 | 10:00 am | - | Thermala: Qurbana |
| 24 | 11:00 am | - | Pottemplavu: Marriage |
| 26 | 04:00 pm | - | Badhiyadukka: Qurbana |

**Secretary to the Archbishop Emeritus**





വി. മൂറോൻതൈല വെഞ്ചരിപ്പ്
സെന്റ് മേരീസ് ഫൊറോനാ ദൈവാലയം, ആലക്കോട്
25 മാർച്ച് 2024



2024 മാർച്ച് 16 ന് ഉദ്ഘാടനം ചെയ്യപ്പെട്ട
തലശ്ശേരി അതിരൂപതയുടെ വ്യാപാരസമുച്ചയം
സാൻജോസ് റിവർ വ്യൂ ഹൈറ്റ്സ്, ഇരിട്ടി

RNI Reg. No. 5910 Date of Publication: 28/03/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 04 വില : ₹10

ഏപ്രിൽ 24 | വി. ഗീവർഗീസ്



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.